Reg. No. C. 101, M. 2293

ഒരുപ്രതിക്ക 2 ണ.

ST. MARY'S C.G.H. SCHOOL
ERNAKULAM.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

| പുസ്തകം 25 | 1127 കന്നി 31 —ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 ഒക്ടോബർ 17 | ലക്കം 10 |
|---|---|---|

## റഷ്യയും ലോകസമാധാനവും

"ഈ സ്റ്റോക്കോം സമാധാനപ്രസ്ഥാനത്തിന്റെ അർത്ഥമെന്തു്? പ്രധാനമായും മൂന്നുദ്ദേശ്യങ്ങളാണു് ഇതിനുള്ളതു്: ഒന്നാമതു് റഷ്യ ഒരു സമാധാനദൂതന്റെ വേഷം കെട്ടുവാൻ ആഗ്രഹിക്കുന്നു. അതു അവളുടെ നയതന്ത്രപരമായ ഒരു ആവശ്യം മാത്രമായിരിക്കാം! രണ്ടാമതായി ഈ ഒപ്പുശേഖരംവഴിയായി, "അമേരിക്കയും മററു സുഹൃദ്‌രാജ്യങ്ങളുമാണു് യുദ്ധക്കൊതിയന്മാർ", എന്നു് ഒരു ധാരണ സാധാരണജനങ്ങളുടെയിടയിൽ ഉളവാക്കുവാൻ സാധിക്കും. മൂന്നാമതായി, കഴിയുമെങ്കിൽ അമേരിക്കയുടെ കൈവശമുള്ള ആററംശേഖരം ഉപയോഗിക്കാതിരിക്കത്തക്കവിധത്തിൽ പൊതുജനാഭിപ്രായത്തെ തിരിച്ചുവിടണം."

(കെ. ററി. സെബാസ്റ്റ്യൻ ബി. എ.)

റഷ്യയുടെ നേതൃത്വത്തിലുള്ള സ്റ്റോക്കോം സമാധാനാഭ്യർത്ഥനയുടെ ഉള്ളുകള്ളികൾ തുറന്നുകാണിച്ചുകൊണ്ടു് "സത്യദീപം" പംക്തികളിലൂടെ പണ്ഡിതോചിതമായ ലേഖനങ്ങൾ പലതും വന്നുകഴിഞ്ഞു. പക്ഷേ ചിലരുടെ സംശയം ഇനിയും തീർന്നിട്ടില്ല. ഇതിൽനിന്നും ഒരു സംഗതി മനസ്സിലാക്കുവാൻ സാധിക്കും: അന്ധകാരശക്തികൾ എത്ര ഉണർവോടും സ്ഥിരോത്സാഹത്തോടുംകൂടിയാണു് അവരുടെ നശീകരണപദ്ധതികൾ നടപ്പിലാക്കുന്നതെന്നു്! തിന്മയെ നന്മയുടെ വേഷം കെട്ടിച്ചത്രേ അവർ സാമാന്യജനങ്ങളെ വഞ്ചിക്കുന്നതു്. അന്തിക്രിസ്തുതന്നെയും ലോകത്തിലേക്കു വരുന്നതു നീണ്ട ദംഷ്ട്രകളും, കൊമ്പുകളും ചിറകുകളും ഉള്ള ഒരു ഭീകരസത്വമായിട്ടായിരിക്കുകയില്ല, പിന്നെയോ ഒരു സമാധാനദൂതന്റെ—കഴിയുമെങ്കിൽ സമാധാനരാജനായ ക്രിസ്തുവിന്റെതന്നെ—വേഷത്തിലായിരിക്കും. ഉണർന്നിരുന്നില്ലെങ്കിൽ നാം വഞ്ചിക്കപ്പെടും. തീർച്ച.

റഷ്യ ലോകസമാധാനം യഥാർത്ഥത്തിൽ ആഗ്രഹിച്ചിരുന്നുവെങ്കിൽ ഏതൽ കാര്യസിദ്ധിക്കായി മററു പ്രജായത്തരാജ്യങ്ങളോടൊത്തു് അവളും പ്രവർത്തിക്കുമായിരുന്നു. പക്ഷേ അവസരംകിട്ടുമ്പോളെല്ലാം സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി, മുടന്തൻന്യായങ്ങൾ ഉന്നയിച്ചുകൊണ്ടു്, സമാധാനമാർഗ്ഗങ്ങളിലെല്ലാം റഷ്യ ഒരു വിലങ്ങുതടിയായി നില്ക്കുകയാണു് ചെയ്തിട്ടുള്ളതു്. താഴെചേർക്കുന്ന വസ്തുതകൾ സമാധാനപ്രസ്ഥാനാനുഭാവികളുടെ പരിചിന്തനത്തിനു വിഷയമായിക്കാണുവാൻ ആഗ്രഹിക്കുന്നു:

1. കഴിഞ്ഞ ടെഹറാൻ കോൺഫറൻസിൽവച്ചു് റഷ്യയും അമേരിക്കയുംകൂടി ലോകജനതയ്ക്കു ഒരു വാഗ്ദാനം നല്കുകയുണ്ടായി. അതായതു്, മനസ്സാക്ഷിക്കും അവരവരുടെ ആഗ്രഹങ്ങൾക്കും അനുസൃതമായതും മർദ്ദനവിധേയമല്ലാത്തതുമായ ജീവിതരീതി എല്ലാ ജനതകളുടേയും അവകാശമായിരിക്കും, എന്നു്. ഈ വാഗ്ദാനം പ്രായോഗികമാക്കുവാൻ റഷ്യൻനേതാക്കന്മാർക്കു് അല്പമെങ്കിലും ആഗ്രഹം ഉണ്ടായിരുന്നുവെങ്കിൽ ആസ്ട്രിയായുമായുള്ള സമാധാനഉടമ്പടിക്കു് അവർ എതിരുനില്ക്കുകയില്ലായിരുന്നു. ഇതിനുശേഷം ജപ്പാനുമായുള്ള സമാധാനഉടമ്പടിയെ ടോർപ്പിഡോചെയ്യുവാൻ അവർ ആവുന്നതു ശ്രമിച്ചു. പക്ഷേ റഷ്യയുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ടുതന്നെ സാൻഫ്രാൻസിസ്കോയിൽ ചേർന്ന സമ്മേളനത്തിൽവച്ചു് ലോകരാഷ്ട്രങ്ങളിൽ ഭൂരിപക്ഷവും ജപ്പാൻ സമാധാനഉടമ്പടിയിൽ ഒപ്പുവച്ചു. എന്നാൽ റഷ്യയാകട്ടെ സമ്മേളനത്തെ പരാജയപ്പെടുത്തുവാൻ ശ്രമിക്കുകയും ഉടമ്പടിയിൽ ഒപ്പുവയ്ക്കാതെ ഒഴിഞ്ഞുമാറുകയും ചെയ്തു.

കഴിഞ്ഞ യുദ്ധകാലത്തു് തടവുകാരായി പിടിക്കപ്പെട്ട ജാപ്പനീസ് പടയാളികളിൽ ഒരു നല്ല സംഖ്യ ഇപ്പോഴും സൈബീരിയൻ ക്യാമ്പുകളിൽ കഴിഞ്ഞുകൂടുകയാണു്. ഇവരെ ഇനിയും മോചിപ്പിക്കാതിരിക്കുന്നതു് എന്തു ന്യായത്തിന്മേലാണെന്നു് റഷ്യ വ്യക്തമാക്കുന്നില്ല.

വിഭക്തജർമ്മനിയെ സംയോജിപ്പിക്കുന്നതിനും അവിടെ ലോകരാഷ്ട്രങ്ങളുടെ മേൽനോട്ടത്തിൽ സ്വതന്ത്രമായി നടത്തപ്പെടുന്ന ഒരു തെരഞ്ഞെടുപ്പുവഴി ഒരു ഗവമ്മെൻറു സ്ഥാപിക്കുന്നതിനും റഷ്യ ഇന്നും പ്രതിബന്ധമായി നില്ക്കുകയാണു്.

സ്റ്റോക്കോം സമാധാനാഭ്യർത്ഥന പുറപ്പെടുവിച്ചു് കുറച്ചുനാൾ കഴിഞ്ഞപ്പോൾ മാത്രമാണു് റഷ്യയുടെ ആശീസ്സോടും അംഗീകാരത്തോടുംകൂടി ഉത്തരകൊറിയ ദക്ഷിണകൊറിയയുടെമേൽ ചാടിവീണതു്. ഇതുസംബന്ധിച്ചു് അന്വേഷിക്കുവാൻചെന്ന ഐക്യരാഷ്ട്രോദ്യോഗസ്ഥന്മാർക്കു് റഷ്യ ഉത്തരകൊറിയയിൽ പ്രവേശനം നിരോധിക്കുകയത്രേ ചെയ്തതു്. ലോകസമാധാനം യഥാർത്ഥമായി ആഗ്രഹിക്കുന്ന ഏതെങ്കിലുംഒരുരാഷ്ട്രം ഒരിക്കലും ചെയ്തുകൂടാത്ത ഒരു പ്രവൃത്തിയായിരുന്നു അതു്.

ഏഷ്യയിൽ പുതുതായി ഉദയംചെയ്തിട്ടുള്ള പല സ്വതന്ത്രരാഷ്ട്രങ്ങളിലും റഷ്യൻനിർദ്ദേശം അനുസരിച്ചു് അട്ടിമറിപ്പൻപ്രസ്ഥാനങ്ങൾ മുമ്പു് ആരംഭിച്ചിരിക്കുകയാണു്.

ടെഹറാൻ കോൺഫറൻസിൽവച്ചു് റഷ്യ ചെയ്ത വാഗ്ദാനത്തിനു് കടകവിരുദ്ധമായിട്ടുള്ള പ്രവൃത്തനങ്ങളിലത്രേ റഷ്യ ഇന്നു ഏർപ്പെട്ടിരിക്കുന്നതു്.


2. കഴിഞ്ഞ യാൾട്ടാ കോൺഫറൻസിൽവച്ചു് യൂറോപ്യൻരാജ്യങ്ങളെ സ്വതന്ത്രമാക്കണമെന്നു് ചില നിശ്ചയങ്ങൾ പാസ്സാക്കുകയുണ്ടായി. ഈ നിശ്ചയങ്ങളെ തൃണാവൽഗണിച്ചുകൊണ്ടുള്ളതത്രേ റഷ്യയുടെ ഇന്നത്തെ പരിപാടികൾ. റഷ്യൻ അധീനതയിൽപ്പെട്ട പോളണ്ടു്, റുമേനിയാ, ബൾഗേറിയ, യൂഗോസ്ലാവിയ, ചെക്കോസ്ലോവാക്യ, കിഴക്കേജർമ്മനി എന്നീ രാജ്യങ്ങളിൽ ഇപ്പോൾ, ഭൂരിപക്ഷം ജനങ്ങളുടെ സ്വതന്ത്രമായ അംഗീകാരത്തിനു വിരുദ്ധമായി, കമ്മ്യൂണിസ്റ്റുഭരണം ഏർപ്പെടുത്തപ്പെട്ടിരിക്കുകയാണു്. പ്രസ്തുതരാജ്യങ്ങളെ സ്വതന്ത്രമാക്കുവാൻ ചുമതലപ്പെട്ട റഷ്യ അവിടങ്ങളിൽ ഒരുതരം പട്ടാളമേധാവിത്വം ആരംഭിച്ചിരിക്കുകയാണു്. കണക്കുകൾ പറയുന്നു: പോളണ്ടിൽ 5 ലക്ഷവും റുമേനിയായിലും ചെക്കോസ്ലോവാക്യായിലും രണ്ടര ലക്ഷം വീതവും ബൾഗേറിയായിൽ ആറര ലക്ഷവും അൽബേനിയായിൽ അറുപതിനായിരവും റഷ്യൻഭടന്മാർ ഉണ്ടെന്നു്. ഇത്രയും അധികം വിദേശഭടന്മാരോടുകൂടിയ ഈ രാജ്യങ്ങളിലെ പൗരസ്വാതന്ത്ര്യത്തെക്കുറിച്ചു് നമുക്കു് ഏതാണ്ടു് ഊഹിക്കാമല്ലോ. റഷ്യ ലോകസമാധാനം യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നുവെങ്കിൽ ഈ പട്ടാളഭരണത്തിനു ഒരവസാനം വരുത്തുകതന്നെ വേണം.

3. റഷ്യൻ നേതാക്കന്മാർ ലോകസമാധാനത്തെ യഥാർത്ഥത്തിൽ ആഗ്രഹിച്ചിരുന്നുവെങ്കിൽ ഐക്യരാഷ്ട്രസംഘടനയിൽനിന്നുമുള്ള അവരുടെ വാക്കൗട്ടിനും നിസ്സഹകരണത്തിനും ഒരവസാനം വരുത്തിയേനെ. ഭൂരിപക്ഷരാജ്യങ്ങളുടെ പ്രകടമായ തീരുമാനങ്ങളെ അവഹേളിക്കുന്ന ഒരു രാഷ്ട്രത്തിനു് എങ്ങനെയാണു് ലോകസമാധാനം കൈവരുത്തുവാൻ സാധിക്കുക?

4. റഷ്യൻനേതാക്കന്മാർ മനുഷ്യരാശിയുടെ നന്മ യഥാർത്ഥത്തിൽ ആഗ്രഹിച്ചിരുന്നുവെങ്കിൽ മററു രാഷ്ട്രങ്ങളോടു ചേർന്നുകൊണ്ടു അവരും അറ്റോമിക്കു് ആയുധങ്ങൾ അന്താരാഷ്ട്രീയ നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ ശ്രമിക്കുമായിരുന്നു. പക്ഷേ റഷ്യ ആവശ്യപ്പെടുന്നതു് അറ്റോമിക്കു് ആയുധങ്ങൾ നിരുപാധികമായി നിരോധിക്കണമെന്നാണു്. എങ്കിൽ എന്തുകൊണ്ടു് മററു നശീകരണായുധങ്ങൾകൂടി നിരുപാധികം നിരോധിച്ചുകൂടാ? റഷ്യ അതിനു സമാധാനം പറയുന്നില്ല. ഇതിൽ അന്തർലീനമായിരിക്കുന്ന രഹസ്യം മറെറാന്നുമല്ല. അമേരിക്കയ്ക്കുള്ളതുപോലെ ഭീമമായ ഒരു ആററംശേഖരം റഷ്യക്കില്ല. എന്നാൽ മററായുധങ്ങൾ റഷ്യക്കു ധാരാളം ഉണ്ടുതാനും.

5. ലോകസമാധാനം യഥാർത്ഥത്തിൽ ആഗ്രഹിക്കുന്ന ഒരു രാഷ്ട്രമാണു്

### അരുവാളിനും ചുറ്റികയ്ക്കും പകരം



പ്രാർത്ഥനയുടേയും ത്യാഗത്തിന്റേയും ചിഹ്നങ്ങളായ

**കൊന്തയും കുരിശും**

ഫാത്തിമാസന്ദേശമനുസരിച്ചു മനുഷ്യർ അനുതാപപൂർവ്വം സ്രഷ്ടാവായ ദൈവത്തിന്റെ പക്കലേക്കു പിന്തിരിയുകയും സ്വജീവിതം നന്നാക്കുകയും ചെയ്തെങ്കിൽ മാത്രമേ ലോകസമാധാനം കൈവരികയുള്ളു. ആററംബോംബു് നിരോധിക്കുന്നതുകൊണ്ടുമാത്രം സമാധാനം ഉണ്ടാകുന്നതല്ല. 1945-ൽ ഹിരോഷിമായിലും നാഗാസക്കിയിലും ആററംബോംബു് പതിക്കുന്നതിനുമുമ്പു് ലോകത്തിൽ സമാധാനമുണ്ടായിരുന്നില്ലേ?

# വിദ്യാഭ്യാസപ്രശ്നങ്ങൾ— അനന്തരകരണീയമെന്തു്?

IX

(ഷെവലിയർ ജോസഫ് പെട്ട എം. എ.)

### അദ്ധ്യാപകരും അഭ്യുദയശ്രമങ്ങളും

ഇനി അല്പം പറയാനുള്ളതു് അതിപ്രധാനമായ ഒരു സംഗതിയെപ്പററിയാണു്. അദ്ധ്യാപകരുടെ സാമ്പത്തികസ്ഥിതിയും അതോടൊപ്പം അവരുടെ സാമുദായികനിലയും അടുത്തകാലത്തു വന്നുഭവിച്ച അധഃപതനത്തെപ്പററി കുറെയെല്ലാം നാം കണ്ടുകഴിഞ്ഞു. മാനേജർമാർക്കു് ഇതു സംബന്ധിച്ചു കർത്തവ്യമായിട്ടുള്ളതെന്താണെന്നും പ്രതിപാദിക്കുകയുണ്ടായി. ഇനി അദ്ധ്യാപകരുടെ ഏതത്സംബന്ധമായ കർത്തവ്യത്തെക്കുറിച്ചു് അല്പം പര്യാലോചിക്കാം.



നീതിധർമ്മങ്ങൾക്കെതിരല്ലാത്ത ഏതേതുമാർഗ്ഗങ്ങളും സ്വീകരിച്ചു തങ്ങളുടെ അവശതാപരിഹാരത്തിനുവേണ്ടി പോരാടുവാനുള്ള അവകാശം അദ്ധ്യാപകസംഘങ്ങൾക്കുണ്ടെന്നുള്ളതു നിസ്തർക്കമാണു്. സ്വരക്ഷയ്ക്കു് ആവശ്യമായിവരുന്ന തീവ്രഘട്ടങ്ങളിൽ അങ്ങനെ ചെയ്യുന്നതിനു് അവർക്കു കടമയുമുണ്ടു്. ഇന്നു അദ്ധ്യാപകരെ മിഴിച്ചുനോക്കി സംഭ്രാന്തികൊള്ളിക്കുന്ന മൗലികപ്രശ്നം ശമ്പളക്കാര്യമാണല്ലോ. അവരുടെ അവശതകളുടെ നാരായവേരും അതുതന്നെ. അദ്ധ്യാപകവൃത്തി ജീവനസർവ്വസ്വമായി സ്വീകരിച്ചിരിക്കുന്ന ഒരുവനു മാനമായി കുടുംബം പുലർത്തുന്നതിനുള്ള വരുമാനം അതിൽ നിന്നു ലഭിക്കുവാനർഹതയുണ്ടു്. ജോലിക്കു നിയമിക്കുന്നവൻ അയാൾക്കതു ലഭ്യമാക്കിക്കൊടുക്കേണ്ടതുമാണു്. എന്നാലിന്നു ഗവണ്മെൻറിൻെറ ദുർന്നയംനിമിത്തം മാനേജർമാർക്കു അതു മിക്കവാറും സാദ്ധ്യമല്ലാതെ വന്നിരിക്കുന്നുവെന്നു നാം വ്യക്തമായി കണ്ടുവല്ലോ. ഇത്തരുണത്തിൽ അദ്ധ്യാപകർ എന്താണു ചെയ്യേണ്ടതു്? മാനേജർമാരോടു യോജിച്ചുനിന്നു ധർമ്മസമരം നടത്തി ഗവണ്മെൻറിൽനിന്നു തങ്ങൾക്കു ന്യായമായി കിട്ടേണ്ട ഗ്രാൻറു് പിടിച്ചുവാങ്ങുക, എന്നുള്ളതാണു യുക്തിപൂർവ്വമായ പ്രഥമമാർഗ്ഗം. അതിലേക്കു ജനപ്രമാണികളുടേയും നിയമസഭാസാമാജികന്മാരുടേയും സഹായസഹകരണങ്ങൾ തേടേണ്ടതും, ലഭിക്കുമെന്നു പ്രതീക്ഷിക്കാവുന്നതുമാണു്. അങ്ങനെ, ആ മാർഗ്ഗം എത്രതന്നെ പ്രയോഗിച്ചിട്ടും ഫലമില്ലാതെവരുന്നപക്ഷം, പൊതുജനങ്ങളേയും സ്ഥാപനങ്ങളേയും സമീപിച്ചു തങ്ങളുടെ അവശതകൾ ധരിപ്പിച്ചു്, മാനേജർമാരുടെ നേതൃത്വത്തിൽ ഒരു പണപ്പിരിവു നടത്തുന്നതിനാണു് അടുത്തതായി ശ്രമിക്കേണ്ടതു്. തത്തുല്യസാഹചര്യങ്ങളിൽ മാനേജർമാരുടെ ഭാഗത്തുനിന്നും അവലംബിക്കാവുന്നമാർഗ്ഗവും ഇതുതന്നെയാണെന്നു ഇതിനുമുമ്പു പ്രസ്താവിച്ചുവല്ലോ. ഇങ്ങനെ, അദ്ധ്യാപകരും മാനേജർമാരും ബഹുജനങ്ങളും ഒത്തൊരുമിച്ചു പലവഴി തേടുമ്പോൾ ഒരുവഴിയെങ്കിലും ഉദ്ദിഷ്ടസ്ഥാനത്തു് എത്തിക്കുമെന്നു പ്രതീക്ഷിക്കാം. പ്രശ്നം വിഷമതരമാണെന്നുപറയാതെ നിവൃത്തിയില്ല. എങ്കിലും നിരന്തരപരിശ്രമത്തിനു വഴിപ്പെടാത്ത പ്രശ്നമുണ്ടോ?

എന്നാൽ, ഒരു കാര്യം ഇവിടെ തുറന്നു പറയാതെ നിവൃത്തിയില്ല. ശമ്പളക്കൂടുതലിനുവേണ്ടി അദ്ധ്യാപകനു, ന്യായമായ മാർഗ്ഗങ്ങളിൽക്കൂടി കഴിയുന്നത്ര ശ്രമം ചെയ്യാവുന്നതാണു്; ഇന്നത്തെ നിലയ്ക്കു് അങ്ങനെ ചെയ്യേണ്ടതുമാണു്. പക്ഷേ, ശമ്പളക്കൂടുതൽ ലഭിക്കുന്നില്ലെന്ന കാരണത്താൽ അയാളുടെ അദ്ധ്യാപകജോലിക്കു കോട്ടം വരുത്തുന്നതു ശരിയല്ല. അങ്ങനെ ചെയ്യുന്നതു ക്ഷന്തവ്യമല്ലാത്ത കർത്തവ്യവിലോപമായിരിക്കും; വിദ്യാർത്ഥിലോകത്തോടും, തദ്വാരാ, ഭാവിതലമുറകളോടും ചെയ്യുന്ന മഹാപരാധമായിരിക്കും. അതിൽ ഭേദം, മററുമാർഗ്ഗമൊന്നും തന്നെയില്ലാതെവരുമ്പോൾ അദ്ധ്യാപകജോലി രാജിവച്ചു, കൂടുതൽ ആദായകരമായ മററു വല്ലതൊഴിലും തേടുകയായിരിക്കും. അതും അത്ര സുഗമമായ മാർഗ്ഗമാണെന്നു പറയാൻ വഹിയാ. പക്ഷേ, ചുമതലാബോധമുള്ള ഒരു അദ്ധ്യാപകനു പരമാവധി അതല്ലാതെ മററു മാർഗ്ഗമില്ല. പാവനമായ അദ്ധ്യാപകജോലി സ്വീകരിക്കുന്നവർ, വേണ്ടിവന്നാൽ, അവശ്യം സഹിക്കേണ്ട ഒരു ത്യാഗമായിട്ടു് അതിനെ കണക്കാക്കണം. അദ്ധ്യാപകവൃത്തി കേവലമൊരു ഉപജീവനമാർഗ്ഗമല്ല, ആദർശപരമായ ഒരു ജീവിതാന്തസ്സുകൂടിയാണെന്നു പറഞ്ഞിരിക്കുന്നതിൻെറ ആന്തരാർത്ഥവും അതുതന്നെയാണു്. അപ്പക്കഷണത്തിനുവേണ്ടി അന്തസ്സുമറന്നു പ്രവർത്തിക്കുന്നതു വിഹിതമല്ലല്ലോ. ആകയാൽ, വിധ്വംസകവും വിപ്ലവാത്മകവുമായ പണിമുടക്കിലും സത്യഗ്രഹത്തിലും നിരാഹാരവ്രതത്തിലും മററും ചെന്നുചാടുന്നതു വിചാരവിഹീനമായ സാഹസപ്രവൃത്തിയായിരിക്കും; അദ്ധ്യാപകൻെറ സ്ഥാനമാഹാത്മ്യത്തിനും അദ്ധ്യാപകവൃത്തിയുടെ ഉത്തരവാദിത്വത്തിനും അശേഷം യോജിച്ചതായിരിക്കയില്ല. വിദ്യാർത്ഥികളിൽ അച്ചടക്കബോധവും ധാർമ്മികപ്രബുദ്ധതയും അലംഘനീയമായി പാലിക്കേണ്ട ഗുരുഭൂതന്മാർതന്നെ പണിമുടക്കു പ്രദക്ഷിണത്തിനും മുഷ്ടിചുരുട്ടിയേറിനും കച്ചകെട്ടി പുറപ്പെട്ടാൽ പിന്നെ ശിഷ്യഗണങ്ങളുടെ കഥയെന്തായിരിക്കും? വേലിതന്നെ പഞ്ചതിന്നാൻ തുടങ്ങിയാൽ, പിന്നെ രക്ഷയെന്താണുള്ളതു്? "ആശാനക്ഷരമൊന്നു പിഴച്ചാൽ, അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യനു്" എന്നല്ലേ പഴമന്മാർ പറഞ്ഞിട്ടുള്ളതും. അങ്ങനെ, വിസ്തൃതവും വിദൂരവ്യാപകവുമായ ഫലങ്ങൾ ആലോചിക്കുമ്പോൾ, അദ്ധ്യാപകപണിമുടക്കു യാതൊരു സാഹചര്യത്തിലും ആദരണീയമല്ലെന്നു കാണാൻ കഴിയും. കത്തോലിക്കരായ അദ്ധ്യാപകന്മാർക്കു് അത്തരം ഗോഷ്ടികൾ ഒട്ടുംതന്നെ ചേർന്നതല്ല. അദ്ധ്യാപകരിൽ അദ്ധ്യാപകനായ, ലോകോത്തരഗുരുഭൂതനായ ഈശോയുടെ ദിവ്യദൃഷ്ടാന്തമാണു് അവർക്കനുയോജ്യമായിട്ടുള്ളതു്, അവർ അവശ്യം സ്വീകരിക്കേണ്ടതു്. അല്ലാതെ, ഭാരതീയജനതതിയുടെ അച്ചടക്കബോധം പാടേ അപകടത്തിലാക്കിത്തീർത്തിരിക്കുന്ന വഴിപിഴച്ച ചില രാഷ്ട്രീയനേതാക്കളുടെ ആദർശങ്ങളുടെ പിന്നാലെ ഓടുന്നതും അത്തരം അടവുകൾ പയററി പരിക്ഷിക്കുന്നതും നമുക്കു് ഒരിക്കലും സ്വീകാര്യമല്ല. വെളിച്ചത്തിൻെറ മക്കൾ ലോകത്തിൻെറ മക്കളെക്കാൾ കൂടുതൽ ത്യാഗസമ്പന്നന്മാരായിരിക്കേണ്ടതല്ലേ? പണിമുടക്കു സംരംഭവും പരിത്യാഗബുദ്ധിയും പരസ്പരവിരുദ്ധങ്ങളാണു്.

സനാതനധർമ്മസിദ്ധാന്തങ്ങളിലും സാമൂഹ്യതാല്പര്യങ്ങളിലും നിലയുറപ്പിച്ചുകൊണ്ടു, നമ്മുടെ അഭിവന്ദ്യ വൈദികമേലദ്ധ്യക്ഷന്മാർ, അദ്ധ്യാപകപണിമുടക്കിൻെറ അനൗചിത്യവും അതിൽ അന്തർലീനമായ അധർമ്മവും അസന്ദിഗ്ദ്ധമായ ഭാഷയിൽ ചൂണ്ടിക്കാണിച്ചു് സ്നേഹസമ്പന്നമായ ഇടയലേഖനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടു്. ഇൻഡ്യൻസ്വാതന്ത്ര്യസമരത്തെ നയിച്ചവരുടെ ഉപദേശങ്ങളിൽ പലതിൻെറയും ദുഷ്ഫലങ്ങൾ കണ്ടറിഞ്ഞും കൊണ്ടറിഞ്ഞും ബുദ്ധിതെളിഞ്ഞ ലൗകികനേതാക്കന്മാരും പണിമുടക്കുകൾക്കും സത്യഗ്രഹനിരാഹാരവ്രതങ്ങൾക്കും എതിരായി ഗംഭീരസ്വരത്തിൽ ഉപദേശങ്ങളും പ്രതിഷേധങ്ങളും മുഴക്കിവരുന്നുണ്ടു്. ഇതൊക്കെ കണ്ടും കേട്ടും പ്രബുദ്ധരായിത്തീർന്നിട്ടുള്ള അദ്ധ്യാപകന്മാർ മേലിൽ കുറെക്കൂടി ബുദ്ധിപൂർവ്വമായിട്ടേ പ്രവർത്തിക്കയുള്ളു എന്നു നമുക്കു പ്രതീക്ഷിക്കാം. എന്നാൽ അതോടൊപ്പം, നമുക്കും ചില ചുമതലകൾ ഉണ്ടെന്നു നാം ധരിക്കണം. അടുത്തു കഴിഞ്ഞ പണിമുടക്കിൽ കത്തോലിക്കാ അദ്ധ്യാപകന്മാരിൽ പലരും ചെന്നുപെട്ടതു കേവലം വിചാരശൂന്യതകൊണ്ടായിരിക്കയില്ല. പണിമുടക്കിൻെറ ദുഷ്ഫലങ്ങളെപ്പററി അവരും ചിന്തിച്ചിട്ടുണ്ടാകാം. പക്ഷേ, അന്നത്തെ തപ്തമായ അന്തരീക്ഷത്തിൽ അവർ തെററിദ്ധരിച്ചു, മററു മാർഗ്ഗമില്ലെന്നു്. അങ്ങനെയാണു് അവർ അധർമ്മത്തിൽ ചെന്നു കുടുങ്ങിപ്പോയതു്. അത്തരം പ്രതികൂലസാഹചര്യങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ നാമും കഴിവതു പരിശ്രമിക്കണം. മാർഗ്ഗങ്ങൾ പലതും ഇതിനകം ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. അദ്ധ്യാപകർ ഉൾപ്പെടെ, ഏവരും ഒന്നുചേർന്നു പരിശ്രമിക്കണമെന്നുള്ളതാണു അവശേഷിച്ചിരിക്കുന്നതു്. അചിരേണ അതും സാദ്ധ്യമാകുമെന്നു പ്രത്യാശിക്കാം.

### പരസ്പരപെരുമാററം

ഇതേവരെ പ്രസ്താവിച്ചതൊക്കെ, മാനേജർക്കും അദ്ധ്യാപകർക്കും മിക്കവാറും പ്രത്യേകംപ്രത്യേകമായുള്ള അവകാശചുമതലകളെപ്പററിയാണു്, യോജിച്ചു വേണ്ടതായ പ്രവർത്തനങ്ങളെക്കുറിച്ചും പ്രതിപാദിക്കുകയുണ്ടായി. ഇനി രണ്ടുവർക്കു് അവരുടെ പരസ്പരപെരുമാററത്തെപ്പററി പറഞ്ഞുകൊള്ളട്ടെ. ഹൃദ്യവും ആത്മാർത്ഥവും ഉത്സാഹഭരിതവുമായ സഹകരണം, മാനത്തോടും സ്നേഹത്തോടും കൂടിയുള്ള പരസ്പരവീക്ഷണം,—അഥവാ, "ഏകഭാവേന സാദരം"—ഇതായിരിക്കണം ഇരുകൂട്ടരുടേയും ഏകോപിച്ചുള്ള മുദ്രാവാക്യം. അദ്ധ്യാപകരുടെ ബഹുവിധോന്മുഖമായ ക്ഷേമൈശ്വര്യങ്ങളിൽ മാനേജർക്കു സദാപി നിർവ്യാജമായ ആകാംക്ഷയും ഔൽസുക്യവും ഉൽക്കണ്ഠയും ഉണ്ടായിരിക്കണം. ഓരോരുത്തരോടും അവനവൻെറ സ്ഥാനത്തിനും സ്ഥിതിക്കും അനുയോജ്യമായ ബഹുമാനാദരങ്ങൾ പ്രദർശിപ്പിക്കുന്നതിനും അദ്ദേഹം ജാഗരൂകനായിരിക്കണം. ഉത്സാഹിച്ചു ജോലിചെയ്യുന്ന അദ്ധ്യാപകരെ ഹാർദ്ദമായി അഭിനന്ദിച്ചു പ്രോത്സാഹിപ്പിക്കുക, വീഴ്ചക്കാരെ അനുഭാവപൂർവ്വം ശാസിച്ചു നന്നാക്കുക, ബുദ്ധിമുട്ടുകളിൽപ്പെട്ടു വലയുന്നവരെ കഴിയുംവിധം സഹായിച്ചുദ്ധരിക്കുക, ക്ലേശിതരെ സമാശ്വസിപ്പിച്ചു ധൈര്യപ്പെടുത്തുക, എല്ലാവരോടും വിശാലമനസ്ഥതയോടുകൂടി പെരുമാറുക, എല്ലാവർക്കും കാലാകാലങ്ങളിൽ വേണ്ട ഉപദേശംകൊടുത്തു മാർഗ്ഗദർശനം നൽകുക ഇതെല്ലാമാണു് മാനേജരുടെ പക്ഷത്തുനിന്നു പ്രതീക്ഷിക്കപ്പെടുന്നതു്.

പകരം, അദ്ധ്യാപകർ മാനേജരോടു സദാ അനുസരണയുള്ളവരും അദ്ദേഹത്തിൻെറ അധികാരത്തിനു വിധേയരും സ്ഥാപനത്തോടു മമതയും വിശ്വസ്തതയുമുള്ളവരും അതിൻെറ ബഹുവിധതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ പ്രത്യേകശ്രദ്ധയുള്ളവരുമായിരിക്കണം. മാനേജരുടെനേർക്കു വ്യക്തിപരമായുണ്ടായിരിക്കേണ്ട ഭക്തിബഹുമാനങ്ങൾ യാതൊരു പരിതസ്ഥിതിയിലും വിസ്മരിക്കാവതല്ല. കാര്യസംബന്ധമായ അഭിപ്രായവ്യത്യാസങ്ങൾ സ്നേഹാദരങ്ങൾക്കു പ്രതിബന്ധമാകരുതു്. ഇന്നത്തെ ദുർഘടതരമായ പ്രതിസന്ധിഘട്ടത്തിൽ മാനേജർമാർക്കു നേരിടേണ്ടിവരുന്ന വിഷമതകൾ മനസ്സിലാക്കി അവരോടു അനുഭാവപൂർവ്വം വർത്തിക്കുന്നതിനും അവരുടെ ഭാരം കഴിയുന്നത്ര ലഘൂകരിക്കുന്നതിനും അദ്ധ്യാപകർ സന്നദ്ധരാകേണ്ടതാണു്. വഞ്ചിതരും വഞ്ചകരുമായ കമ്മ്യൂണിസ്റ്റു് സഖാക്കളുടെയോ, അധികാരദുർമ്മോഹികളായ ഗവണ്മെൻറുകളുടെയോ സുന്ദരസ്വപ്നസമാനങ്ങളായ വശീകരണങ്ങളിൽപ്പെട്ടുപോകാതെ, മാനേജരാണു തങ്ങളുടെ സാക്ഷാത്തായ ഉത്തമസുഹൃത്തും ശാശ്വതഗുണകാംക്ഷിയുമെന്ന ബോധം അദ്ധ്യാപകവൃന്ദത്തിനു എപ്പോഴുമുണ്ടായിരിക്കണം.

ചുരുക്കത്തിൽ, ഒരു ജ്യേഷ്ഠകനിഷ്ഠസഹോദരബന്ധമാണു് മാനേജരും അദ്ധ്യാപകരും തമ്മിൽ ഉണ്ടായിരിക്കേണ്ടതു്. തൊഴിലാളി മുതലാളിപ്പരിഗണനകൾക്കു് ഇവിടെ സ്ഥാനമില്ല. കച്ചവടപ്പീടികയിലേയോ കൈത്തൊഴിൽശാലയിലേയോ അന്തരീക്ഷമല്ല ഒരു വിദ്യാലയത്തിൽ കുടികൊള്ളേണ്ടതു്. കുറേക്കൂടി ഉൽകൃഷ്ടങ്ങളായ ആദർശങ്ങളാൽ മുഖരിതമായിരിക്കണം വിദ്യാലയാന്തരീക്ഷം. മാനേജരും അദ്ധ്യാപകരും പരസ്പരസൗഹാർദ്ദം പുലർത്തിക്കൊണ്ടു്, മാതാപിതാക്കന്മാരും രക്ഷാകർത്താക്കളും അവരിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസാധികാരങ്ങൾ ദുഷ്പ്രയോഗിക്കാതെ, സദാപി വിദ്യാലയത്തിൻെറയും അദ്ധ്യേതാക്കളുടെയും പ്രത്യേകമേന്മയും നാടിൻെറയും നാട്ടാരുടെയും പൊതുഗുണവും മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിനു് കടപ്പെട്ടവരാണു്. ആരംഭത്തിൽ പ്രസ്താവിച്ചതുപോലെ, മാനേജരും അദ്ധ്യാപകനും ഒരു മഹത്തായ സംരംഭത്തിലെ അതിപ്രധാനന്മാരായ സഹപ്രവർത്തകന്മാരാണു്; തദനുയോജ്യമായ ബോധത്താൽ പ്രചോദിതമായിരിക്കണം അവരുടെ പരസ്പരവീക്ഷണവും പെരുമാററവും. ഏററക്കുറവുകളെ പരസ്പരം ക്ഷമിക്കുന്നതിനും അവരവരുടെ സ്ഥാനം മറന്നു പ്രവർത്തിക്കാതിരിക്കുന്നതിനും ഇരുവരും ശ്രദ്ധാലുക്കളായിരിക്കണം.

### ഉപസംഹാരം

ഇന്നത്തെ വിദ്യാഭ്യാസപ്രശ്നങ്ങളുടെ പരിഹാരാർത്ഥം കത്തോലിക്കാമാനേജർമാരും അദ്ധ്യാപകരും സ്വീകരിച്ചനുവർത്തിക്കേണ്ടതായ നയപരിപാടികളുടെ ഒരു ഏകദേശരൂപമാണു് ഇവിടെ സമർപ്പിച്ചിരിക്കുന്നതു്. അവയെല്ലാംതന്നെ ഉടനടി നിഷ്പ്രയാസം സാധിക്കാവുന്നതാണെന്നു പറയാൻ ഞാ

(ശേഷം 5-ാം പേജിൽ)

---

സോവ്യററു് റഷ്യയെകിൽ അതു് അതിൻെറ ഏജൻറന്മാർവഴിയായി മററു രാജ്യങ്ങളിൽ നടത്തുന്ന അട്ടിമറിപ്പ്രസ്ഥാനങ്ങൾ അവസാനിപ്പിക്കുമായിരുന്നു. മററു സ്വാതന്ത്ര്യരാജ്യങ്ങളിലെ വ്യവസ്ഥാപിതഭരണകൂടങ്ങളെ തകർക്കുവാനായി റഷ്യ അതിൻെറ ചാരന്മാർവഴിയായി എത്ര സമർത്ഥമായിട്ടാണു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്? ബ്രിട്ടൻ, അമേരിക്ക മുതലായ പ്രജായത്തരാജ്യങ്ങളെ സംബന്ധിച്ചു് പലവിധത്തിലുള്ള വ്യാജങ്ങൾ റഷ്യൻ നേതാക്കന്മാർ അവിടത്തെ ജനങ്ങളുടെ ഇടയിൽ പറഞ്ഞുപരത്തുന്നു. എന്നാൽ ഈ രാജ്യങ്ങളിലെ ജനങ്ങൾക്കു് സ്വാതന്ത്ര്യമായി റഷ്യയിൽ പ്രവേശിക്കുന്നതിനോ അവിടത്തെ ജനങ്ങളോടു് യഥാർത്ഥസ്ഥിതിഗതികൾ പറഞ്ഞുകൊടുക്കുന്നതിനോ, റഷ്യൻ ഭരണാധികാരികൾ അനുവാദം നൽകുന്നില്ല. വിദേശങ്ങളിൽനിന്നും ഉള്ള റേഡിയോപ്രക്ഷേപണങ്ങൾ റഷ്യയിലെ റേഡിയോസെററുകളിൽ കിട്ടാതിരിക്കത്തക്കവണ്ണം "ജാം" ചെയ്യപ്പെടുന്നു. ഇവയെല്ലാം റഷ്യയുടെ ഒരു പ്രത്യേകതയാണു്. ലോകരാഷ്ട്രങ്ങൾ ഏകലോകവ്യവസ്ഥിതിയിലേക്കു് കാലൂന്നുന്ന ഈയവസരത്തിൽ ഈ മാതിരിയുള്ള പ്രത്യേക നിയന്ത്രണങ്ങൾക്കും അസ്വാതന്ത്ര്യങ്ങൾക്കും ഒരു രാഷ്ട്രം വിധേയമാക്കപ്പെടുന്നതു് ഏകലോകാദർശത്തിനു് കടകവിരുദ്ധവും ലോകസമാധാനത്തിനു് ഭഞ്ജകവുമാണല്ലോ.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകളിൽനിന്നും റഷ്യയുടെ ഇന്നത്തെ ഗതി ലോകസമാധാനത്തിനു് ഒട്ടുംതന്നെ സഹായകമല്ലെന്നു നമുക്കു് മനസ്സിലാക്കാം. പിന്നെ ഈ സ്റ്റോക്ഹോം സമാധാനപ്രസ്ഥാനത്തിൻെറ അർത്ഥം എന്തു്? പ്രധാനമായും മൂന്നുദ്ദേശങ്ങളാണു് ഇതിനുള്ളതു്. ഒന്നാമതു് റഷ്യ ഒരു സമാധാനദൂതൻെറ വേഷംകെട്ടുവാൻ ആഗ്രഹിക്കുന്നു. അതു് അവരുടെ നയതന്ത്രപരമായ ഒരു ആവശ്യം മാത്രമായിരിക്കാം! രണ്ടാമതായി ഈ ഒപ്പുശേഖരംവഴിയായി, "അമേരിക്കയും മററു സുഹൃദ്രാജ്യങ്ങളുമാണു് യുദ്ധക്കൊതിയന്മാർ", എന്നു് ഒരു ധാരണ സാധാരണ ജനങ്ങളുടെ ഇടയിൽ ഉളവാക്കുവാൻ സാധിക്കും. മൂന്നാമതായി, കഴിയുമെങ്കിൽ അമേരിക്കയുടെ കൈവശമുള്ള ആററം ശേഖരം ഉപയോഗിക്കാതിരിക്കത്തക്കവിധത്തിൽ പൊതുജനാഭിപ്രായത്തെ തിരിച്ചുവിടണം.

അക്രമവും അനീതിയും നിരന്തരമായി പ്രവർത്തിക്കുക നിമിത്തം മനഃസാക്ഷി മരവിച്ചുപോയ വിധ്വംസകപ്രവർത്തകർ ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നുവെന്നുള്ള അവരുടെ വിശ്വാസപ്രമാണത്തിൽ ഉറച്ചുനില്ക്കുന്നിടത്തോളംകാലം കാപട്യംനിറഞ്ഞ ഈമാതിരി മാർഗ്ഗങ്ങളിലൂടെയായിരിക്കും പ്രയാണം ചെയ്യുന്നതു്. ജാഗരൂകരായിരുന്നില്ലെങ്കിൽ സാമാന്യജനങ്ങൾ വഞ്ചിതരാവുകതന്നെ ചെയ്യും.

# വിമർശനവീഥി

## മഹാകവിയെ സോവ്യറ്റുപത്രം ഖണ്ഡിക്കുന്നു

മഹാകവിവള്ളത്തോളിനോടു് സോവ്യറ്റ് യൂണിയനിൽ ഗവമ്മെൻറും ജനങ്ങളും തമ്മിലുള്ള ബന്ധത്തേയും മററും കുറിച്ചു് ആ കമ്മ്യൂണിസ്റ്റ്ലേഖകൻ ചോദിച്ചതിനു് അദ്ദേഹം മറുപടിപറഞ്ഞതിങ്ങനെയാണു്: — "ജനങ്ങൾക്കു ഗവമ്മെൻറുമായി ഇടപെടേണ്ട കാര്യങ്ങൾ വളരെക്കുറവാണു്. അവരവക്കു് അവരവരുടെ ജനകീയസംഘടനകളുമായിട്ടാണു് ബന്ധം. ഗവമ്മെൻറിനെക്കുറിച്ചുള്ള ഓമ്മതന്നെ ജനങ്ങൾക്കുണ്ടാകുന്നില്ല. പിന്നെ വേണ്ടെ വിമർശിക്കാൻ—ജനങ്ങൾ തന്നെ ഗവമ്മെൻറായി രൂപാന്തരപ്പെട്ടുതുടങ്ങിയിട്ടുണ്ടു്. നമ്മുടെ ശരീരത്തിനു നല്ല ആരോഗ്യമുള്ളപ്പോൾ ശരീരത്തെക്കുറിച്ചു നമുക്കോമ്മയുണ്ടോ? മറിച്ചു് കാലിൽ നീരുണ്ടായാൽ പിന്നെ അതിനെക്കുറിച്ചുതന്നെയായിരിക്കും ചിന്ത. അവരുടെ രാഷ്ട്രശരീരം നല്ല ആരോഗ്യമുള്ളതായിരിക്കുന്നു. അവിടെങ്ങും വ്രണം പിടിച്ചോ, നീരുകെട്ടിയോ അല്ല ഇരിക്കുക.........."

സോവ്യറ്റ് റഷ്യയിലെ രാഷ്ട്രശരീരം നല്ല ആരോഗ്യമുള്ളതാണെന്നും വ്രണമോ നീക്കെട്ടോ ഒന്നും ആ ശരീരത്തിലില്ലെന്നും പറയുന്നതു് യാഥാർത്ഥ്യത്തിനു വിപരീതമാണെന്നു കഴിഞ്ഞ ലേഖനങ്ങളിൽ വിവരിച്ചിരുന്ന വസ്തുതകളിൽനിന്നു വിശദമാണല്ലോ. ജനായത്തഭരണസമ്പ്രദായമുള്ള രാഷ്ട്രശരീരത്തിൻെറ ആരോഗ്യം പ്രധാനമായും അടങ്ങിയിരിക്കുന്നതു് പൗരന്മാരുടെ മതപരവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ സ്വാതന്ത്ര്യങ്ങളിലാണു്. ഈ സ്വാതന്ത്ര്യങ്ങളൊന്നും സോവ്യറ്റ് റഷ്യയിൽ കണികാണാൻപോലുമില്ലെന്നു സ്പഷ്ടമായിരിക്കെ അവിടത്തെ രാഷ്ട്രശരീരം നല്ല ആരോഗ്യമുള്ളതാണെന്നു പറയുന്നതു് അസംബന്ധമല്ലയോ? ആ രാജ്യത്തു ലക്ഷോപലക്ഷം അടിമവേലക്കാർ ഉള്ളതുതന്നെ അവിടത്തെ രാഷ്ട്രശരീരത്തിലെ ഏററവും വലിയ വ്രണമല്ലയോ?

മഹാകവിയുടെ ഈ പ്രസ്താവത്തെ സോവ്യറ്റുപത്രംതന്നെ ഖണ്ഡിക്കുന്നുണ്ടു്. ബ്രിട്ടീഷ് വിദേശകാര്യമന്ത്രി മിസ്റ്റർ മൊറിസൻെറ ലേഖനത്തിനു സോവ്യറ്റ് പത്രം പ്രവ്ദ നൽകിയ മറുപടിയിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "ജനശത്രുക്കൾക്കു സ്വാതന്ത്ര്യം ഇല്ലെന്നുള്ളതു വാസ്തവമാണു്. ജന്മികളും മുതലാളികളും മുതൽ കീഴോട്ടു ഭീകരപ്രവർത്തകരും കള്ളന്മാരും കുത്തിക്കൊലക്കാരും വിധ്വംസകപ്രവർത്തകരും യു.എസ്സ്.എസ്സ്. ആറിൽ മുതലാളിത്തം പുനഃസ്ഥാപിക്കുവാൻ പുറപ്പെട്ടിരിക്കുകയാണു്; മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നതു പുനഃസ്ഥാപിക്കുവാനും തൊഴിലാളികളുടേയും കർഷകരുടേയും രക്തത്തിൽ രാജ്യത്തെ മുക്കുവാനും പുറപ്പെട്ടിരിക്കുകയാണു്. കാരാഗൃഹങ്ങളും തൊഴിലാളിക്യാമ്പുകളും ഇക്കൂട്ടർക്കായി, അവർക്കുമാത്രമായി, സ്ഥിതിചെയ്യുന്നുണ്ടു്." ഇവിടെ വിവരിച്ചിരിക്കുന്ന തരം പാതകങ്ങൾ ചെയ്യുന്നവരും തന്മൂലം കാരാഗൃഹങ്ങളിലും തൊഴിലാളിക്യാമ്പുകളിലും അടക്കപ്പെട്ടിരിക്കുന്നവരും റഷ്യൻ രാഷ്ട്രശരീരത്തിലുള്ള മഹാവ്രണങ്ങളല്ലയോ?

### റഷ്യയിൽ ജനങ്ങൾ അടിമകളും ഗവമ്മെൻറ് യജമാനന്മാരുമാണു്

ഗവമ്മെൻറും ജനങ്ങളും ഒന്നാണെന്നു്, യഥാർത്ഥമായ പ്രജായത്തഭരണമുള്ള രാഷ്ട്രത്തെപ്പററിയേ പറയാവൂ. ആ രാഷ്ട്രത്തിൽ ജനങ്ങൾ അവരുടെ വോട്ടവകാശം ഏററവും സ്വാതന്ത്ര്യമായി ഉപയോഗിച്ചു് പ്രതിനിധികളെ തിരഞ്ഞെടുക്കുന്നു. വോട്ടിംഗിൽ ഭൂരിപക്ഷം കിട്ടുന്ന പ്രതിനിധികളടങ്ങിയ പാർട്ടിയിൽനിന്നുള്ള മന്ത്രിസഭ ഭരണഭാരം ഏറെറടുക്കുന്നു. ആ മന്ത്രിമാർ, അവരവർ മേധാവിത്വം വഹിക്കുന്ന ഭരണവകുപ്പിലെ അദ്ധ്യക്ഷന്മാരെയും കീഴുദ്യോഗസ്ഥന്മാരെയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. തന്നിമിത്തം ഭരണയന്ത്രം മുഴുവനും ജനങ്ങൾ പരോക്ഷമായി തിരിച്ചുകൊണ്ടിരിക്കുകയാണെന്നും, അങ്ങനെ ജനങ്ങളും ഗവമ്മെൻറും ഒന്നാണെന്നും പറയാം. എന്നാൽ സോവ്യറ്റ് റഷ്യ "പീപ്പിൾസ് ഡെമോക്രസി" എന്നു സ്വയം വിളിക്കുന്നുണ്ടെങ്കിലും, അവിടെ ജനങ്ങളിൽ ഏററവും ചുരുങ്ങിയ ശതമാനം ആളുകളടങ്ങിയ കമ്മ്യൂണിസ്റ്റ്പാർട്ടിയാണു് യഥാർത്ഥത്തിൽ ഭരണയന്ത്രം തിരിക്കുന്നതു്; അവരുടെ ഏററവും കടുത്ത സ്വേച്ഛാധിപത്യത്തിനു ബാക്കി മഹാഭൂരിപക്ഷം അടിമപ്പെട്ടിരിക്കുന്നു.

റഷ്യയിൽ "സോവ്യറ്റ്" (യോഗം എന്നർത്ഥം) എന്നു വിളിക്കപ്പെടുന്ന ശാഖോപശാഖകളോടുകൂടിയ ഒരു മഹാസംഘടനയുണ്ടു്. അടുത്തടുത്തുള്ള പ്രാദേശികഘടകങ്ങളായ സോവ്യറ്റുകൾമുതൽ കേന്ദ്രത്തിലെ പരമഘടകമായ സുപ്രീം സോവ്യറ്റ് (Supreme Soviet) വരെ ഈ സംഘടന വ്യാപിച്ചുകിടക്കുന്നു. രാജ്യത്തിൽ പരമാധികാരം ഈ സോവ്യറ്റ് മഹാസംഘടനയിൽ സ്ഥിതിചെയ്യുന്നുവെന്നും, പ്രധാനമന്ത്രി സ്റ്റാലിനും സഹമന്ത്രിമാരും മുതൽ കീഴോട്ടുള്ള സകല

സ്വർണ്ണപ്പണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്കു
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലൻറ്

എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർക്കും ഭരണാധികാരം ലഭിക്കുന്നതു് ഈ സംഘടനയിൽനിന്നാണെന്നുമാണു് നാട്യം. ഈ നാട്യമനുസരിച്ചു് സോവ്യറ്റുസംഘടനയിലേക്കു്, പ്രാദേശികഘടകങ്ങളിലേക്കും പരമമായ ഘടകത്തിലേക്കും ഇടക്കിടക്കു് തിരഞ്ഞെടുപ്പു നടക്കുന്നു. ഈ തിരഞ്ഞെടുപ്പാണു് സോവ്യറ്റുറഷ്യ ജനായത്തരാജ്യമാണെന്നുള്ള അവകാശവാദത്തിനു് അടിസ്ഥാനമായിരിക്കുന്നതു്.

എന്നാൽ ഈ തിരഞ്ഞെടുപ്പിൻെറ യഥാർത്ഥമായ സ്വഭാവം മനസ്സിലാക്കിയാൽ കാണാം, അതു വെറും നാടകീയമായ ഒരഭിനയമാണെന്നു്. പ്രാദേശികസോവ്യററിലേക്കുള്ള തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നതു് ആ സോവ്യററിലെ അംഗങ്ങളല്ല; പിന്നെയോ ആ പ്രദേശത്തുള്ള കമ്മ്യൂണിസ്റ്റ്പാർട്ടി ഗ്രൂപ്പിലെ നേതാക്കന്മാരാകുന്നു. അവർ അവരുടെമേലുള്ള കമ്മ്യൂണിസ്റ്റ്പാർട്ടി നേതാക്കന്മാരുടെ നിർദ്ദേശങ്ങളനുസരിച്ചു് സ്ഥാനാർത്ഥികളുടെ ഒരു പട്ടിക തയാറാക്കുന്നു. ആ പ്രദേശത്തുള്ള ഫാക്ടറിയിലെയോ കൃഷിസ്ഥലത്തിലെയോ വേലക്കാരുടെ ഒരു പൊതുസമ്മേളനം വിളിച്ചുകൂട്ടി, പ്രസംഗങ്ങളും ചിലപ്പോൾ ലഘുഭക്ഷണങ്ങളും കഴിഞ്ഞശേഷം ആ പട്ടിക അവരുടെമുമ്പിൽ വയ്ക്കുന്നു. ജീവനിൽ പേടിയുള്ളവരാരും ആ പട്ടികയിലെ സ്ഥാനാർത്ഥികൾക്കെതിരായി ശബ്ദിക്കുവാൻ ധൈര്യപ്പെടുകയില്ല. വോട്ടുചെയ്യാൻ ബാലട്ട് പെട്ടിക്കടുത്തു ചെല്ലുമ്പോൾ ഈ സ്ഥാനാർത്ഥികളുടെ പേരുകളെഴുതിയ കടലാസാണു് കൈയിൽകിട്ടുക. അവരിൽ ആക്കെങ്കിലും അല്ലാതെ, അവരിൽപ്പെടാത്ത മററാക്കും വോട്ടുചെയ്യാൻ സമ്മതിദായകനു സ്വാതന്ത്ര്യമില്ല. വോട്ടിംഗിനു പോകാതിരിക്കാനോ, പോയശേഷം ബാലട്ടുകടലാസിലുള്ള സകല പേരുകളും വെട്ടിക്കളയാനോ അയാൾക്കവകാശമുണ്ടു്. അങ്ങനെചെയ്യുക വളരെച്ചുരുക്കമാണു്. തന്മൂലം പലപ്പോഴും 99.9 ശതമാനം ഭൂരിപക്ഷത്തോടുകൂടി ഔദ്യോഗികലിസ്റ്റിൽപ്പെട്ട സ്ഥാനാർത്ഥികൾ എല്ലായ്പ്പോഴും തന്നെ തിരഞ്ഞെടുക്കപ്പെടുന്നു. ഇങ്ങനെ രാജ്യമാസകലം തിരഞ്ഞെടുക്കപ്പെടുന്ന സോവ്യറ്റ് പ്രതിനിധികളടങ്ങിയതാണു് റഷ്യയിലെ സുപ്രീംസോവ്യറ്റ് എന്ന പരമാധികാരസഭ.

മോസ്ക്കോയിൽ ക്രെംലിനിൽ സമ്മേളിക്കുന്ന ഈ സഭയിലെ വാദപ്രതിവാദങ്ങളിൽ സാമാജികന്മാക്കു പങ്കെടുക്കാം. അവരവരുടെ പ്രദേശങ്ങളിൽ നടക്കുന്ന അഴിമതികളെപ്പററി അറിവുകൊടുക്കുവാനും അവയെ ദൂരികരിക്കേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും അവക്കു തടസ്സമില്ല. എന്നാൽ നേതാക്കന്മാർ ഹാജരാക്കുന്ന ഏതൊരു പദ്ധതിയും നിയമവും ഐകകണ്ഠ്യമായിത്തന്നെ അവരെല്ലായ്പ്പോഴും വോട്ടുചെയ്തു പാസാക്കുന്നു. ഏതെങ്കിലും ഒരു സാമാജികൻ എതിരായി വോട്ടുചെയ്താൽ അതവനു് തടങ്കൽ ക്യാമ്പിലേക്കുള്ള കുറുക്കുവഴിയായിരിക്കും. ആകയാൽ ഈ പരമാധികാരസഭ കേവലം ഒരു പാവയാണെന്നും അതിലെ വാദപ്രതിവാദങ്ങളും വോട്ടെടുപ്പും ഒരു പ്രഹസനം മാത്രമാണെന്നും സ്പഷ്ടമല്ലയോ? ആ പാവയുടെ ചരടുകൾ മുറുക്കിപ്പിടിച്ചിരിക്കുന്നതു് റഷ്യയിലെ ഏകരാഷ്ട്രീയസംഘടനയായ കമ്മ്യൂണിസ്റ്റ്പാർട്ടിയാകുന്നു. ഏകദേശം 180,000,000 വരുന്ന സോവ്യറ്റ് യൂണിയനിലെ ജനസംഖ്യയിൽ ഏകദേശം 5,000 000 അംഗങ്ങളാണു് കമ്മ്യൂണിസ്റ്റ്പാർട്ടിയിലുള്ളതു്. ആകെ ജനസംഖ്യയിൽ പ്രായപൂർത്തിവന്നവർ 100,000,000 ആണെന്നു കണക്കാക്കുന്നപക്ഷം അവരിൽ 20 നു് 1 വീതമേ സാക്ഷാൽ രാഷ്ട്രീയാധികാരമുള്ള കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ ഉൾപ്പെടുന്നുള്ളു. ഈ ഒരാൾ ബാക്കി 19 പേരെ ഭരിക്കുകയാണു്.

കമ്മ്യൂണിസ്റ്റുപാർട്ടിയിലെ അംഗങ്ങൾക്കുതന്നെയും ഭരണകാര്യങ്ങളിൽ കാര്യമായ സ്വാധീനമൊന്നും ചെലുത്താൻ കഴിയുകയില്ല. കാരണം, ആ പാർട്ടിയിൽ പ്രജായത്തഭരണത്തിൻെറ നിഴൽപോലും കാണാൻ വിഷമമാണു്. പാർട്ടിയിലെ മേധാവികളുടെ ഇംഗിതത്തിനെതിരായി ശബ്ദിക്കുന്നവരെ അറസ്റ്റുചെയ്തു് യാതൊരു പരസ്യവിചാരണയുംകൂടാതെ നാടുകടത്തുന്നു. പ്രാദേശിക പാർട്ടികളിലെ ഉദ്യോഗസ്ഥന്മാരെ അംഗങ്ങൾ തിരഞ്ഞെടുക്കുകയല്ല, മേലധികാരത്തിൽനിന്നു് നിയമിക്കുകയാണു് ചെയ്യുന്നതു്. ആ മേലധികാരികൾ അവർക്കു മുകളിലുള്ളവരാൽ നിയമിക്കപ്പെട്ടവരാണു്. ഇങ്ങനെ പ്രയോഗത്തെ സംബന്ധിച്ചിടത്തോളം കമ്മ്യൂണിസ്റ്റുപാർട്ടിയാണു് രാജ്യത്തിലെ സമസ്താധികാരവും വഹിക്കുന്നതു്. അനേകം നിലകളോടുകൂടിയതും ഉയരുംതോറും ചുരുങ്ങിവരുന്നതുമായ സൂച്യഗ്രസ്തംഭം (Pyramid) പോലെയാണു് ഈ പാർട്ടിയുടെ അധികാരഘടന. അടിയിലുള്ള ഓരോ നിലയിലുള്ളവരുടേയും അധികാരം അതിനു മുകളിലുള്ള നിലയിലുള്ളവരുടെ അധികാരത്തിനു് അടിമപ്പെട്ടിരിക്കുന്നു. എല്ലാത്തിനും മുകളിലായി സ്തംഭത്തിൻെറ അഗ്രമായി സ്ഥിതിചെയ്യുന്നതു് പൊളിററ് ബ്യൂറോ എന്നു വിളിക്കപ്പെടുന്ന പരമാധികാരസമിതിയാണു്.

മാർഷൽ സ്റ്റാലിൻെറ അദ്ധ്യക്ഷതയിൽ 14പേരടങ്ങിയതാണു് ഈ സമിതി. അതിലെ അംഗങ്ങൾ അവരുടെ സ്ഥാനം വിടാതെ എന്നും തുടന്നുകൊണ്ടിരിക്കുന്നു. അതിലെ അംഗങ്ങൾക്കു് സഖാവു സ്റ്റാലിനുമായി വാദപ്രതിവാദം നടത്താൻ വിരോധമില്ല. എന്നാൽ അവസാനതീരുമാനം സ്റ്റാലിനാണു് ചെയ്യുന്നതു്. ആ തീരുമാനം സ്വീകരിക്കാത്ത ധിക്കാരികളായ അംഗങ്ങളും അവരുടെ കീഴുള്ള ഉദ്യോഗസ്ഥന്മാരും ശുദ്ധികമ്മപ്രസ്ഥാനത്തിനു് വിധേയരായി നാമാവശേഷമാക്കപ്പെടും.

### "ചെക്ക" എന്ന രഹസ്യപ്പോലീസിൻെറ സഹായത്താൽ സ്റ്റാലിൻ നടത്തിയ ശുദ്ധികമ്മപ്രസ്ഥാനം

സോവ്യറ്റ് റഷ്യയിൽ ജനങ്ങളാരും ഗവമ്മെൻറിനെ വിമർശിക്കുന്നില്ലെന്നു മഹാകവി പറഞ്ഞതു് വാസ്തവം. എന്നാൽ അതിനദ്ദേഹം ചൂണ്ടിക്കാണിച്ച കാരണം—രാഷ്ട്രശരീരം നല്ല ആരോഗ്യമുള്ളതായിരിക്കകൊണ്ടു്, സോവ്യറ്റു റഷ്യയിൽ ഏററവും തൃപ്തികരമായവിധത്തിൽ ഭരണം നടക്കുന്നതുകൊണ്ടു്, ഭരണത്തെ വിമർശിക്കാൻ ജനങ്ങൾക്കാവശ്യമില്ലെന്നു പറഞ്ഞതു്—അവാസ്തവം. ജനങ്ങൾ ഗവമ്മെൻറിനെ വിമർശിക്കാത്തതു് ജീവനെക്കുറിച്ചുള്ള പേടികൊണ്ടാണു്. വിമർശിക്കുന്നവക്കു് നേരിടുന്ന ആപത്തെന്താണെന്നു് അവർക്കു് നല്ലവണ്ണമറിയാം.

സോവ്യറ്റു റഷ്യയിൽ ആരംഭംമുതൽക്കേ ഭീകരപ്രവർത്തകരായ ഒരുവക രഹസ്യപ്പോലിസുസംഘം ഉണ്ടായിരുന്നു. ആദ്യം "ചെക്ക" (Cheka) എന്നും, പിന്നീടു് "ജിപിയു" (G P U) എന്നും, അനന്തരം "എൻ കെ വി ഡി" (N K V D) എന്നും, ഇപ്പോൾ "എം വി ഡി" (M V D) എന്നും മാറിമാറി പല പേരുകൾ ഈ സംഘത്തിനുണ്ടു്. ഇവരുടെ സംഖ്യ എത്രയാണെന്നു ഖണ്ഡിതമായിപ്പറയാൻ സാധ്യമല്ലെങ്കിലും, 4,000,000 ആണെന്നാണു് സാധാരണമായി കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഇവക്കു് ഫുൾടൈം ഏജൻറന്മാരായും അവസരംപോലെ അറിവുകൊടുക്കുന്നവരായും ലക്ഷോപലക്ഷം വേറെ ആളുകളുമുണ്ടു്. ഈ സംഘടനയുടെ കീഴിൽ സ്വന്തം പട്ടാളവും അവർക്കു യന്ത്രത്തോക്കുകളും ഉണ്ടു്. 1,000 000 ത്തോളം വരുന്ന ഈ പട്ടാളക്കാർ സാധാരണ പട്ടാളക്കാരെക്കാൾ സജ്ജീകരണങ്ങളുള്ളവരും ആനുകൂല്യങ്ങൾ അനുഭവിക്കുന്നവരുമാണു്. ഈ രഹസ്യപ്പോലിസിൻെറ അധികാരം ഗവമ്മെൻറിൻെറ സകല ശാഖകളിലും, പാർട്ടിയുടെ സകല ഘടകങ്ങളിലും, സകല സൈന്യവിഭാഗങ്ങളിലും വ്യാപിച്ചുകിടക്കുന്നു. പരമാധികാരസഭയായ പൊളിററ് ബ്യൂറോയിലെ അംഗങ്ങൾപോലും, സ്റ്റാലിൻ ഒഴിച്ചു്, അവരുടെ ഗൂഢപരിശോധനക്കു വിധേയരാണു്. ഗവമ്മെൻറിലേയും പാർട്ടിയിലേയും ഉന്നതോദ്യോഗസ്ഥന്മാരെ ഇഷ്ടാനുസാരം അറസ്റ്റുചെയ്യാനും, സാധാരണ പൗരന്മാരുടെ ജീവൻെറമേലും അവർക്കധികാരമുണ്ടു് ഓരോ വലിയ ഫാക്ടറിയു

(ശേഷം 10-ാം പേജിൽ)

D. B. Charities Fund.
Rs. 100,000 in Prizes
First Prize Rs. 40,000

A lottery is being run by the Salesian Fathers of St. John Bosco in Calcutta for the sake of providing bread and clothing to hundreds of boys to whom they impart a sound technical and social education in their institutions in India. We solicit the co-operation of all good people. It is a work which will no doubt draw God's blessings upon those who so help. Over one lakh of Rupees is distributed in prizes every time, and in addition a large commission is given to collectors. Each ticket costs Rs. 2/-. (Rupees two only). The drawing date of the event in course is on 20—12—51. All correspondence is to be done in English and addressed to:-

*The Honorary Secretary,*
D. B. Charities Fund,
15 Portuguese Church Street,
Calcutta 1. (Bengal).

# പുനരൈക്യപ്രത്യവലോകനം

(റവ. ഫാദർ ഗീവറുഗീസ് പീടികയിൽ, ഓമല്ലൂർ)

(8-ാം ലക്കത്തിൽനിന്നു തുടർച്ച)

### വിജയവും പ്രേഷിതവൃത്തിയും

ഞാൻ പെ: ബ: ലേരാൻസ് അച്ചനെ കണ്ടു പുനരൈക്യത്തിനു ഒരുങ്ങിയിരിക്കുന്ന വിവരം ധരിപ്പിക്കുകയും അദ്ദേഹം എന്നെ കൊല്ലത്തുകൊണ്ടുപോയി ബെൻസീഗർ തിരുമേനിയുമായി പരിചയപ്പെടുത്തുകയും ചെയ്തു. തിരുമേനി എന്നെ ഹാർദ്ദമായി സ്വീകരിച്ചു് വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിനും കൽദായസുറിയാനി തക്സാ പരിശീലിക്കുന്നതിനുമായി മന്നാനം ആശ്രമത്തിലേക്കയച്ചു. പെ. ബ. റോമുയാസച്ചൻ എം. എ. എൽ. റി. യാണ് എന്നെ തക്സാ പഠിപ്പിച്ചതു്. ഒരു മാസം മന്നാനത്തു താമസിച്ചശേഷം ഞാൻ കൊല്ലത്തുപോകയും 1926 ജൂൺ മാസം 23-ാംനു തിരുമേനി എന്നെ കത്തോലിക്കാതിരുസഭയിലേക്കു സ്വീകരിക്കയും അങ്ങനെ എന്റെ സത്യാന്വേഷണം എന്നെ വിജയപഥത്തിൽ എത്തിക്കയുംചെയ്തു. തദനന്തരം എന്റെ വന്ദ്യപിതാവി(അബ്രഹാം കത്തനാർ)നേയും കൂട്ടികൊണ്ടു വീണ്ടും ഞാൻ കൊല്ലത്തുപോകയും അദ്ദേഹത്തെയും തിരുമേനി കത്തോലിക്കാതിരുസഭയിലേക്കു സ്വീകരിക്കയുംചെയ്തു. ഇതിനകം പുത്തൻപീടികയിൽ എന്റെ വക സ്ഥലത്തു ഒരു ഷെഡ്ഡ് പണിയിച്ചു കർബാന ചൊല്ലുന്നതിനുവേണ്ട ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരുന്നു. എന്നോടുകൂടി ബ: ലേരാൻസച്ചൻ ഇവിടെവന്നു താമസിച്ചുകൊണ്ട് ആദ്യതവണ 27കുടുംബങ്ങളിലായി 120 പേരെ പുനരൈക്യപ്പെടുത്തി. താമസംവിനാ കാവൽമാലാഖമാരുടെ നാമത്തിൽ മനോഹരമായ പള്ളിയും തീർന്നു. അന്ത്യോക്യൻ റീത്തു കേരളത്തിൽ അനുവദിച്ചു കിട്ടുന്നതുവരെ ഇതിനുമുൻപും പിൻപും പല വൈദികർ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടിട്ടുണ്ടെങ്കിലും വിശ്വാസികളായ ഇത്രവളരെ ജനങ്ങളുമൊരുമിച്ചു പുനരൈക്യപ്പെടുവാനുള്ള ഭാഗ്യം മറാർക്കും ഉണ്ടായിട്ടില്ല. പുത്തൻപീടിക ഒരു മാതൃകാ ഇടവകയായി പരിലസിച്ചു. സത്യാന്വേഷികളുടെ എണ്ണം ക്രമേണ വർദ്ധിച്ചുകൊണ്ടിരുന്നു. പ്രേഷിതവൃത്തിക്കു ഞാൻ സ്വയം അർപ്പിച്ചു. എന്റെ നേതൃത്വത്തിൽ മി. കെ. എം. ഈശോ "ക്രൈസ്തവസാമ്രാജ്യം" എന്ന പേരിൽ സത്യാന്വേഷികൾക്കു പ്രിയംകരമായ ഒരു ഗ്രന്ഥവും ഇവിടെനിന്നും പ്രസിദ്ധീകരിച്ചു. വേദപ്രചാരത്തിനു ഉപയുക്തമായ അനേകം പുസ്തകങ്ങളും ലഘുലേഖകളും ഇവിടെയും ചുറ്റുപാടും ഉള്ള സ്ഥലങ്ങളിൽ ധാരാളമായി വിതരണംചെയ്തു കൂടാതെ പലസ്ഥലങ്ങളിലും സഞ്ചരിച്ചു ഞാൻ മിഷൻവേല ചെയ്തുകൊണ്ടിരുന്നു. എന്റെ പ്രവൃത്തനത്തിൽ ഞാൻ വളരെ ക്ലേശങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. ഞാൻ പോകുന്ന സ്ഥലങ്ങളിൽ വി. കർബാന അർപ്പിക്കുവാൻ ആരും സ്ഥലം തന്നില്ല. 5-ഉം-6-ഉം മൈൽ അകലെയുള്ള സ്ഥലങ്ങളിൽ ഞാൻ നടന്നുപോയി വേലചെയ്കയും രാത്രിയിലോ പ്രഭാതസമയത്തോ തിരികെവന്നു് എന്റെ പള്ളിയിൽ വി. കർബാന ചൊല്ലുകയും ചെയ്തുകൊണ്ടിരുന്നു. ഈ യാത്രയിൽ വിശപ്പും ദാഹവും പ്രകൃതിയുടെ ചൂടും തണുപ്പും സഹിക്കേണ്ടിവന്നിട്ടുണ്ട്. ഇങ്ങനെ നാലഞ്ചുകൊല്ലം വേലചെയ്തതിന്റെ ഫലമോ വളരെ നിസ്സാരം. അഞ്ചാറുസ്ഥലങ്ങളിലായി ഒന്നും രണ്ടും കുടുംബങ്ങൾ വീതമാണു പുനരൈക്യപ്പെട്ടതു്. രണ്ടു സ്ഥലങ്ങളിൽ ഏഴെട്ടു കുടുംബക്കാർ വീതം പുനരൈക്യപ്പെടുകയും അവിടെ രണ്ടിടത്തും ഓരോ താല്ക്കാലികകെട്ടിടങ്ങൾ ഉണ്ടാക്കി ആരാധനനടത്തുകയും ചെയ്തുകൊണ്ടിരുന്നു. സാമ്പത്തികമായ ഞെരുക്കവും അല്പമായി എന്നെ അലട്ടാതിരുന്നില്ല. എനിക്കു യാക്കോബായ സഭയിൽനിന്നു് ലഭിച്ചുകൊണ്ടിരുന്ന വരുമാനത്തിന്റെ പകുതിപോലും ഇപ്പോൾ ലഭിച്ചിരുന്നില്ല. ഇങ്ങനെ കുരിശുംവഹിച്ചുകൊണ്ടു ഞാൻ മുൻപോട്ടുപോയി. കൊല്ലം രൂപതയിലെ എന്റെ പ്രവർത്തനംമൂലം പുനരൈക്യപ്പെട്ടവർ ചുരുക്കമാണെങ്കിലും കത്തോലിക്കാസഭയെപ്പററിയുണ്ടായിരുന്ന തെററിദ്ധാരണ എല്ലാസ്ഥലത്തും മാറിയിരുന്നു. റീത്തുവ്യത്യാസവും പള്ളിയുടെയും സെമിനാറിയുടെയും അഭാവവും ആയിരുന്നു എല്ലാവർക്കും തടസ്സമായിരുന്നതു്.

### പുതിയ പ്രസ്ഥാനവും വലിയ മീൻകൂട്ടവും

ഇസ്രായേൽ ജനത്തിനു മോശ എന്നപോലെ പുത്തൻകൂർ സുറിയാനിക്കാരുടെ ഉദ്ധാരണത്തിനായി ദൈവം മാർ ഈവാനിയോസു തിരുമേനിയെ ഉയർത്തുകയും ഇൻഡ്യയുടെ ന്യൂമൻ എന്നറിയപ്പെടുന്ന ആ അഭിവന്ദ്യപിതാവ് തന്റെ അനുയായികളോടുകൂടി 1930-ൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയുംചെയ്തു. തിരുമേനി പുനരൈക്യപ്പെട്ട ഉടനെ പ്രേഷിതവൃത്തിയിൽ തന്നെ സഹായിക്കുന്നതിനായി എന്നെ തിരുവനന്തപുരം അതിരൂപതയ്ക്കു വിട്ടുകൊടുക്കണമെന്നു് ബെൻസീഗർ തിരുമേനിയോടു് ആവശ്യപ്പെടുകയുണ്ടായി. ഇടവകചാർജ്ജ് വിടാതെ തിരുമേനിയുടെ മിഷൻപ്രവർത്തനത്തിൽ അദ്ദേഹത്തെ സഹായിപ്പാനായി എന്നെ നിയമിക്കാമെന്നു കാണിച്ചു ബെൻസീഗർ തിരുമേനി മറുപടികൊടുക്കയും അതനുസരിച്ചു റാന്നി മുതൽ കോഴഞ്ചേരിവരെയും തുമ്പമൺ മുതൽ കോന്നിവരെയും ഉള്ള സ്ഥലങ്ങളെ പത്തനംതിട്ട ഡിസ്ട്രിക്ട് എന്ന പേരിൽ ഒരു ഡിസ്ട്രിക്ടായി തിരിച്ച് അതിന്റെ മിഷനറിയായി ഞാൻ നിയമിതനാവുകയും സഭയ്ക്കും സമുദായത്തിനും അഭിമാനകരമായി എന്റെ കൃത്യം ഞാൻ നിർവ്വഹിക്കയുംചെയ്തു. തൽഫലമായി വളരെ ആളുകൾ പുനരൈക്യപ്പെടുകയും പലയിടത്തും വസ്തുക്കൾ വാങ്ങി ചാപ്പലുകളും പള്ളികളും സ്ഥാപിക്കയുംചെയ്തു. കേരളത്തിൽ പുനരൈക്യപ്പെട്ടവരുടെ സംഖ്യ നോക്കിയാൽ പത്തനംതിട്ട ഡിസ്ട്രിക്ടിലാണ് ഏററവും കൂടുതൽ എന്നു ഡിറക്ടറിയിൽനിന്നു മനസ്സിലാക്കാവുന്നതാണ്. എന്റെ കഴിവിന്റെ പരമാവധി ഞാൻ അതിനായി ഉപയോഗിച്ചിരുന്നു. എവിടെ സത്യാന്വേഷണങ്ങളും കോൺഫറൻസുകളും പ്രസംഗങ്ങളുമുണ്ടോ അവിടെ ഞാൻ ഓടിയെത്തും. എല്ലാവരും എന്റെ സാന്നിധ്യവും സഹകരണവും ആവശ്യപ്പെട്ടിരുന്നു. 1932-ൽ എന്റെ സ്ഥലമായ പുത്തൻപീടികയിൽ വച്ചു നിലയിൽ ഒരു കോൺഫറൻസ് മാർ ഈവാനിയോസു തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുകയും, പെ: ബ: പഞ്ഞിക്കാരനച്ചൻ, പെ: ബ: ജോൺ റിബേരാ അച്ചൻ, ബ: മണ്ണൂരഞ്ചേരിലച്ചൻ ആദിയായവർ പ്രസംഗിക്കയുംചെയ്തു. ചങ്ങനാശ്ശേരി, കോട്ടയം, തിരുവല്ല എന്നീ രൂപതകളിൽപ്പെട്ട പല കോൺഫറൻസുകളിലും ഞാൻ ഒരു പ്രസംഗകനായിരുന്നു. പെ. ബഹുമാനപ്പെട്ട നടുവത്തുശ്ശേരിലച്ചൻ, ബ: തോട്ടാശ്ശേരിലച്ചൻ മുതലായി പലരും സംബന്ധിച്ചിരുന്ന തോട്ടയ്ക്കാട്ടു കോൺഫറൻസിൽവച്ചു് വേദപ്രചാരത്തെ ഉദ്ദേശിച്ചു "സൺഡെ വിസിറ്റർ" പോലെ ഒരു മലയാളവാരിക തുടങ്ങണ[illegible] അഭിപ്രായം ഞാൻ ഉന്നയിക്ക[illegible]റുള്ളവർ അതിനെ അനുകൂലിക്കയും ചെയ്തു. ഇതിനുശേഷമാണ് സത്യദീപം ജന്മമെടുത്തതു്. സത്യദീപത്തിന്റെ ആദ്യലക്കത്തിൽ അതിന്റെ ജനയിതാക്കളിൽ ഒരാളായി എന്നെയും ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഇങ്ങനെ ഏറിയ കായക്ലേശങ്ങൾ സഹിച്ചും പലസ്ഥലങ്ങളിൽ സഞ്ചരിച്ചു പ്രസംഗയോഗങ്ങൾ, വേദോപദേശക്ലാസ്സുകൾ ഇവ നടത്തിയും ആളാംപ്രതിയുള്ള ഉപദേശങ്ങൾ കൊടുത്തും അനേകംപേരെ സത്യസഭയിലേക്ക് ആനയിച്ചുകൊണ്ടുവരവെ 1941-ൽ ഞാൻ വാതരോഗബാധിതനായിത്തീരുകയും 5കൊല്ലം സ്ഥിരമായി ശയ്യയിൽത്തന്നെ കിടക്കേണ്ടിവരികയുംചെയ്തു. ചികിത്സമൂലം യാതൊരു ആശ്വാസവും ലഭിക്കാതെ വൈദ്യന്മാരാൽ ഉപേക്ഷിതനായി. എങ്കിലും പരി: കന്യാ[illegible]യം, വി: കൊച്ചുത്രേസ്യ, ആഴ[illegible]ലെ വികാരിയായിരുന്ന വി: ജോൺ വിയാനി, ഇവരുടെ മാദ്ധ്യസ്ഥംമൂലം 1946-ൽ വീണ്ടും സുഖം പ്രാപിക്കയും ദിവ്യബലി അർപ്പിച്ചുതുടങ്ങുകയും ശാന്തമായ രീതിയിൽ എന്റെ മിഷ്യൻപ്രവർത്തനം തുടരുകയുംചെയ്തു.

### റീത്തുമാററം

അന്ത്യോക്യൻ റീത്തുപ്രസ്ഥാനം ക്രമേണ അഭിവൃദ്ധിപ്രാപിക്കയും തദ്വാരാ വേദപ്രചാരവും മാനസാന്തരങ്ങളും വിപുലീകരിക്കയുംചെയ്തപ്പോൾ അന്ത്യോക്യൻ റീത്തിലേക്കും ഭരണത്തിലേക്കും മാറണമെന്നുള്ള എന്റെ ജന്മസിദ്ധമായ ആഗ്രഹം വർദ്ധിക്കുകയും കൊല്ലം ബിഷപ്പുതിരുമേനിയെ ഈ വിവരം അറിയിക്കുകയും റീത്തുമാററത്തിനു ശ്രമിക്കുകയുംചെയ്തു. 1947-ൽ തിരുസിംഹാസനത്തിൽനിന്നും എന്നെ അന്ത്യോക്യൻ റീത്തിലേക്കും തിരുവനന്തപുരം അതിരൂപതയിലേക്കും വിട്ടയച്ചു കല്പനയുണ്ടായതിനാൽ ഞാൻ ഇപ്പോൾ എന്റെ ബാല്യകാലംമുതൽ എന്നെ അതിമാത്രം സ്നേഹിച്ചു കരുണയോടുകൂടി എന്നോടു വർത്തിച്ചുകൊണ്ടിരിക്കുന്ന മാർ ഈവാനിയോസ് തിരുമേനിയുടെ നേരിട്ടുള്ള ഭരണത്തിലും നടത്തിപ്പിലും ആയിരിക്കുന്നു. വേദപ്രചാരത്തെ ഉദ്ദേശിച്ചു തിരുമേനി എന്നെ കുറെക്കാലം ചന്ദനപ്പള്ളിയിലും പിന്നീടു് ചിക്കനാലും വികാരിയായി നിയമിച്ചതനുസരിച്ച് എന്നിൽ നിക്ഷിപ്തമായ കടമ നിർവ്വഹിച്ചുകൊണ്ടിരുന്നു.

എന്നാൽ ഈ അടുത്തകാലത്തു് എന്റെ ആരോഗ്യം ക്ഷയിച്ചു സുഖക്കേടുകൾ വർദ്ധിക്കയാൽ ഭരണത്തിൽനിന്നു വിരമിച്ചു ദിവ്യബലി അർപ്പിക്കാൻ നിവൃത്തിയില്ലാതെ വീട്ടിൽ, സ്വസ്ഥനായി പ്രാർത്ഥനയിലും വായനയിലും ധ്യാനത്തിലും കഴിച്ചുകൂട്ടുകയുമാണ്. പുത്തൻപീടികയിൽ ഇപ്പോൾ കത്തോലിക്കരായി 70-ൽപ്പരം വീട്ടുകാരും 400-ഓളം അംഗങ്ങളും ഉണ്ട്. പുത്തൻപീടിക സ്വദേശിയും 3കൊല്ലംമുമ്പ് കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ട ദേഹവുമായ ബ: ആമ്പശ്ശേരിൽ തോമസച്ചന്റെ ഭരണത്തിൻകീഴിൽ ഈ ഇടവക ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നു. 1926-ൽ എന്റെ പുനരൈക്യകാലംമുതൽ 21കൊല്ലത്തോളവും പുത്രനിർവ്വിശേഷമായ വാത്സല്യത്തോടുകൂടി എന്നെ സ്നേഹിക്കുകയും ആത്മികവും ലൗകികവുമായ എന്റെ സകല കാര്യങ്ങളിലും വേണ്ട കരുതലോടുകൂടി പ്രവർത്തിക്കുകയുംചെയ്ത കൊല്ലം രൂപതാദ്ധ്യക്ഷന്മാരോടും പ്രത്യേകിച്ചു ഇപ്പോഴത്തെ വന്ദ്യതിരുമേനിയോടുമുള്ള എന്റെ കടപ്പാടിനെ ഞാൻ ഹാർദ്ദമായി പ്രദർശിപ്പിച്ചുകൊണ്ടും, ഇപ്പോഴത്തെ ബ: എന്റെ ഇടവകവികാരിയോടും പ്രിയപ്പെട്ട എന്റെ ജനങ്ങളോടും ഉള്ള അതിവമായ സ്നേഹത്തെ പ്രസ്പഷ്ടമാക്കിക്കൊണ്ടും ഈ ലേഖനം അവസാനിപ്പിക്കുന്നു.

ജീവിതത്തിന്റെ സായാഹ്നത്തിൽ, വാർദ്ധക്യത്തിന്റെ നേരിയ കരിനിഴലിൽ, രോഗത്തിന്റെ മടിത്തട്ടിൽ, ജീവിതമഹാഗ്രന്ഥം മൗനമായി പാരായണംചെയ്തുകൊണ്ടു ലഘുജീവിതം കഴിച്ചുവരുന്ന എനിക്കുവേണ്ടി സത്യദീപബന്ധുക്കൾ പ്രാർത്ഥിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

ഫാത്തിമാബാലസമിതി

# യുദ്ധത്തിന്റെ കാരണവും ഫലവും

പ്രിയ കുട്ടികളേ,

"വേദപുസ്തകം വായിച്ചോ? മിശിഹായുടെ പരീക്ഷകളെ വിവരിക്കുന്ന ഭാഗം. വായിച്ചെന്നു കരുതുന്നു. ഞാൻ നോക്കട്ടെ. ജോൺ! അതെങ്ങനെയാണ് ആരംഭിക്കുന്നതു്?"

"കണ്ണോപ്പം പഠിച്ചില്ല."

"കണ്ടതു പഠിച്ചോ?. ഹ, ഹ, ഹ!"

"നോക്കി വായിക്കാം. പുസ്തകം ഞാൻ കൊണ്ടുവന്നിട്ടുണ്ട്."

"കൊള്ളാം! അങ്ങനെയാകട്ടെ."

"അതിനുശേഷം പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിനായി ഈശോ അരൂപിയാൽ മരുഭൂമിയിലേക്കു് നയിക്കപ്പെട്ടു ... ..."

"ഇരിക്കാം. അതിനുശേഷം! ഏതിനു ശേഷം? ലില്ലാമ്മ."

"ജ്ഞാനസ്നാനത്തിനുശേഷം."

"ബ്രാവൊ! അരൂപിയെന്നു പറയുന്നതു് ആരാണു്? തമ്പി."

"പരിശുദ്ധാരൂപിയായിരിക്കാം."

"ശരി! എന്നാൽ ഒരു സംശയം. റൂഹാദക്കുദശാ തമ്പുരാൻ കൂട്ടികൊണ്ടുപോയതു് അങ്ങു പരീക്ഷിക്കാനാണെന്നോ? അതു് എങ്ങനെ ശരിയാകും? എന്തുകൊണ്ടെന്നാൽ "ദൈവം ഒരു മനുഷ്യനേയും പ്രലോഭനത്തിൽ ഉൾപ്പെടുത്തുകയില്ലെ"ന്നു വിശുദ്ധ യാക്കോബു ശ്ലീഹാ പഠിപ്പിക്കുന്നു. ഈ പ്രസ്താവനകൾ രണ്ടും എങ്ങനെ യോജിക്കും? ആർക്കു പറയാം ഉത്തരം ... ആർക്കും അറിഞ്ഞുകൂടാ.... സാരമില്ല ... പറഞ്ഞുതരാം.

"പ്രലോഭനം അഥവാ പരീക്ഷ രണ്ടുതരമുണ്ട്. ഒന്നു് നമ്മളെ വഞ്ചിച്ചു് പാപത്തിൽ വിഴിക്കുന്നതു്. അതിനായി ഉദ്ദേശിക്കപ്പെട്ടതു്. അത്തരം പ്രലോഭനം പിശാചിൽനിന്നേ ഉണ്ടാകയുള്ളു. ദൈവം അങ്ങനെ ആരേയും പ്രലോഭിപ്പിക്കയില്ല. ഇതേപ്പററിയാണ് ശ്ലീഹാ പറയുന്നതു്. രണ്ടാമത്തേതു്, നമ്മുടെ വിശ്വസ്തതയെ, സ്നേഹത്തെ ശോധനചെയ്തു് തക്ക സമ്മാനം നൽകുന്നതു്. ഈവക പരീക്ഷ, നമ്മുടെ പള്ളിക്കൂടങ്ങളിലെ പരീക്ഷയ്ക്കു തുല്യമാണു്. ഈവിധം ദൈവം നേരിട്ടു് നമ്മളെ പരീക്ഷിച്ചെന്നുവരാം. ഈ ഉദ്ദേശത്തോടെ ദൈവം പിശാചിനെ അനുവദിച്ചെന്നുംവരാം നമ്മളെ പരീക്ഷിക്കാൻ. മനസ്സിലായോ?"

"ഉവ്വ, ഉവ്വ. ഉവ്വ് ... ..."

"മതി, ഇതു് എന്റെ അഭിപ്രായമല്ല. വിശുദ്ധ അഗുസ്തിനോസ് മല്പാനാണു ഇങ്ങനെ പഠിപ്പിച്ചിരിക്കുന്നതു്."

"അപ്പോൾ ഈശോയെ പ്രലോഭിപ്പിച്ചതു് സമ്മാനം കൊടുക്കാനായിരുന്നോ?"

"അതേ, ജയിംസ്! ഞാൻ കുറച്ചുദിവസം മുൻപു് പറഞ്ഞതു് നിങ്ങൾ ഓർക്കുന്നുണ്ടോ? ഈശോ നമ്മുടെ പ്രതിനിധിയായിട്ടു് മാമ്മോദീസാ മുങ്ങിയ കാര്യം?"

"ഉം, ഉം, ഉം, ഉം...."

"കൊള്ളാം! നമ്മുടെ പ്രതിനിധിയായിട്ടുതന്നെയാണ് മരുഭൂമിയിലേക്കു് അവിടുന്നു് നയിക്കപ്പെട്ടതു്. പണ്ടു് ആദത്തെ മയക്കുവിദ്യ ഉപയോഗിച്ചു് പിശാചു് തോല്പിച്ചു. ഈശോയാകട്ടെ, നമുക്കുവേണ്ടി, പരിശുദ്ധാരൂപിയാൽ പ്രേരിതനായി ആ പാപദുഷ്ടനെ പോരിനു വിളിച്ചു യുദ്ധത്തിനുള്ള സാഹചര്യം സൃഷ്ടിച്ചുകൊടുത്തു. എന്നിട്ടു തോല്പിച്ചു് പമ്പകടത്തി. ഈശോ ഇങ്ങനെ ചെയ്തതു് എന്തിനാ, മാത്യൂ!"

"നമുക്കു് ധൈര്യംതരാൻ."

"അതിനുതന്നെ. നമ്മുടെ ജീവിതം പ്രാർത്ഥനയുടേയും തപസ്സിന്റേയും സമരത്തിന്റേയും ജീവിതമാണ്. അതിനു മാതൃക കാണിച്ചുതരികയായിരുന്നു ഈശോ. നാല്പതാംമലയിലെ ഈ ദൃഷ്ടാന്തം തികച്ചും അനിതരസാധാരണമാണ്. സംശയമില്ല. എന്നാൽ തന്റെ പ്രവൃത്തി വഴിയായി പ്രാർത്ഥനയിലും പ്രായശ്ചിത്തപ്രവൃത്തികളിലും ആദത്തിന്റെ സന്തതികൾ കാണിച്ച അശ്രദ്ധയ്ക്കു് അവിടുന്നു പരിഹാരംനേടി. നമ്മുടെ ശത്രുക്കളായ ലോകത്തേയും പിശാചിനേയും ശരീരത്തേയും ജയിക്കുന്നതിനു വേണ്ട അനുഗ്രഹങ്ങൾ അവിടുന്നു സമ്പാദിച്ചു.

നമുക്കു പരീക്ഷകൾ ഉണ്ടാകും. പിശാചു് ഗർജ്ജിക്കുന്ന സിംഹംപോലെ ഓടിനടക്കുകയാണ്. ആരെയാണ് വിഴുങ്ങേണ്ടതു് എന്നാണ് അവന്റെ നോട്ടം. അവനങ്ങനെ ഓടിനടന്നു തുലഞ്ഞുകൊള്ളട്ടെ. നിങ്ങൾ ഒട്ടും ഭയപ്പെടേണ്ട. നിങ്ങളെ അവൻ തൊടുകയില്ല. തീർച്ച. നല്ലവണ്ണം പ്രാർത്ഥിക്കണം, ദൈവത്തിന്റെ പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കണം എന്നു മാത്രം.

"ഈശോ മാമ്മോദീസാ മുങ്ങിയ ഉടനെയാണല്ലോ പിശാചിന്റെ പരീക്ഷ ഉണ്ടായതു്. അതേപ്പററി നിങ്ങൾക്കെന്തു തോന്നുന്നു?"

"ഞങ്ങളുടെ വികാരിയച്ചൻ ഇന്നാളൊരു ഞായറാഴ്ച അതിനെക്കുറിച്ചു് പള്ളിയിൽ പ്രസംഗിച്ചു ..."

"പ്രിയ കുട്ടികളേ, പ്രസംഗം ശ്രദ്ധിച്ചുകേട്ടാൽ പലതും നമുക്കു പഠിക്കാം.

പീററർ, എന്താണ് അതിൻെറ ചുരുക്കം."

"എല്ലാം ഞാൻ ഓർക്കുന്നില്ല."

"ഓർക്കുന്നതു പറഞ്ഞാൽമതി."

"പുണ്യമായിട്ടു ജീവിക്കുവാൻ തുടങ്ങുന്നവരോട് അവൻ വളരെ വിദ്വേഷമാണ്. എന്തു കാര്യമായാലും ആരംഭത്തിൽ ഇല്ലാതാക്കാൻ എളുപ്പമാണ്. അതു പിശാചു നന്നായി അറിയുന്നു. മാമ്മോദീസാ മുങ്ങുമ്പോൾ നാം ദൈവമക്കളാകും. അപ്പോൾ നാം പിശാചിനെ ഉപേക്ഷിക്കുന്നു, അവൻെറ പ്രവൃത്തികളെ ഉപേക്ഷിക്കുന്നു, അവൻെറ ആഡംബരങ്ങളെ ഉപേക്ഷിക്കുന്നു. ഇതു് ആ ദുഷ്ടരൂപിക്കു സഹിക്കാവതല്ല. അതുകാരണം ഈ നരകസർപ്പം നമ്മളെ ഉടനെ തന്നെ വഞ്ചിക്കാൻ വരും. ഈശോ മുൻകൂട്ടി ഇക്കാര്യം കണ്ടു. എല്ലാക്കാര്യത്തിലും ഈശോ നമുക്കു ദൃഷ്ടാന്തമായിത്തീരാൻ വന്നതാണ്. തന്നിമിത്തം ഈ അപകടത്തെ ഗ്രഹിപ്പിക്കുന്നതിനുവേണ്ടിയാണ് മാമ്മോദീസാ മുങ്ങിയ ഉടനെതന്നെ പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിനു അനുവദിച്ചതു്.

"വെൽഡൺ പീററർ! ഓമ്മ ശരി. പീററർ പറഞ്ഞതുതന്നെ ഒരു ചെറുപ്രസംഗം. പീററിനെപ്പോലെ എല്ലാവരും എല്ലാ ഞായറാഴ്ചയും പ്രസംഗം ശ്രദ്ധയോടുകൂടെ കേൾക്കണം. കേട്ടോ. വേദകാര്യങ്ങൾ പഠിക്കുന്നതിനുള്ള ഒരു പ്രധാന വഴിയാണതു്. വേദവാക്യങ്ങൾ ചൊല്ലിക്കൊണ്ടു് ഈശോ പിശാചിനെ ആട്ടിപ്പായിച്ചു. അതോർത്തുകൊള്ളണം.

"മേരി! എന്താണ് എഴുന്നേററുനില്ക്കുന്നതു?"

"എനിച്ചു ഒരുകൂട്ടം ചോദിക്കാനുണ്ടു്."

"എന്തുകൂട്ടമാ... ചോദിക്കു്... സമയം കളയല്ലേ."

"ഈശോയ്ക്കു് നാല്പതുദിവസം വിശപ്പുണ്ടായില്ലേ?"

"ഇല്ലായിരിക്കണം. നാല്പതുദിവസം കഴിഞ്ഞതിനുശേഷമാണ് വിശപ്പുണ്ടായതെന്നു വേദപുസ്തകത്തിൽ നാം വായിക്കുന്നില്ലേ?"

"ഉവ്വച്ചാ."

ദൈവസ്നേഹത്തിൽ വർദ്ധിക്കുന്തോറും ശരീരാവശ്യങ്ങൾ നാം ഓക്കുകയില്ല. വിശുദ്ധ പീററർ അലക്കാന്തറ് ബാലനായിരുന്നപ്പോൾ ഒരു സംഭവമുണ്ടായി. ഒരുദിവസം ഉണ്ണേണ്ട നേരമായിട്ടും അവനെ കണ്ടില്ല. മാതാപിതാക്കന്മാരും വേലക്കാരും അന്വേഷിച്ചു മട്ടുപ്പാവിൽ പ്രാത്ഥനാലയത്തിൽ ചെന്നു നോക്കി. അപ്പോൾ മുട്ടിന്മേൽനിന്നു പ്രാത്ഥിക്കുന്നതായി കണ്ടു. ഊണിൻെറകാര്യം അവൻ വിസ്മരിച്ചുപോയി. അത്രമാത്രം പ്രാത്ഥനയിൽ അവൻ തീക്ഷ്ണനായിരുന്നു. മൂന്നുദിവസം ജനങ്ങളും ഭക്ഷണത്തിൻെറകാര്യം മറന്നു് ഈശോയുടെ പ്രസംഗം കേട്ടുകൊണ്ടിരുന്നില്ലേ? ദൈവത്തോടുള്ള സ്നേഹം വർദ്ധിക്കുമ്പോൾ ലോകത്തിൻെറ കാര്യവും ശരീരത്തിൻെറ കാര്യവും നാം ഗണിക്കയില്ല. ഇന്നു നാം ദൈവത്തെ വളരെ കുറച്ചുമാത്രം സ്നേഹിക്കുന്നതുകൊണ്ടാണ് ലൗകികകാര്യങ്ങൾ കൂടുതലായി നമ്മളെ അലട്ടുന്നതു; നമുക്കു് അസമാധാനം ഉള്ളതു്. അതുകൊണ്ടു് നമുക്കു ദൈവത്തെ കൂടുതൽ സ്നേഹിക്കുന്നതിനു ഉത്സാഹിക്കാം. അപ്പോൾ പിശാചു് തോറേറാടും. മാലാഖാമാർ നമ്മളെ ആനന്ദിപ്പിക്കും.

ഗൃഹപാഠം

അടുത്തദിവസത്തേക്കു്: സൻഹെദ്രീൻസഭ എന്തായിരുന്നു?

സ്വന്തം കൊച്ചച്ചൻ.

——

മെഡിക്കൽ സിസ്റ്റേഴ്സ്

## ഭരണങ്ങാനം

"മേരിക്കിരി സിസ്റ്റേഴ്സ്" എന്നറിയപ്പെട്ടിരുന്ന അവർ മേലിൽ "മെഡിക്കൽ സിസ്റ്റേഴ്സ്" എന്നായിരിക്കും അറിയപ്പെടുന്നതെന്നു അറിയിച്ചിരിക്കുന്നു.

പ്രസ്തുത സന്യാസസഭയിൽപ്പെട്ട സിസ്റ്റർ ജെംസ് പാററ്നായിലെ തിരുക്കുടുംബാശുപത്രിയിൽ നഴ്സിംഗ് പരിശീലനം നടത്തിവരവെ ഈയിടെ നിര്യാതയായിരിക്കുന്ന വിവരം സവ്യസനം രേഖപ്പെടുത്തുന്നു.

R. I. P.

കുടുംബപംക്തി

# കുട്ടികൾ

[കെ. എം. ദേവസ്യാ
ബി. എസ്സി., ബി. ററി.]

വീടുകളിലും സ്കൂളുകളിലും കലാലയങ്ങളിലും എല്ലാം ഉണ്ടാകുന്ന അലങ്കോലങ്ങൾക്കു കാരണം കുട്ടികളുടെ ശിക്ഷണരാഹിത്യമാണ്. സ്വഭാവരൂപീകരണത്തിൽ പ്രകൃതിയോ പരിശീലനമോ കൂടുതൽ പങ്കു വഹിക്കുന്നതെന്നു് വിദ്യാഭ്യാസപ്രവത്തകരുടെയിടയിൽ തക്കമുണ്ടു്. എന്നിരുന്നാലും വേണ്ടത്ര പരിശീലനം കൊടുത്താൽ കുട്ടികളെ നന്നാക്കിക്കൊണ്ടുവരുവാൻ സാധിക്കുമെന്നു് നിത്യപരിചയത്തിൽനിന്നും നമുക്കു് അറിയാം. യുദ്ധകാലങ്ങളിൽ അപ്രതീക്ഷിതങ്ങളായ ഭാഗങ്ങളിൽനിന്നും മിടുമിടുക്കന്മാർ ഉണ്ടായിക്കാണുന്നതും ഇതിനു് ഉദാഹരണമാണ്.

എപ്പോഴാണ് സ്വഭാവരൂപീകരണം തുടങ്ങേണ്ടതു്? കുട്ടി ഗർഭസ്ഥിതമായിരിക്കുമ്പോൾമുതൽ ഇതു തുടങ്ങേണ്ടതാണ്. തള്ളയുടെ പ്രത്യേകവാസനകളും ഇഷ്ടാനിഷ്ടങ്ങളും എല്ലാം ഗർഭസ്ഥിതമായ ശിശുവിനേയും ബാധിക്കും. അതുകൊണ്ടു് മാതാക്കൾ ഇക്കാലത്തു് പ്രത്യേകിച്ചും ആത്മാവിലും ശരീരത്തിലും ശുചിത്വം പാലിക്കേണ്ടതാണ്. ലഹരിപദാത്ഥങ്ങൾ യാതൊന്നും കഴിക്കരുതു്. മനസ്സു് സച്ചിന്തകളിൽ വ്യാപരിപ്പിക്കണം. സദാ ഉന്മേഷചിത്തരായിരിക്കണം.

ശിശുക്കൾ ജനിച്ചുകഴിഞ്ഞാൽ ശിക്ഷണകാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതുവരെ മാതൃരക്തത്തിൽക്കൂടി മാത്രമായിരുന്നു ശിശുവിനു് പോഷണവും ശിക്ഷണവും കിട്ടിയിരുന്നതു്. എന്നാൽ ഇപ്പോൾ പഞ്ചേന്ദ്രിയങ്ങൾവഴി അവകൾ സിദ്ധിക്കുന്നു. ശിശുക്കൾക്കു് അനുഭവവേദ്യമാകുന്നതു് യാതൊന്നും അവരിൽനിന്നു് വിസ്മൃതിയിൽ തിരസ്കൃതമാകുന്നില്ല. അവ അവരിൽ ആഴമായി പതിയുകയാണ് ചെയ്യുന്നതു്.

അനുകരണഭ്രമം ശിശുക്കളിൽ വളരെ കൂടുതലായി കാണുന്നു. അതുകൊണ്ടു് അവർ നന്മയായിട്ടുള്ളതുമാത്രമേ കാണുകയോ കേൾക്കുകയോ ചെയ്യാവൂ. ഒരു ചീത്തവാക്കു് ഒരു കുട്ടി ഒരിക്കൽ കേട്ടാൽ പിന്നീടു് അതു് ആവത്തിക്കുന്നതായി നാം കേട്ടിട്ടുണ്ടല്ലോ.

കുട്ടികളിൽ സാധാരണയായി കണ്ടുവരുന്ന ചില ദൂഷ്യങ്ങളെക്കുറിച്ചു പറയാം. ചിലർ ചെറിയ കളവുകൾ നടത്തുന്നവരായിരിക്കും. അവരെക്കുറിച്ചു് തിരക്കിയാൽ നമുക്കു് അറിയുവാൻസാധിക്കും അവർ എപ്പോഴും മററുള്ളവരാൽ അധിക്ഷേപിക്കപ്പെടുന്നവരാണെന്നു്. എപ്പോഴും ഇങ്ങനെ അധിക്ഷേപിക്കപ്പെടുന്നതുകൊണ്ടു് അവരുടെ ആത്മാഭിമാനം നശിക്കുന്നു. മററുള്ളവരെക്കാൾ ഒരു ചെറുപ്പം അവക്കു് അനുഭവപ്പെടുന്നു. അഭിമാനം എന്തെന്നു് അറിഞ്ഞുകൂടാത്തതുകൊണ്ടു് എന്തും ചെയ്യുന്നതിനു് മടിക്കുന്നില്ല. ഇതിനു പ്രതിവിധി കുട്ടികളെ ശ്ലാഘിക്കുകയാണ്. എന്തെങ്കിലും ശ്ലാഘനീയമായി അവരിൽ കണ്ടാൽ അവരെ പ്രശംസിക്കണം. പ്രശംസ അവരെ ആത്മാഭിമാനമുള്ളവരാക്കിത്തീക്കും. കൂടുതൽ കൂടുതൽ സൽകൃത്യങ്ങൾ ചെയ്യുവാൻ പ്രേരണ നൽകും. ചാർൾസ് ഡിക്കൻസ് ഒരു പ്രസിദ്ധ എഴുത്തുകാരനായതു് ഒരു പത്രാധിപരുടെ പ്രശംസ കൊണ്ടാണ്.

സ്കൂളുകളിലും മററും കൂടുതൽ സ്വാതന്ത്ര്യവും ധിക്കാരവും കാണിക്കുന്ന കുട്ടികൾ അവരുടെ ഭവനങ്ങളിൽ യാതൊരു സ്വാതന്ത്ര്യവും ലഭിക്കാത്തവരാണ്. "അങ്ങാടിയിൽ തോററതിനു് അമ്മയോടു്" എന്ന തരത്തിലാണ് അവരുടെ ഈ പെരുമാററം. അതുകൊണ്ടു് കുട്ടികൾക്കു് ന്യായമായ എല്ലാ സ്വാതന്ത്ര്യവും വീടുകളിൽ കൊടുക്കേണ്ടതാണ്.

വേറൊരു കൂട്ടർ സദാ സ്വപക്കേടുകാരാണ്. വീടുകളിൽ ക്രമത്തിലധികമായി ലാളിക്കപ്പെട്ടതുകൊണ്ടു് ഉണ്ടായതാണ് ഇത്തരക്കാർ. പരുപരുത്ത യാഥാത്ഥ്യങ്ങളുമായി ഏററുമുട്ടുന്നതിനുള്ള കെല്പ് അവക്കില്ല. അധികലാളനയാൽ കുട്ടികളുടെ സ്വതന്ത്രചിന്തതന്നെ നശിക്കുന്നു. എപ്പോഴും അമ്മയോടു് ആലോചന ചോദിക്കുന്ന അമ്പളുകാരൻ മകൻ ഈ അമിതലാളനയുടെ സന്താനമാണ്.

മാതാവു കഴിഞ്ഞാൽ കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ പ്രധാനപങ്കു വഹിക്കുന്നതു് പിതാവാണ്. എന്നാൽ ഇക്കാലത്തു് പിതാക്കളുമായി പരിചയഭാവംപോലും പുലത്താത്ത കുട്ടികളുടെ എണ്ണം കുറവല്ല. ജോലിത്തിരക്കിൻെറ കൂടുതൽകൊണ്ടു് പകൽമുഴുവൻ വേലസ്ഥലത്തും, വൈകുന്നേരം വിനോദശാലയിലും സമയം ചെലവഴിച്ചിട്ടു് അർദ്ധരാത്രിയോടുകൂടി വീട്ടിൽവരുമ്പോൾ കുട്ടികൾ നിദ്രാവലംബിതരായിരിക്കും. പിതാവിൻെറ വക്ഷസ്സിൽ ചാരിക്കിടന്നു് നർമ്മഭാഷണങ്ങൾ കേൾക്കുന്നതിനും കേൾപ്പിക്കുന്നതിനും അവക്കും ആഗ്രഹമില്ലാതില്ല. പക്ഷേ എന്തുചെയ്യാം? ഇത്തരത്തിലുള്ള കുഞ്ഞുങ്ങൾക്കു് പിതാവു് ഉപകരിക്കുന്നതു് ദുർമാതൃകയായിട്ടാണ്.

കുഞ്ഞുങ്ങൾ ദൈവം തങ്ങളെ ഏല്പിച്ചിരിക്കുന്ന അനർഘനിക്ഷേപങ്ങളാണെന്നും അവരുടെ ഉത്തമമായ വളർത്തലിനു് തങ്ങൾ ബാദ്ധ്യസ്ഥരാണെന്നും അതിനു് കണക്കുകൊടുക്കേണ്ടിവരുമെന്നും എല്ലാ മാതാപിതാക്കന്മാരും ചിന്തിച്ചു് പ്രവത്തിച്ചാൽ ഇപ്പോൾ കണ്ടുവരുന്ന മിക്ക അനത്ഥങ്ങളും നിമ്മൂലനം ചെയ്യുവാൻ സാധിക്കും.

## മുൻ ജനറൽ പുരോഹിതനായി

ബോൾഷെവിക്ക വിപ്ലവത്തിനു മുമ്പ് റഷ്യയിലെ ഒരു സൈനികോദ്യോഗസ്ഥനായിരുന്ന ജനറൽ ഹെൻട്രി ക്രോൺക്രോസ്സി 68-ാമത്തെ വയസ്സിൽ പാരിസിൽവച്ചു പുരോഹിതപട്ടം സ്വീകരിച്ചിരിക്കുന്നു. അദ്ദേഹം 1920-ൽ സൈബീരിയൻ തടങ്കൽപ്പാളയത്തിൽ നിന്നും രക്ഷപെട്ടു. അനന്തരം ചൈനയിലും അമേരിക്കൻ ഐക്യനാടുകളിലും കുറെനാൾ പാത്തശേഷം 1921-ൽ ഫ്രാൻസിലെത്തി, അവിടെ വാസമുറപ്പിച്ചു. ഭാര്യയുടെ നിര്യാണാനന്തരമാണ് വൈദികവിദ്യാഭ്യാസം ആരംഭിച്ചതു്.


## സത്യാനുഗമനം

അഥവാ

ഒരു പ്രോട്ടസ്റ്റൻറു പുരോഹിതൻെറ ഹൃദയസ്പൃക്കും
അത്ഭുതജനകവുമായ മാനസാന്തരചരിത്രം.

വിവത്തകൻ: ഫാദർ തോമസ്സ് ഇഞ്ചെയ്ക്കലോടി.

ആറു അദ്ധ്യായങ്ങൾ. 150-ഓളം പുറങ്ങൾ. ശ്രീമാൻ ഐ. സി. ചാക്കോ അവർകളുടെ അവതാരികയോടും ശ്രീമാൻ ഏ. പിലിപ്പോസ്സ് അവർകളുടെ അഭിപ്രായത്തോടുംകൂടെ ഇതാ തയ്യാറായിരിക്കുന്നു.

വില ഒററപ്രതിക്കു് 10 ണ. 5 പ്രതിക്കു് 2 ക. 8 ണ.

ഉടൻ അപേക്ഷിക്കുക:—

റവ. ഫാദർ തോമസ്സ് ഇഞ്ചെയ്ക്കലോടി, പന്തളം P. O.



## ലിററിൽ ഫ്ളവർ ബുക്ക് സ്റ്റാൾ,

കോളെജ് റോഡ്, തൃശ്ശിവപേരൂർ

എത്തിക്കഴിഞ്ഞു. എത്തിക്കഴിഞ്ഞു.

ഭക്തസുഹൃത്തുക്കളെ,

ഇററലിയിൽനിന്നും പ്രതീക്ഷിച്ചിരുന്ന എല്ലാത്തരം കുരിശുരൂപങ്ങൾ 14 സ്ഥലങ്ങളോടുകൂടിയ പ്രത്യേകതരം നീക്കൽ കുരിശുകൾ, വിശുദ്ധന്മാരുടെ പലതരത്തിലുള്ള സ്റ്റാണ്ടു് മെഡലുകൾ, കൂടാതെ പലതരം പാശ്ചാത്യചിത്രങ്ങളും രൂപങ്ങളും, ക്രിസ്തുമസ് കാർഡുകൾ, ക്രിബ്ബ്സെററുകൾ, ആകർഷണീയമായ വിധത്തിൽ ബയൻറുചെയ്ത പ്രാത്ഥന പുസ്തകങ്ങൾ എന്നിവ സ്റ്റോക്ക് നിരാശപ്പെടാതിരിപ്പാൻ ഉടൻ ഞങ്ങളെ സമീപിക്കുവിൻ.


(2-ാം പേജ് തുടർച്ച)

നൊരുക്കമല്ല. ബുദ്ധിമുട്ടുകൾ വളരെ സഹിക്കേണ്ടിവരും; കൂടാതെ കഴികയില്ല. പ്രതിബന്ധങ്ങൾ പലതും തരണംചെയ്യേണ്ടതായുംവരും. എങ്കിലും, ഏവരും ഒന്നുചേർന്നു് ഉററുശ്രമിക്കുന്നപക്ഷം വിജയം കരഗതമാകുകതന്നെ ചെയ്യുമെന്നുള്ളതും തീർച്ചയാണ്. കാര്യത്തിൻെറ സർവ്വോപരിയായ പ്രാധാന്യവും ഉൽക്കടമായ അടിയന്തിരാവസ്ഥയും ആലോചിക്കുമ്പോൾ അത്തരമൊരു സംഘടിതശ്രമത്തിൻെറ ആവശ്യകത എത്ര വലുതാണെന്നു് നമുക്കു് ബോദ്ധ്യപ്പെടാതിരിക്കയില്ല. അങ്ങനെ, നിരന്തരം പരിശ്രമിച്ചു മേൽപ്രസ്താവിച്ച പരിപാടികൾ നിവ്വഹിക്കുന്നപക്ഷം, നമ്മുടെ വിദ്യാലയങ്ങളെ, അവയുടെ വിലപനീയമായ അധഃപതനത്തിൽനിന്നുദ്ധരിച്ചു, സംരക്ഷിതമായ ക്രിസ്തീയ ചിന്താസരണികളുടെ അക്ഷയാഗാരങ്ങളും, കത്തോലിക്കാ ചൈതന്യത്തിൻെറ സമ്പൂർണ്ണകലവറകളും, തിരുസ്സഭാമാതാവിൻെറ ബലിഷ്ഠകോട്ടകളും, കത്തോലിക്കാപ്രവർത്തനത്തിൽ വിശേഷപരിശീലനം നല്കുന്ന അഭ്യസനക്കളരികളും, കത്തോലിക്കാമതവിശ്വാസസാധകങ്ങൾ കേരളത്തിനകത്തും പുറത്തും സോത്സാഹം പ്രചരിപ്പിക്കുന്നതിനും അവയ്ക്കുവേണ്ടി ഏതേതു ത്യാഗവും, വേണ്ടിവന്നാൽ മരണംതന്നെയും, കൈവരിക്കുന്നതിനും സന്നദ്ധരായ ധീരവീരഭടന്മാരെ വാർത്തുവിടുന്ന സൈനികകേന്ദ്രങ്ങളും ആക്കിത്തീക്കുന്നതിനു് സാധിക്കുന്നതാണ്. അങ്ങനെ, ഇനിയും ആദ്ധ്യാത്മികാന്ധകാരത്തിലും സാമുദായിക ദുരവസ്ഥയിലും ദാരിദ്ര്യദുഃഖത്തിലും രാഷ്ട്രീയഅരാജകത്വത്തിലും ഉദ്യോഗസ്ഥമേധാവിത്വങ്ങളിലും ആണ്ടുകിടന്നു നരകിക്കുന്ന സ്വതന്ത്രഭാരതത്തെ, ജീവൻെറ വെളിച്ചവും അനന്തസ്നേഹവും അതിരററ സാദ്ഗുണ്യസൗഭാഗ്യവും നിത്യസമാധാനവും നിഴലററ നീതിയുമാകുന്ന ക്രിസ്തുവിൽ ലയിപ്പിച്ചു് സുഭദ്രമായ മുക്തിമാർഗ്ഗത്തിൽ ചേർത്തു കൃതകൃത്യരാകുന്നതിനു കേരളകത്തോലിക്കരായ നമുക്കു് ഇടവരുന്നതുമാണ്. അതിലേക്കു് പരമകാരുണികനായ അവിടുന്നും അപാരവാത്സല്യനിധിയും നിസ്തുലവല്ലഭമദ്ധ്യസ്ഥയുമായ കർമ്മലനാഥയും നമ്മെ സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ!

L. D. S.

## അറിയിപ്പ്

കുരിയച്ചിറ, അഞ്ചേരി, ചേലക്കോട്ടുകര എന്നീ സ്ഥലങ്ങളിലെ സത്യദീപം ഏജൻസിയായി അഞ്ചേരി സെൻറ് ജോസഫ്സ് കോൺഫറൻസ് ഓഫ് ദി സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററിയെ നിശ്ചയിച്ചിരിക്കുന്നു. പത്രം ആവശ്യമുള്ളവർ അവരുടെ പക്കൽ ആവശ്യപ്പെട്ടാൽകിട്ടുന്നതാണ്.

മാനേജർ, സത്യദീപം

## സൗജന്യവിതരണ ഫണ്ട്

(ത്യാഗപ്പെട്ടികൾ)

| | |
|---|---|
| തോട്ടക്കര | 6—0—0 |
| മേലൂർ | 6—0—0 |
| മഞ്ഞപ്ര | 12—0—0 |
| പറൂർ കോട്ടക്കാവ് | 10—0—0 |

(തുടരും)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 25 | ERNAKULAM, OCTOBER 17, 1951 | No 10


# മിഷൻപ്രവർത്തനങ്ങളെപ്പററി പുതിയവിശ്വലേഖനം

1925-ലെ "വിശുദ്ധ വത്സരം" പ്രമാണിച്ച് വത്തിക്കാനിൽ ഒരു മിഷനറി പ്രദർശനം നടത്തുകയുണ്ടായി. വിശുദ്ധ വത്സരം സമാപിച്ചശേഷം, 1926 ഫെബ്രുവരി 28-ാംനു, പതിനൊന്നാം പീയൂസ് മാർപ്പാപ്പാ "റേരും എക്ലേസിയേ" എന്നാരംഭിക്കുന്നതും മിഷൻ കാര്യങ്ങളെ അധികരിച്ചുള്ളതുമായ തന്റെ വിശ്വലേഖനം പ്രസിദ്ധപ്പെടുത്തി. അതിന്റെ രജതജൂബിലി പ്രമാണിച്ച്, ഇക്കഴിഞ്ഞ ജൂൺ 2-ാംനു "എവൻജേലിയി പ്രെക്കോണെസ്" (സുവിശേഷ പ്രസംഗകർ) എന്ന പേരിൽ 12-ാം പീയൂസു മാർപ്പാപ്പാ ഒരു പുതിയ വിശ്വലേഖനവും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അതിൽ തിരുമനസ്സുകൊണ്ട് കഴിഞ്ഞ കാൽ ശതാബ്ദത്തിനുള്ളിൽ വേദപ്രചാരവിഷയത്തിൽ ഉണ്ടായിട്ടുള്ള പുരോഗമനത്തെ പ്രത്യവലോകനം ചെയ്യുകയും ഭാവിപരിപാടികൾ സംബന്ധിച്ച പ്രായോഗികനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്.

## പുരോഗതി

വിശ്വലേഖനത്തിൽ പറയുന്നതനുസരിച്ച്, മിഷൻവേലയെ സംബന്ധിച്ചിടത്തോളം സഭയ്ക്കുണ്ടായിട്ടുള്ള പുരോഗതി അഭിനന്ദനാർഹമാണ്. "മിഷൻവേലയുടെ പാപ്പാ" എന്ന അപരനാമത്താൽ അറിയപ്പെടുന്ന 11-ാം പീയൂസു തിരുമനസ്സുകൊണ്ടു പ്രദാനംചെയ്ത നവോന്മേഷത്തെത്തുടർന്നു മിഷൻപ്രവർത്തനങ്ങൾ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുവാൻ തുടങ്ങി. തൽഫലമായി മിഷൻപ്രദേശങ്ങളിലെ കത്തോലിക്കരുടെ സംഖ്യ 25 കൊല്ലംകൊണ്ട് ഒന്നരക്കോടി അൻപതുലക്ഷത്തിൽനിന്നു രണ്ടുകോടി ഇരുപതുലക്ഷമായി വർദ്ധിച്ചു. 1926-ൽ 400 മിഷൻ പ്രവർത്തനരംഗങ്ങളാണുണ്ടായിരുന്നതെങ്കിൽ ഇന്നു അത് 600 രംഗങ്ങളാണുള്ളത്. ആ പ്രദേശങ്ങളിൽ വേലചെയ്യുന്ന വൈദികരുടെ സംഖ്യ 14,800-ൽ നിന്നു 26,800 ആയി വർദ്ധിച്ചിട്ടുണ്ട്. അതിനെക്കാൾ പ്രാധാന്യമർഹിക്കുന്ന സംഗതി, അവരിൽ 11 000 പേർ ഏതദ്ദേശീയവൈദികരാണെന്നുള്ളതാണ്. 25 വർഷം മുമ്പ് മിഷൻ രാജ്യങ്ങളിലെ മെത്രാന്മാരെല്ലാവരും വിദേശീയരായിരുന്നു. ഇന്നു ഏതാനും പ്രദേശങ്ങളിൽ ഏതദ്ദേശീയ മെത്രാന്മാർതന്നെയാണു ഭരണം നടത്തുന്നത്. 88 മിഷൻ രംഗങ്ങളിൽ വേലചെയ്യുന്ന വൈദികരെല്ലാവരും ആ നാട്ടിൽ ജനിച്ചുവളർന്നവരുമാണ്. പല പ്രദേശങ്ങളിലും ഹയരാർക്കി സ്ഥാപിക്കുവാൻ സാധിച്ചതോടുകൂടി ക്രിസ്തുവിന്റെ സഭ യഥാർത്ഥത്തിൽ കാതോലികമാണെന്നും അതു ഏതു രാജ്യത്തിനും യോജിക്കുന്നതാണെന്നുമുള്ള ബോധം വളർന്നുവന്നിട്ടുണ്ട്. ഉദാഹരണമായി, പാക്കിസ്ഥാനിലും ആഫ്രിക്കയിലെ ചില ഭാഗങ്ങളിലും ഹയരാർക്കി നിയമപ്രകാരം സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. പ്രധാനപ്പെട്ട മൂന്നു പൂർണ്ണസുനഹദോസുകളും മിഷൻ രാജ്യങ്ങളിൽ ഇതിനകം കൂടിക്കഴിഞ്ഞിട്ടുണ്ട്. 1934-ൽ ഇൻഡോചൈനയിലും 1937-ൽ ആസ്ട്രേലിയായിലും, 1950-ൽ ഇൻഡ്യയിലും നടത്തിയ സുനഹദോസുകളാണവ.

ഇക്കാലഘട്ടത്തിൽ സെമിനാരികളുടേയും വൈദികവിദ്യാർത്ഥികളുടേയും എണ്ണവും ക്രമാനുഗതമായി വർദ്ധിച്ചിട്ടുണ്ട്. 25 വർഷം മുമ്പ് വലിയ സെമിനാരികളിൽ പഠിച്ചുവന്നവരുടെ എണ്ണം 1770 ആയിരുന്നെങ്കിൽ ഇന്നതു 4300 ആണ്. പലയിടത്തും പ്രാദേശിക സെമിനാരികൾ സ്ഥാപിതമായ കാര്യവും പ്രസ്താവ്യമത്രെ. കോളേജുകൾ ഹൈസ്കൂളുകൾ, പ്രൈമറിസ്കൂളുകൾ, ആസ്പത്രികൾ, അനാഥാലയങ്ങൾ ആദിയായവയുടെ കാര്യത്തിലും ഇപ്രകാരമുള്ള അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്. കൂടാതെ 5 സ്ഥലങ്ങളിൽ ഡലഗാദ് അപ്പസ്തോലിക്കാമാരേയും ഏതാനും സ്ഥലങ്ങളിൽ പേപ്പൽ നൺഷ്യോമാരെ, അഥവാ ഇന്റർനൺഷ്യോമാരേയും നിയമിക്കുന്നതിനു സാധിച്ചിട്ടുണ്ട്. അവരുടെയെല്ലാം സേവനങ്ങളെ മാർപ്പാപ്പാ തിരുമേനി വിശ്വലേഖനത്തിൽ മുക്തകണ്ഠം അഭിനന്ദിച്ചിരിക്കുന്നു. മിഷൻപ്രവർത്തനങ്ങളെ സംഘടിപ്പിക്കുവാനും രാഷ്ട്രീയാധികാരികളുമായി സൗഹാർദ്ദബന്ധം പുലർത്തുവാനും പേപ്പൽപ്രതിനിധികളുടെ നിയമനം സഹായകമായി ഭവിച്ചിട്ടുണ്ട്. കഴിഞ്ഞ വിശുദ്ധവത്സരത്തിൽ മിഷൻരാജ്യങ്ങളിൽനിന്നും വളരെയധികംപേർ റോമ സന്ദർശിക്കുന്നതിനായി എത്തിയിരുന്നുവെന്നതും ചാരിതാർത്ഥ്യജനകമായിരിക്കുന്നു. മാത്രമല്ല, പൗരസ്ത്യരാജ്യങ്ങളിലും മററു പ്രദേശങ്ങളിലുമായി വിദേശീയരും സ്വദേശീയരുമായ എത്രയോ മെത്രാന്മാരും വൈദികരും കന്യാസ്ത്രീകളും അൽമായരുമാണ് ക്രിസ്തുവിനെപ്രതി തങ്ങളുടെ ജീവൻ വെടിഞ്ഞത്. വേദസാക്ഷികളുടെ രക്തം ക്രിസ്ത്യാനികളുടെ സംഖ്യാവർദ്ധനവിനു യഥാർത്ഥത്തിൽ സഹായിക്കയാണു ചെയ്തിട്ടുള്ളത്. ഇപ്രകാരം കഴിഞ്ഞ കാലങ്ങളിൽ മിഷൻപ്രദേശങ്ങളിലുണ്ടായിട്ടുള്ള ബഹുമുഖമായ പുരോഗതിയെപ്പററി പ്രതിപാദിച്ചശേഷം, മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുവാനുള്ള പ്രായോഗികമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയാണ് തിരുമനസ്സുകൊണ്ടു ചെയ്യുന്നത്.

## മിഷനറിമാർ

മിഷൻപ്രവർത്തനങ്ങളുടെ വിജയം പ്രധാനമായി മിഷനറിമാരെ ആശ്രയിച്ചാണല്ലോ നിലകൊള്ളുന്നത്. അവരിൽ വിദേശീയരുമുണ്ട്, ഏതദ്ദേശീയരുമുണ്ട്. ഒരു വിദേശീയമിഷനറി താൻ വേലചെയ്യുന്ന പ്രദേശത്തെ തന്റെ രണ്ടാമത്തെ മാതൃരാജ്യമായി പരിഗണിക്കയും, അപ്രകാരമതിനെ സ്നേഹിക്കയും ചെയ്യണം. അയാൾ "എല്ലാവർക്കും എല്ലാമായി" തീരണം. ലൗകികമായ യാതൊരു [illegible]തിഫലവും ഇച്ഛിക്കാതെയും സ്വന്തം രാഷ്ട്രത്തിന്റെയോ താൻ ഉൾപ്പെട്ടിരിക്കുന്ന സന്യാസസമൂഹത്തിന്റെയോ താൽപര്യങ്ങൾക്കു പ്രഥമസ്ഥാനം നൽകാതെയും ആത്മാക്കളുടെ രക്ഷയിൽമാത്രം അയാൾ ബദ്ധശ്രദ്ധനായിരിക്കണം. "അയാൾ തീർച്ചയായും സ്വന്തം ജനങ്ങളേയും സന്യാസസഭയേയുംസ്നേഹിക്കേണ്ടതാണ്; പക്ഷെ കൂടുതലായ തീക്ഷ്ണതയോടെ തിരുസ്സഭയെ സ്നേഹിക്കണം." വിദേശങ്ങളിൽ മിഷനറിവേല ചെയ്യാനുള്ളവർക്കു സാധാരണ വൈദികവിദ്യാർത്ഥികൾക്കു ലഭിക്കാറുള്ള ആദ്ധ്യാത്മികവും ബുദ്ധിപരവും ആയ പരിശീലനം മാത്രം ലഭിച്ചാൽ മതിയാകുന്നതല്ല; പ്രത്യുത, അവർക്കു അവരുടെ പ്രേഷിതവൃത്തിക്കു പ്രയോജകീഭവിച്ചേക്കാവുന്ന വിഷയങ്ങൾ കൂടി [illegible] അഭ്യസിപ്പിക്കേണ്ടതാണ്. [illegible]യിൽ അവർക്കു ഉപയോഗിക്കുവാനുള്ള ഭാഷകൾ അവർ നന്നായി വശമാക്കിയിരിക്കണം. കൂടാതെ, ഔഷധം, കൃഷി, ചരിത്രം, ഭൂമിശാസ്ത്രം മുതലായ വിഷയങ്ങളിലും അവർ വേണ്ട വിജ്ഞാനം സമ്പാദിച്ചിരിക്കേണ്ടതാണ്.

## ഏതദ്ദേശീയ വൈദികർ

എന്നാൽ ഓരോ ദേശത്തേക്കും ആവശ്യമുള്ളിടത്തോളം ഏതദ്ദേശീയ വൈദികർ യഥായോഗ്യം പരിശീലനം സിദ്ധിച്ചവരായി പ്രവൃത്തിരംഗങ്ങളിലേക്കു ഇറങ്ങുന്നതുവരെ അവിടങ്ങളിൽ സഭ വേരൂന്നിയെന്നു പറയാവുന്നതല്ല. 11-ാം പീയൂസു മാർപ്പാപ്പാ ഇക്കാര്യം ഊന്നിപ്പറഞ്ഞിട്ടുള്ളതാണ്. മിഷൻ രാജ്യങ്ങളിലെല്ലാം സെമിനാരികൾ സ്ഥാപിക്കുവാനും ഏതദ്ദേശീയവിദ്യാർത്ഥികളെ അവയിൽ സ്വീകരിപ്പാനും തിരുമനസ്സുകൊണ്ട് ആജ്ഞാപിക്കയുണ്ടായി. ഏതെങ്കിലും ഒരു രാജ്യത്തിൽനിന്നു വിദേശീയ മിഷനറിമാർ ബഹിഷ്കൃതരാകയും സഭാകാര്യങ്ങൾ അന്വേഷിക്കുന്നതിനു ആ നാട്ടുകാരായ വൈദികർ വേണ്ടിടത്തോളം ഇല്ലാതിരിക്കുകയും ചെയ്യുന്നപക്ഷം സഭയ്ക്കു എത്ര വിഷമകരമായ ഒരു സന്ധിയാണു തരണംചെയ്യേണ്ടിവരുന്നത് എന്ന ആശങ്ക 11-ാം പീയൂസു മാർപ്പാപ്പാതന്നെ പ്രകാശിപ്പിച്ചിട്ടുള്ളതാണ്. ആ ഭയം നിർഭാഗ്യവശാൽ ചൈനയിലും കൊറിയായിലും യഥാർത്ഥമായി ഭവിച്ചിരിക്കുന്നു. പക്ഷെ ഏതാനും ഏതദ്ദേശീയവൈദികന്മാർ അവിടങ്ങളിലുള്ളതുകൊണ്ട് സഭയുടെ സ്ഥിതി അത്ര കഷ്ടമല്ല; അതിനു ദൈവത്തോടു നന്ദിപ്രകാശിപ്പിക്കേണ്ടതുമാണ്.

ഒരു കാര്യം പ്രത്യേകം ശ്രദ്ധിച്ചിരിക്കണമെന്നു മാർപ്പാപ്പാ തിരുമേനി പ്രസ്താവിക്കുന്നു. അതായത്, ഏതെങ്കിലും ഒരു പ്രദേശം ഏതദ്ദേശീയമെത്രാനും വൈദികർക്കുമായി ഏല്പിച്ചുകൊടുത്തതുകൊണ്ടു സന്യാസസഭാംഗങ്ങളായ വിദേശമിഷനറിമാർ ഉടൻ സ്ഥലംവിടേണ്ട ആവശ്യമില്ല. മററു രൂപതകളിൽ സന്യാസസഭാംഗങ്ങൾ മെത്രാനെ സഹായിക്കുന്നതുപോലെ ഇവിടേയും അവർ ഏതദ്ദേശീയമെത്രാനെ മിഷൻകാര്യങ്ങളിൽ സഹായിക്കേണ്ടതത്രെ. അപ്രകാരം, സിക്കാറിലെ കിണററിൻ സമീപം വച്ചു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്ത വാക്കുകൾ അന്വർത്ഥമായി ഭവിക്കും: "കൊയ്യുന്നവൻ കൂലി സ്വീകരിക്കുകയും നിത്യായുസ്സിലേക്കു ഫലങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. ഇങ്ങനെ വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ചു സന്തോഷിക്കുന്നു." (യോഹ. 4, 36)

## അൽമായരുടെ സഹകരണം

പ്രേഷിതവൃത്തിയിൽ അൽമായരുടെ സഹകരണവും അത്യന്താപേക്ഷിതമാണെന്നു പരിശുദ്ധപിതാവു ചൂണ്ടിക്കാണിച്ചിരിക്കുന്നു. ആ സഹകരണമാണ് കത്തോലിക്കാപ്രവർത്തനം എന്ന പേരിൽ അറിയപ്പെടുന്നത്. അതു സഭയുടെ ആരംഭംമുതൽ നിലവിലിരുന്നിട്ടുള്ള ഒരു കാര്യമത്രെ. ശ്ലീഹന്മാർക്കും മററു സുവിശേഷപ്രസംഗകർക്കും അൽമായജനങ്ങളിൽനിന്നും ഗണ്യമായ സഹായം ലഭിച്ചിരുന്നു. അതിന്റെ ഫലമായിട്ടുകൂടിയാണ് സഭ അതിവേഗം പ്രചരിക്കാൻ ഇടയായത്. ഉദാഹരണമായി, അപ്പോളോ, ലീദിയ, അക്വിലാ, പ്രിഷില്ല, ഫിലെമോൺ ആദിയായവർ വി. പൗലോസിന്റെ സഹായകരായിരുന്നു. അതുപോലെതന്നെ, റോമാസാമ്രാജ്യത്തിൽ സഭയ്ക്കു പ്രചാരം സിദ്ധിച്ചതു മെത്രാന്മാരുടെയോ വൈദികരുടെയോ പ്രവർത്തനഫലമായിട്ടു മാത്രമല്ല. ഗവർമ്മെൻറുദ്യോഗസ്ഥന്മാരും പടയാളികളും സാധാരണ പൗരന്മാരും ഇക്കാര്യത്തിൽ കാര്യക്ഷമമായ പങ്കു വഹിച്ചിട്ടുണ്ട്. അനേകായിരം നവക്രിസ്ത്യാനികൾ തങ്ങൾ സ്വീകരിച്ച മതം പ്രചരിപ്പിക്കുവാൻ വിസ്മയാവഹമായ തീക്ഷ്ണതയോടെയാണു അദ്ധ്വാനിച്ചതു. മദ്ധ്യശതകങ്ങളിൽ കിരാതവർഗ്ഗക്കാരുടെ ആക്രമണമുണ്ടായപ്പോൾ രാജകുടുംബത്തിൽ പെട്ടവരും സാധാരണക്കാരുമായ ക്രിസ്ത്യാനികൾ സഭാദ്ധ്യക്ഷന്മാർക്കു താങ്ങും തണലുമായി നിലകൊള്ളുകയും രാജ്യം ആക്രമിക്കാനായി വന്നവരെ മനസ്സുതിരിച്ചു ക്രിസ്തുമതത്തിൽ ചേർക്കുകയും അവർക്കു സംസ്കാരം പ്രദാനംചെയ്യുകയും ചെയ്യുന്നതിൽ ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്തു. പാരീസിലെ ജനവീവ്, സ്പെയിനിലെ റെക്കാരെഡസ് രാജാവു്, ഫ്രാൻസിലെ ക്ലോട്ടിൽഡ, ഇംഗ്ലണ്ടിലെ ബെർത്താ രാജ്ഞി മുതലായ അൽമായപ്രമുഖർ സഭയുടെ പ്രേഷിതവേലയിൽ നൽകിയ സഹായം മാർപ്പാപ്പാ തിരുമേനി പ്രത്യേകം എടുത്തുപറയുന്നുണ്ട്.

സഭയുടെ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന പരിതഃസ്ഥിതികൾതന്നെയാണ് പല മിഷൻരാജ്യങ്ങളിൽ ഇന്നുമുള്ളത്. അക്കാരണത്താൽ അത്മേനികൾ ധാരാളമായി കത്തോലിക്കാപ്രവർത്തന സംഘടനകളിൽ ചേരുകയും പ്രേഷിതവേലയിൽ ഹയരാർക്കിയോടു "ഔദാര്യപൂർവ്വം, തീക്ഷ്ണതാപൂർവ്വം, ഉത്സാഹപൂർവ്വം", സഹകരിച്ചു പ്രവർത്തിക്കയും ചെയ്യേണ്ടതാണ്. "ഉപദേശി"കളുടെ സഹായം തീർച്ചയായും ആവശ്യംതന്നെ. എന്നാൽ അതുകൊണ്ടു മാത്രമായില്ല. യാതൊരു പ്രതിഫലവും പററാതെ പരസ്നേഹത്താൽമാത്രം പ്രേരിതരായി പ്രേഷിതവൃത്തി നിർവ്വഹിക്കുന്ന അൽമായരുടെ സഹായവും അനുപേക്ഷണീയമായിരിക്കുന്നു.

ഏതൽക്കാരണത്താൽ എല്ലാ സ്ഥലങ്ങളിലും കത്തോലിക്കരായ സ്ത്രീപുരുഷന്മാരുടേയും, വിദ്യാർത്ഥികളുടേയും, തൊഴിലാളികളുടേയും, കലാകാരന്മാരുടേയും മററും സംഘടനകളും ക്ലബ്ബുകളും സൊഡാലിററികൾ മുതലായ ഭക്തസഖ്യങ്ങളും രൂപവൽക്കരിക്കണമെന്നാണ് പരിശുദ്ധപിതാവ് ഉൽബോധിപ്പിച്ചിരിക്കുന്നത്. അവയെല്ലാം സ്ഥാപിക്കുമ്പോൾ ഒരു കാര്യം വിസ്മരിക്കരുതെന്നു തിരുമേനി പ്രസ്താവിക്കുന്നു: സൽസ്വഭാവം, സുകൃതം, തീക്ഷ്ണത ഇവയ്ക്കാണ് എപ്പോഴും മുൻഗണന നൽകേണ്ടതു; അല്ലാതെ പ്രവർത്തകരുടെ എണ്ണത്തിനല്ല.

മാതാപിതാക്കന്മാരുടെ വിശ്വാസം സമാർജ്ജിക്കുന്നതിനു മിഷനറിമാർക്കുള്ള ഒരുത്തമമാർഗ്ഗം അവരുടെ സന്താനങ്ങളുടെ നേർക്കു പ്രദർശിപ്പിക്കുന്ന വാത്സല്യവും സ്നേഹവുമാണ്. ബാലമനസ്സുകൾ ക്രിസ്തീയതത്വങ്ങൾക്കനുസൃതമായവിധത്തിൽ രൂപവൽക്കരിക്കപ്പെടുന്നപക്ഷം അവർ കുടുംബങ്ങളുടേയും സമുദായത്തിന്റേയും അഭിമാനസ്തംഭങ്ങളായി പരിലസിക്കുന്നതായിരിക്കും. മാത്രമല്ല, ഇപ്പോൾ ഏതെങ്കിലുമൊരു ക്രിസ്തീയസമൂഹത്തിന്റെ ജീവിതം ആശാസ്യമല്ലാത്ത വിധത്തിലായിരിക്കുന്നപക്ഷം അതിനെ പുനരുദ്ധരിക്കുന്നതിനു ഈ വഴിക്കു നിഷ്പ്രയാസം സാധിക്കുന്നതുമാണ്.

ഇപ്രകാരം മിഷനറിമാരേയും അവരുടെ സഹായകരേയുംപററി പ്രതിപാദിച്ചശേഷം ആധുനികസാഹചര്യങ്ങൾക്കു യോജിച്ച നാലുതരം പ്രേഷിതവേലകളെപ്പററി തിരുമേനി പ്രസ്താവിക്കുന്നുണ്ട്. അവയെപ്പററി അടുത്തതിൽ.


## സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| തിരു-കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |


## അടുത്തയാഴ്ചയിൽ

ഒക്ടോബർ

21 ഞാ: പന്തക്കുസ്താ 23-ാം ഞായർ വേദപ്രചാരഞായർ
22 തി: മറിയം ദ്ശാലോം
23 ചൊ: ദിവ്യരക്ഷകൻ
24 ബു: റപ്പായേൽ മാലാഖാ
25 വ്യാ: ക്രിസാന്തൂസും ദാരിയായും
26 വെ: എവരിസ്തോസ്
27 ശ: ശെമയോനും യൂദായും തദേ നാൾ

## നിര്യാതയായി

കലൂർ: നമ്പ്യാപറമ്പിൽ (കൊച്ചുകടിയിൽ) ശ്രീ പൈലി വറുഗീസിന്റെ ധർമ്മപത്നി ശ്രീമതി ഇത്താമ്മ പ്രസവസംബന്ധമായ സുഖക്കേടുമൂലം ഒക്ടോബർ 10-ാംനു നിര്യാതയായി. ശവസംസ്കാരം പിറേറദിവസം എറണാകുളം വികാരിജനറാൾ റൈററ് റവ. മോൺ. മാത്യു പോത്തനാമുഴി അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. റൈററ് റവ. മോൺ. ജോർജ്ജ് വലിയപറമ്പത്തു്, വെരി റവ. മോൺ. ടി. കെ. നമ്പ്യാപറമ്പിൽ എന്നിവരും 30 ഓളം മററു വൈദികരും കർമ്മങ്ങളിൽ സംബന്ധിക്കയുണ്ടായി.

## ഇടവകകളിലെ
# ജീവിതനവീകരണവാരം

എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമേനി പൗരോഹിത്യപട്ടം സ്വീകരിച്ചതിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് ഇടവകകളിൽ പൊതുധ്യാനം, നാല്പതുമണിയാരാധന ആദിയായവ നടത്തിവരുന്നുണ്ടല്ലോ. അവ നടക്കുന്ന ദിവസങ്ങൾ "ഒരു ജീവിതനവീകരണവാര"മായി കരുതണമെന്നും തത്സംബന്ധമായ ഉൽബോധനങ്ങൾ ജനങ്ങൾക്ക് നൽകുന്നതിനായി സമ്മേളനങ്ങൾ നടത്തണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത സമ്മേളനങ്ങളിൽ പാസാക്കാവുന്ന ചില പ്രമേയങ്ങളാണ് താഴെ ചേർക്കുന്നത്. ഇവ എല്ലാം കത്തോലിക്കരും, അവരവരുടെ പ്രായവും സ്ഥിതിയും അനുസരിച്ച്, നിർവഹിക്കേണ്ട ചുമതലകളുടെ ഒരു സമാഹാരമാകയാൽ, ഒരു ജീവിതപ്രമാണമെന്ന നിലയിൽ, ഏവർക്കും മാർഗ്ഗദർശകമായിഭവിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കുട്ടികളുടെ സമ്മേളനം

[പ്രമേയങ്ങൾ]

I സഭയുടേയും സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും ഭാവി മുഴുവനും വളർന്നുവരുന്ന തലമുറയെ ആശ്രയിച്ചിരിക്കുന്നതിനാൽ, ബാലികാബാലന്മാർ സഭയ്ക്കും സമുദായത്തിനും താങ്ങായിത്തീരുവാൻ ഇടവരത്തക്കവണ്ണം വിജ്ഞാനം സമ്പാദിക്കുന്നതിനും, തങ്ങളിൽ സൽസ്വഭാവം രൂപീകരിക്കുന്നതിനും സർവ്വാത്മനാ ശ്രദ്ധിക്കേണ്ടതാണെന്ന് ഈ യോഗം ഉൽബോധിപ്പിക്കുന്നു.

II ലൗകീകമായ ജ്ഞാനസമ്പാദനത്തിനു സ്കൂളിൽ ചെന്ന് ഉത്സാഹിച്ചു പഠിച്ചു വിജയം വരിക്കേണ്ടതും, മതപരമായ ജ്ഞാനസമ്പാദനത്തിന് വേദപാഠക്ലാസുകളിലും സ്റ്റഡിസർക്കിൾ മുതലായ മററു ഏർപ്പാടുകളിലും മുടക്കംകൂടാതെ ഹാജരായി ഉത്സാഹിച്ചു പഠിക്കേണ്ടതും, അത്യന്താപേക്ഷിതമാകയാൽ, ആ ചുമതലകൾ ആത്മാർത്ഥമായി യഥാവിധി അവർ നിർവ്വഹിക്കണമെന്ന് ഈ യോഗം ശുപാർശചെയ്യുന്നു.

III വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിപരീതമായ വായനകളിൽനിന്നും സഹവാസങ്ങളിൽനിന്നും കൂട്ടുകെട്ടുകളിൽനിന്നും വിനോദങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കേണ്ടതു് യഥാർത്ഥ കത്തോലിക്കാത്വത്തിന്റെ വളർച്ചയ്ക്ക് ആവശ്യമാകയാൽ അവയെല്ലാം വർജ്ജിക്കുവാനും, വിശ്വാസത്തേയും സന്മാർഗ്ഗത്തേയും പോഷിപ്പിക്കുന്ന വായനയും കൂട്ടുകെട്ടും സഹവാസവും മററും യഥാർത്ഥ കത്തോലിക്കാത്വത്തെ വളർത്തുന്നവയാകയാൽ അവയെ ആശ്ലേഷിക്കുവാനും ബാലികാബാലന്മാർ മനഃപൂർവ്വം പരിശ്രമിക്കണമെന്ന് ഈ യോഗം ഉപദേശിക്കുന്നു.

IV പാപമാർഗ്ഗത്തിൽനിന്ന് ഒഴിയാനും പുണ്യജീവിതം നയിക്കാനും പ്രാർത്ഥനയും കൂദാശാസ്വീകരണവും വഴിയായുള്ള പ്രസാദവരപ്രാപ്തി ഒഴിച്ചുകൂടാത്തതാകയാൽ, കുടുംബപ്രാർത്ഥനയിൽ പ്രധാനപങ്കു വഹിക്കുന്നതിനും, കുർബാന മുതലായി പള്ളിയിൽ നടത്തപ്പെടുന്ന തിരുകർമ്മങ്ങളിൽ കഴിയുന്നതും കൂടെക്കൂടെ സംബന്ധിക്കുന്നതിനും, കുമ്പസാരം കുർബാന എന്നീ കൂദാശകൾ കൂടെക്കൂടെയും ഫലപ്രദമായും സ്വീകരിക്കുന്നതിനും ബാലികാബാലന്മാർ താല്പര്യമുള്ളവരായിരിക്കണമെന്ന് ഈ യോഗം ഉദ്ബോധിപ്പിക്കുന്നു.

V ശരിയായ സ്വാതന്ത്ര്യം ദൈവത്തേയും ദൈവസ്ഥാനം വഹിക്കുന്ന മാതാപിതാക്കന്മാർ, ഗുരുനാഥന്മാർ, വൈദികവും ലൗകികവുമായ അധികാരത്തിലിരിക്കുന്നവർ മുതലായവരേയും അനുസരിക്കുന്നതിലും യഥായോഗ്യം ബഹുമാനിക്കുന്നതിലും അടങ്ങിയിരിക്കുന്നതിനാൽ, ആധുനികലോകത്തിലെ മഹാമാരിയായ എതിർപ്പുമനസ്ഥിതിക്ക് വിധേയരാകാതേയും, സാക്ഷാൽ ദൈവമക്കൾക്ക് യോജിച്ച അനുസരണയുള്ളവരായും കുടുംബത്തിലും വിദ്യാലയത്തിലും മററു സകല മണ്ഡലങ്ങളിലും ജീവിക്കുവാൻ പരിശീലിക്കണമെന്ന് ബാലികാബാലന്മാരെ ഈ യോഗം ഉദ്ബോധിപ്പിക്കുന്നു.

VI സർവ്വോപരി നമ്മുടെ ദിവ്യരക്ഷകനായ ഈശോയെ തങ്ങളുടെ നേതാജിയായി യഥാർത്ഥത്തിൽ സ്വീകരിക്കുവാനും, അവിടുത്തെ ജീവചരിത്രം സുവിശേഷങ്ങളിൽനിന്നും മററും വായിച്ചുപഠിക്കുവാനും, അവിടുന്ന് കാണിച്ചുതന്നിട്ടുള്ള മാതൃകയനുസരിച്ച് ജീവിതം നയിക്കുവാനും, അവിടുത്തേയും അവിടുത്തെ മൗതികശരീരമായ തിരുസ്സഭയുടേയും താല്പര്യങ്ങൾ സ്വന്തം താല്പര്യങ്ങളായി പരിഗണിക്കുവാനും അവയുടെ പരിരക്ഷണത്തിനുവേണ്ടി മിശിഹായുടെ കൊടിക്കീഴിൽ ധർമ്മഭടന്മാരായി സകല തിന്മകളോടും സമരംചെയ്യുവാനും, അതിനുള്ള പരിശീലനക്കളരിയായി ഏർപ്പെടുത്തിയിരിക്കുന്ന ഭക്തസംഘടനകളിലും കത്തോലിക്കാപ്രവർത്തനസമാജങ്ങളിലും അംഗങ്ങളായിരുന്നു സജീവമായി ത്യാഗപൂർവ്വം പ്രവർത്തിക്കുവാനും, വൈദികരോ, കന്യാസ്ത്രീകളോ, സഹോദരന്മാരോ ആയി കർത്താവിനു സേവനംചെയ്യുവാൻ ദൈവവിളി ലഭിക്കണമെന്ന് ആഗ്രഹിക്കുവാനും, ലഭിച്ചാൽ അതു പോററിവളർത്തുവാനും, അതു പ്രാവർത്തികമാക്കേണ്ട സന്ദർഭം വരുമ്പോൾ സമസ്തവും മിശിഹാക്കുവേണ്ടി പരിത്യജിച്ച് അതു പ്രയോജനപ്പെടുത്തുവാനും സകല ബാലികാബാലന്മാരും സന്നദ്ധരായിരിക്കണമെന്ന് ഈ യോഗം സാദരം ആവശ്യപ്പെടുന്നു.

## വനിതാസമ്മേളനം

(പ്രമേയങ്ങൾ)

I. ഏതൊരു സമുദായത്തിന്റെയും, പ്രത്യേകിച്ച് കത്തോലിക്കാസമുദായത്തിന്റെ ഗുണാഭിവൃദ്ധി അതിലെ കുടുംബങ്ങളുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ, ഓരോ ഇടവകയുടേയും ഗുണാഭിവൃദ്ധിക്കുവേണ്ടി അവിടങ്ങളിലെ കുടുംബനായികമാർ ദിവ്യകാരുണ്യകർത്താവിൽ സുസ്ഥിരമായി അടിയുറപ്പിച്ചുകൊണ്ടും, തിരുക്കുടുംബത്തിൽ പരിശുദ്ധകന്യകാമറിയം നൽകിയ മാതൃകയനുസരിച്ചും, തങ്ങളുടെ കർത്തവ്യങ്ങൾ വിശ്വസ്തതയോടും തീക്ഷ്ണതയോടും നിർവ്വഹിക്കാൻ ഉററുശ്രമിക്കണമെന്ന് എല്ലാ ഗൃഹനാഥകളോടും ഈ യോഗം ബലമായി ശുപാർശചെയ്യുന്നു.

II. പ്രസ്തുത കർത്തവ്യങ്ങൾ ഓരോരുത്തരും സുകൃതിനികളായിത്തീരണമെന്ന തീക്ഷ്ണമായ ബോധ്യമുണ്ടായിരിക്കുന്നതിലും, തങ്ങളുടെ കുടുംബങ്ങളിലെ ബാലികാബാലന്മാരേയും ഭൃത്യജനങ്ങളേയും ഉത്തമമായ കത്തോലിക്കാ അന്തരീക്ഷത്തിൽ വളർത്തിക്കൊണ്ടുവരുന്നതിലും അടങ്ങിയിരിക്കുന്നതിനാൽ, വിശുദ്ധ കൊച്ചുത്രേസ്യായുടെ അമ്മയേയും ഉത്തമകുടുംബിനികളായ മററു നിരവധി മഹിളാമണികളേയുംപോലെ ഈ രണ്ടു സംഗതികളിലും സകല കുടുംബനായികമാരും പ്രത്യേകം ശ്രദ്ധപതിക്കണമെന്ന് ഈ യോഗം ശക്തിയായി ഉൽബോധിപ്പിക്കുന്നു.

III. a) ഇതിലേക്കുള്ള പ്രായോഗിക മാർഗ്ഗങ്ങളെന്തെന്നാൽ:— 1) കുടുംബപ്രാർത്ഥന തുടങ്ങിയ ഭക്താനുഷ്ഠാനങ്ങൾ കുടുംബാംഗങ്ങളെല്ലാവരേയും ഭൃത്യജനങ്ങളേയും ചേർത്ത് യഥാസമയം യഥാവിധി നടത്തുക; 2) കുടുംബത്തിൽ കത്തോലിക്കാ ആദർശങ്ങൾക്ക് യോജിക്കാത്ത സംസാരങ്ങളോ പെരുമാററങ്ങളോ മററു നടപടികളോ ഉണ്ടാകാതെ സൂക്ഷിക്കുക; 3) ഞായറാഴ്ചകളിലും കടമുള്ളതും കടമില്ലാത്തതുമായ മററു വിശേഷദിവസങ്ങളിലും പള്ളിയിൽ പോയി കുർബാനയിലും മററു തിരുകർമ്മങ്ങളിലും സംബന്ധിക്കുന്നതിനുംമററും കുടുംബാംഗങ്ങളേയും ഭൃത്യജനങ്ങളേയും പ്രേരിപ്പിക്കുകയും, അതിനുവേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുക; 4) മക്കളുടേയും ഭൃത്യജനങ്ങളുടേയും കൂട്ടുകെട്ടുകളും സംസർഗ്ഗങ്ങളും നിർദ്ദോഷികളായ ആളുകളോടും നിർദ്ദോഷമായവിധത്തിലും നടക്കുന്നതിനുവേണ്ട ചട്ടംകെട്ടുകൾ ചെയ്യുക.

ഓർമ്മക്കുറവ്, തലകറക്കം, തലവേദന മുതലായ രോഗങ്ങളെ നീക്കി ശിരഃസൗഖ്യവും സുഖനിദ്രയും ലഭിക്കുന്നതിനും കേശസമൃദ്ധിക്കും ഞങ്ങളുടെ ശീഷാമൃതം എണ്ണ ഉപയോഗിപ്പിൻ. വില 8 ഔ: കുപ്പി 1 ക്കു് 4 ക. പ്രായഭേദംകൂടാതെ ഉപയോഗിക്കാവുന്നതു്.
എം. ജെ. മാത്യു വൈദ്യൻ, മട്ടക്കുഴി വൈദ്യശാല, കാഞ്ഞിരപ്പള്ളി

b. 1) കുടുംബാംഗങ്ങളും ഭൃത്യജനങ്ങളും കത്തോലിക്കാവിശ്വാസത്തിനും സന്മാർഗ്ഗത്തിനും ചേരാത്തതൊന്നും വായിക്കാതിരിക്കാനും, അവയ്ക്കു ചേരുന്ന പ്രസിദ്ധീകരണങ്ങളിൽ— ഉദാഹരണമായി സത്യദീപം, കുടുംബദീപം, കർമ്മലകുസുമം, തിരുഹൃദയമാസിക, മദ്ധ്യസ്ഥൻ, കത്തോലിക്കാകുടുംബം മുതലായവയിലൊന്നെങ്കിലും നിജമായി വായിച്ചുകൊണ്ടിരിക്കാനും വേണ്ടതു ചെയ്യുക; 2) ഇടവകയിലുള്ള ഫ്രാൻസിസ്കൻ മൂന്നാം സഭ, കത്തോലിക്കാ വനിതാസംഘം മുതലായ ഭക്തസംഘടനകളിൽ ഏതെങ്കിലും ഒന്നിൽ ഓരോരുത്തരും ചേരുകയും അതിന്റെ പ്രവർത്തനങ്ങളിൽ കാര്യമായി പങ്കെടുക്കുകയും ചെയ്യുക; 3) മക്കളും വേലക്കാരുമായ ബാലികാബാലന്മാർ വേദപാഠക്ലാസിൽ ഹാജരാകുകയും, വേദപഠനം വീട്ടിൽവച്ചുതന്നെ വേണ്ടവിധം നടത്തുകയും, അവരിൽ പ്രായമായവർ ഉപരിയായ വേദപഠനത്തിനുവേണ്ടി സ്റ്റഡിസർക്കിൾ മുതലായ ഏർപ്പാടുകളിൽ ഫലപ്രദമായി സംബന്ധിക്കുകയും ചെയ്യാൻ നിഷ്കർഷിക്കുക; 4) അയൽക്കാരോടു നീതിയായും, സാധുക്കളോടു ദയയായും, എല്ലാവരോടും സ്നേഹമായും വർത്തിച്ച് ക്രിസ്തീയ സാമുദായിക പുണ്യങ്ങളിൽ കുടുംബാംഗങ്ങളും ഭൃത്യജനങ്ങളും അഭിവൃദ്ധിപ്രാപിക്കാൻ ഉപദേശംകൊണ്ടും ദൃഷ്ടാന്തംകൊണ്ടും പ്രോത്സാഹിപ്പിക്കുക; 5) "കൊയ്ത്തു വളരെ, വേലക്കാർ ചുരുക്കം" എന്നുള്ള നമ്മുടെ കർത്താവിന്റെ തിരുമൊഴികളനുസരിച്ച് സത്യവേദപ്രചരണത്തിനു തക്ക രംഗമായിരിക്കുന്ന നമ്മുടെ ഭാരതമഹാഭൂമിയിൽ വൈദികരും കന്യാസ്ത്രീകളും സഹോദരന്മാരുമായ മിഷനറിമാർ വളരെക്കുറവായിരിക്കുന്നതിനാൽ ആ ന്യൂനത പരിഹരിച്ചു ദൈവരാജ്യം പരത്തുവാൻ ദൈവം നൽകുന്ന ക്ഷണം തങ്ങളുടെ പുത്രീപുത്രന്മാർക്കു ലഭിക്കുവാൻ ആഗ്രഹിക്കുകയും, പ്രാർത്ഥിക്കുകയും, ആ ദൈവവിളി അവർക്കു ലഭിക്കുന്നുണ്ടെന്നുള്ള അടയാളങ്ങൾ കണ്ടാൽ പ്രാർത്ഥനകൊണ്ടും ഉപദേശങ്ങൾകൊണ്ടും അതിനെ പോററി വളർത്തുകയും, ആ ദൈവവിളി പ്രാവർത്തികമാക്കേണ്ട ഘട്ടം വരുമ്പോൾ ലൗകികമായ യാതൊരു ചിന്തകൾക്കും വഴിപ്പെടാതെ അവരെ സെമിനാരികളിലേക്കും കന്യകാമഠങ്ങളിലേക്കും മററു മിഷനറിസ്ഥാപനങ്ങളിലേക്കും സന്തോഷസമേതം പറഞ്ഞയക്കുവാൻ സന്നദ്ധരായിരിക്കുകയും ചെയ്യുക —ഈ പ്രായോഗികമാർഗ്ഗങ്ങളെല്ലാം സ്വീകരിക്കണമെന്ന് സകല കുടുംബനായികമാരോടും ഈയോഗം സാദരം ആവശ്യപ്പെടുന്നു.

## പൊതുസമ്മേളനം

[പ്രമേയങ്ങൾ]

I. "സമസ്തവും മിശിഹായിൽ പുനഃസ്ഥാപിക്കുക" എന്ന വിശുദ്ധ പൗലോസ് ശ്ലീഹായുടെ മഹത്തായ ആദർശം പ്രയോഗത്തിൽ വരുത്തുവാൻ തിരുസ്സഭ ചെയ്തുകൊണ്ടിരിക്കുന്ന ഉദ്യമങ്ങളിൽ വൈദികാദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിനു വിധേയരായി പങ്കെടുക്കുകയെന്ന കത്തോലിക്കാ പ്രവർത്തനത്തിലേക്കു സകല കത്തോലിക്കാ അൽമേനികളേയും സ്ത്രീപുരുഷഭേദമെന്യെ തിരുസ്സഭ ക്ഷണിച്ചുകൊണ്ടിരിക്കുന്നതിനാൽ, അതുസംബന്ധിച്ചുള്ള തങ്ങളുടെ ചുമതലയുടെ ഗൗരവത്തെ ഇതരരാജ്യങ്ങളിലെ ആധുനിക കത്തോലിക്കരെപ്പോലെ വേണ്ടവിധം മനസ്സിലാക്കണമെന്ന സകലരോടും ഈ യോഗം ആദ്യമായി സാദരം ആവശ്യപ്പെടുന്നു.

II. കത്തോലിക്കാപ്രവർത്തനം എന്ന ശരിയായ നാമത്തിലുള്ള സംഘടനയിലോ, അതിന്റെ സഹായഘടകങ്ങളായ ഭക്തസമൂഹം, ഫ്രാൻസിസ്കൻ മൂന്നാം സഭ, വിൻസെന്റ് ഡി പോൾ സഖ്യം, വനിതാസംഘം മുതലായ മറേറതെങ്കിലും ഒരു സംഘടനയിലോ ഓരോരുത്തരും അംഗങ്ങളായിരിക്കണമെന്നും, അതിലെ അംഗത്വം ആവശ്യപ്പെടുന്ന കൃത്യങ്ങളെല്ലാം മുറപോലെ നടത്തി സെന്റ് തോമസ് മൂർ മുതലായ അൽമായരെപ്പോലെ ഉത്തമ കത്തോലിക്കാജീവിതം നയിക്കണമെന്നും, വിശിഷ്യാ ദിവ്യകാരുണ്യനാഥന്റെ ധീരയോദ്ധാക്കൾക്കനുഗുണമായ നിലയിൽ സേവനനിരതരാകാൻ സന്നദ്ധരാകണമെന്നും സകലരോടും ഈ യോഗം ശക്തിയുക്തം ശുപാർശചെയ്യുന്നു.

III. സകലതും മിശിഹായിൽ പുനഃസ്ഥാപിക്കുന്നതിന് ആദ്യമായി വേണ്ടതു് ഓരോരുത്തരുടേയും രഹസ്യവും പരസ്യവുമായ ജീവിതം യഥാർത്ഥത്തിൽ കത്തോലിക്കമായിരിക്കുകയെന്നതാകയാൽ, അതിനു ചേരാത്ത യാതൊരു നടപടിയും സ്വകാര്യജീവിതത്തിലോ പരസ്യജീവിതത്തിലോ ഉണ്ടാകാതിരിപ്പാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണമെന്നും, ആധുനികലോകത്തിലെ ഉജ്ജ്വലതാരങ്ങളായ പോർട്ടുഗലിലെ സലസാർ, സ്പെയിനിലെ ഫ്രാങ്കോ, ഐർലൻഡിലെ ഡിവലേരാ തുടങ്ങിയ മഹത്തുക്കളെ അനുകരിച്ചു വി. കുർബാനവഴിയായി ദിവ്യകാരുണ്യകർത്താവിനോട് അടുക്കണമെന്നും, സത്യത്തേയും നീതിയേയും സ്നേഹത്തേയും മുൻനിർത്തി ചൈതന്യപൂർവ്വം ഉൽകൃഷ്ടവും സംസ്കാരസമ്പന്നവുമായ കത്തോലിക്കാജീവിതം നയിക്കാൻ ദൃഢവ്രതരാകണമെന്നും ഈ യോഗം സകലരോടും സ്നേഹപൂർവ്വം ശുപാർശചെയ്യുന്നു.

IV. ആധുനികകാലത്തിലെ ഗവൺമെന്റുകളുടെ ഇടപെടൽ പൗരന്മാരുടെ കുടുംബപരവും വിദ്യാഭ്യാസപരവും സാമ്പത്തികവും സാമുദായികവുമായ രംഗങ്ങളിലേക്കു മാത്രമല്ല, മതപരമായ തുറകളിലേക്കും അവിഹിതമായി വ്യാപിച്ചുകൊണ്ടിരിക്കുന്നതിനാൽ, അതു സംബന്ധിച്ചു കത്തോലിക്കർ അവശ്യം അറിഞ്ഞിരിക്കേണ്ടതായി ആധുനിക മാർപ്പാപ്പാമാരും രൂപതാദ്ധ്യക്ഷന്മാരും നൽകിക്കൊണ്ടിരിക്കുന്ന തത്വോപദേശങ്ങൾ അവരവരുടെ നിലയും സ്ഥിതിയുമനുസരിച്ച് മനസ്സിലാക്കിയിരിക്കണമെന്നും, ആ കാര്യങ്ങൾ വിശദീകരിച്ച് അറിവു നൽകുന്ന പ്രസിദ്ധീകരണങ്ങൾ വായിക്കുകയും പ്രസംഗങ്ങൾ കേൾക്കുകയും സമ്മർദ്ദോപചെയ്യുള്ള യോഗങ്ങളിൽ സംബന്ധിക്കുകയും ചെയ്യണമെന്നും ഈ യോഗം സകലരേയും ഉപദേശിക്കുന്നു.

V. കമ്മ്യൂണിസം, സോഷ്യലിസം മുതലായവ തൊഴിലാളികളേയും മററു പാവങ്ങളേയും വഴിപിഴപ്പിച്ചുകൊണ്ടുപോകുന്നതു് അവരുടെ സാമ്പത്തികക്ലേശങ്ങൾക്ക് ആശ്വാസം നൽകാമെന്നുള്ള വാഗ്ദാനങ്ങളാലാണെന്ന വസ്തുത ശരിയായി മനസ്സിലാക്കണമെന്നും, ആ വിപത്തിൽനിന്ന് അവരെ രക്ഷിക്കുവാൻ പര്യാപ്തമായവിധം നീതിയോടും സ്നേഹത്തോടും കരുണയോടുംകൂടി അവരോടു പെരുമാറണമെന്നും ഈ യോഗം സകലരേയും അനുസ്മരിപ്പിച്ചുകൊള്ളുന്നു.

VI. പ്രായപൂർത്തി വോട്ടവകാശം നടപ്പിൽവന്നിരിക്കുന്ന ഇക്കാലത്തു തിരഞ്ഞെടുപ്പിൽ കൂടുതൽ വോട്ടുകിട്ടുന്നവർ ജനപ്രതിനിധികളായി നിയമസഭയിൽ ചെല്ലുമെന്നും, ആ പ്രതിനിധികളുടെ ഭൂരിപക്ഷം അനുകൂലിക്കുന്ന നിയമങ്ങൾ രാജ്യത്തിൽ നടപ്പാകുമെന്നും ഉള്ള വസ്തുത ശരിയായി മനസ്സിലാക്കുകയും, മതത്തിനും സന്മാർഗ്ഗത്തിനും യഥാർത്ഥമായ രാജ്യക്ഷേമത്തിനും വിരുദ്ധമായ നിയമനിർമ്മാണങ്ങൾക്കൊന്നിനും കൂട്ടുനില്ക്കുകയില്ലെന്നു ഉറപ്പുള്ള സ്ഥാനാർത്ഥികൾക്കുമാത്രം വോട്ടു കൊടുക്കുവാൻ ശ്രദ്ധിക്കുകയും, അറിവുകുറഞ്ഞ വോട്ടറന്മാരെ സംഗതികൾ പറഞ്ഞു മനസ്സിലാക്കി ആവിധം മാത്രം പ്രവർത്തിക്കുവാൻ അവരെ ന്യായമായി പ്രേരിപ്പിക്കുകയും ചെയ്യണമെന്നു സകലരേയും ഈയോഗം ഉപദേശിക്കുന്നു.

## തിരു-കൊച്ചിവാർത്തകൾ

### മുഖ്യമന്ത്രിയുടെ പ്രസ്താവന

ഒക്ടോബർ 12-ാംനു മുഖ്യമന്ത്രി ശ്രീ സി. കേശവൻ തിരുവനന്തപുരത്തുവച്ചു നടത്തിയ ഒരു പ്രസ്കോൺഫറൻസിൽ താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. ഡെമോക്രാറ്റിക് കോൺഗ്രസുകാരുമായി നടന്ന ഒത്തുതീർപ്പാലോചനകൾ ഫലപ്രാപ്തിയിലെത്തിയിട്ടുണ്ട്. അവരുമായി കൂടിയാലോചിച്ച് ഒരു ഒത്തുതീർപ്പു ഫോർമുല അംഗീകരിച്ചിരിക്കുന്നു. തിരഞ്ഞെടുപ്പിന് സാമുദായിക സംഘടനകളുമായി കൂട്ടുകെട്ടിലേർപ്പെടുവാൻ കോൺഗ്രസ് ഉദ്ദേശിക്കുന്നില്ല. ഒരു സ്വതന്ത്രസ്ഥാനാർത്ഥിയായ ഡോക്ടർ ജോൺ മത്തായിക്കെതിരായി പാർലമെൻറു സീററിലേക്ക് ഒരു കോൺഗ്രസ് സ്ഥാനാർത്ഥിയെ കോട്ടയത്തു നിത്തുന്നതാണ്. മുൻപരിപാടിയനുസരിച്ച് ഡിസംബർ 3-നും 21-നും മദ്ധ്യേതന്നെ തിരു-കൊച്ചിയിൽ പൊതുതിരഞ്ഞെടുപ്പു നടക്കുന്നതാണ്. തിരഞ്ഞെടുപ്പുകാലത്തു് കമ്മ്യൂണിസ്റ്റുകാരെ സ്വതന്ത്രരാക്കുവാൻ ഉദ്ദേശിക്കുന്നില്ല. പുതുതായി നിർമ്മിക്കുവാൻപോകുന്ന കൊല്ലം—എറണാകുളം റെയിൽവേസംബന്ധിച്ച ചെലവുകൾക്ക് 1953-54-ലെ കേന്ദ്രബഡ്ജററിൽ മാത്രമേ വകകൊള്ളിക്കുവാൻ സാദ്ധ്യമാകയുള്ളു എന്നു് കേന്ദ്ര റെയിൽവേമന്ത്രി അറിയിച്ചിരിക്കുന്നു.

### രക്ഷാകർത്തൃ—അദ്ധ്യാപകക്കമ്മിററി

വിദ്യാലയങ്ങളിൽ കൂടുതൽ ശിക്ഷണം പാലിക്കുന്നതിൻവേണ്ട മാർഗ്ഗങ്ങൾ ഉപദേശിക്കുന്നതിനായി ഓരോ സ്കൂളിലും രക്ഷാകർത്താക്കളുടെ പ്രതിനിധികളും അദ്ധ്യാപകപ്രതിനിധികളും ഉൾപ്പെട്ട ഓരോ കമ്മിററിയെ നിയമിക്കണമെന്നു് നിർദ്ദേശിച്ചുകൊണ്ടു് വിദ്യാഭ്യാസഡയറക്ടർ ഒരു സർക്കുലർ പുറപ്പെടുവിച്ചിരിക്കുന്നു. ഓരോ സ്കൂളിലേയും ഹെഡ്മാസ്റ്ററായിരിക്കണം ഈ കമ്മിററിയുടെ അദ്ധ്യക്ഷൻ. കമ്മിററിയിൽ ഏഴ് അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടു്.

### സാഹിത്യപരിഷത്തു്

സമസ്തകേരള സാഹിത്യപരിഷത്തിൻെറ 21-ാം വാർഷികസമ്മേളനം ഒക്ടോബർ 10 മുതൽ 13 വരെ തീയതികളിൽ എറണാകുളത്തു് മഹാരാജാസ് കോളെജ് അങ്കണത്തിൽവച്ച് നടത്തപ്പെട്ടിരിക്കുന്നു.

### നാമനിർദ്ദേശപത്രിക

നിയമസഭയിലേക്കുള്ള നാമനിർദ്ദേശപത്രിക ഒക്ടോബർ 22-ാംനു സമർപ്പിക്കേണ്ടതാണെന്നും 24-ാംനു അവ പരിശോധിക്കപ്പെടുന്നതാണെന്നും 27-ാംനുകകം പേർ പിൻവലിക്കാവുന്നതാണെന്നും ഗവമ്മെൻറിൽനിന്നും ഒരസാധാരണഗസററു് മൂലം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

### പോളിംഗ്സ്റ്റേഷനുകൾ

തിരു-കൊച്ചി സംസ്ഥാനത്തു് ആകെ 5100 പോളിംഗ്സ്റ്റേഷനുകളും 4344751 വോട്ടർമാരുമുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

## ഇന്ത്യാവാർത്തകൾ

### വോട്ടേഴ്സ്ലിസ്റ്റിൽ പേരുചേർക്കാം

വോട്ടേഴ്സ് ലിസ്റ്റിൽനിന്നും പേർ വിട്ടുപോയിട്ടുള്ള ഏതൊരാൾക്കും പോളിംഗ് സമയത്തുപോലും തൻെറ പേർ ലിസ്റ്റിൽ ചേർക്കാമെന്നും, നേരത്തെ അപേക്ഷിക്കാതിരുന്നതിനു് 50 ക. പിഴ കെട്ടിയാൽ മതിയെന്നും ചീഫ് ഇലക്ഷൻ കമ്മീഷണർ മി. സുകുമാർസെൻ അറിയിച്ചിരിക്കുന്നു.

### വിദ്യാഭ്യാസകോൺഫറൻസ്

അഖിലേന്ത്യാ വിദ്യാഭ്യാസകോൺഫറൻസിൻെറ 26-മതു സമ്മേളനം ഒക്ടോബർ 22-ാംനു മുതൽ ബോംബെയിൽ വച്ചു് നടത്തപ്പെടുന്നതാണു്. സർവ്വകലാശാലാ പ്രൊഫസർമാർ, സെക്കണ്ടറി അദ്ധ്യാപകന്മാർ, വിദ്യാലയാധികൃതർ തുടങ്ങിയ അനേകംപേർ ഇതിൽ സംബന്ധിക്കുന്നതായിരിക്കും.

### തിരഞ്ഞെടുപ്പുപ്രചരണം

തിരഞ്ഞെടുപ്പുപ്രചരണാർത്ഥം പണ്ഡിററ് നെഹ്റു ഇൻഡ്യായൂണിയനിലെ മിക്ക സംസ്ഥാനങ്ങളും സന്ദർശിക്കുന്നതാണെന്നും അതിലേക്ക് സൗകര്യപ്രദമായ തീയതികൾ നിശ്ചയിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. അടുത്തയാഴ്ചയിൽ അദ്ദേഹം ബോംബെയിലെത്തി കോൺഗ്രസ് പ്രചരണം ഉൽഘാടനം ചെയ്യുന്നതാണത്രെ. ബോംബെനഗരത്തിൽനിന്നു് പാർലമെൻറിലേക്കുള്ള മൂന്നു പൊതുസീററുകൾക്കു് കോൺ. സ്ഥാനാർത്ഥികളായി ശ്രീ എസ്. കെ. പട്ടിൽ, ഡോ. വി. ബി. ഗാന്ധി, ശ്രീമതി ജയശ്രീ എന്നിവരും ഇൻഡ്യൻ സോഷ്യലിസ്റ്റ പാർട്ടി സ്ഥാനാർത്ഥികളായി മെ. ശ്രീകൃഷ്ണദാസ്, അശോകമേത്ത, കമലാദേവി ചട്ടോപാദ്ധ്യായ എന്നിവരുമാണു് മത്സരിക്കുന്നതു്.

# Thanksgiving



## For favours received
from Sister ALPHONSA

Joseph Ezhachalil, New Delhi.

## വിദേശവാർത്തകൾ

### മലമ്പനിനിവാരണം

അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിൽ മലമ്പനി വളരെ കുറഞ്ഞിരിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. കൊതുകുകളെ സംഹരിക്കുന്നതിനു പര്യാപ്തമായ ഡി. ഡി. ററി. ധാരാളമായി ഉപയോഗിച്ചതിൻെറ ഫലമാണിതെന്നുവേണം വിചാരിക്കാൻ. അമേരിക്കൻ ഗവമ്മെൻറു് ഇതരരാജ്യങ്ങളുടെ ഉപയോഗത്തിനായി പ്രതിവർഷം 150 ലക്ഷം റാത്തൽ ഡി. ഡി. ററി. യാണു കയററുമതി ചെയ്യുന്നതു്.

### അഭയാർത്ഥികൾ

കമ്മ്യൂണിസ്റ്റു പിടിയിലമർന്നിരിക്കുന്ന ചെക്കോസ്ലോവാക്യയിൽനിന്നും ഈയിടെ ഏതാനും അഭയാർത്ഥികൾ തിവണ്ടിമാർഗ്ഗേണ പശ്ചിമജർമ്മനിയിലെത്തി രക്ഷപ്രാപിച്ചിരിക്കുന്നു. അവർ സ്വദേശത്തേക്കു തിരിച്ചുപോകാൻ ആഗ്രഹിക്കാത്ത സ്ഥിതിക്ക് അവരെ തിരിച്ചയക്കുന്നതല്ലെന്നു ചെക്കോസ്ലോവാക്യൻ ഗവമ്മെൻറിൻെറ കുറിപ്പിനു അമേരിക്കൻ ഗവമ്മെൻറു മറുപടി നൽകിയിരിക്കുന്നു.

### 2 ലക്ഷംടൺ ഗോതമ്പു്

ഇന്ത്യൻ കച്ചവടവായ്പനിയമപ്രകാരം ഒക്ടോബർമാസത്തിൽ അമേരിക്കയിൽനിന്നും ഇന്ത്യയിലേക്കു 2 ലക്ഷം ടൺ ഗോതമ്പു കയററി അയക്കുന്നതാണെന്നു ഇന്ത്യാ സപ്ലൈമിഷൻെറ വക്താവു പ്രസ്താവിച്ചതായി വാഷിംഗ്ടണിൽനിന്നുമുള്ള ഒരു വാർത്തയിൽ കാണുന്നു.

### നീഗ്രോകൾക്കു തുല്യസ്ഥാനം

നീഗ്രോകൾമാത്രം അടങ്ങിയ 24-ാം അമേരിക്കൻ റെജിമെൻറ് കഴിഞ്ഞ ഒരുകൊല്ലമായി ഐക്യരാഷ്ട്രസേനകളോടൊന്നിച്ചു് കൊറിയയിൽ യുദ്ധം ചെയ്തുകയായിരുന്നു. അതിനെ ഇപ്പോൾ ഔദ്യോഗികമായി പിരിച്ചുവിടുകയും അതിലെ അംഗങ്ങളെ മററു് അമേരിക്കൻ സേനാവിഭാഗങ്ങളിൽ ലയിപ്പിക്കുകയും ചെയ്തിരിക്കുന്നു. നീഗ്രോകൾക്കു സേവനകാര്യങ്ങളിൽ തുല്യസ്ഥാനം നല്കാനുള്ള അഭിവാഞ്ഛയുടെ ഫലമാണത്രെ ഈ നടപടി.

### ആംഗ്ലോ-ഇജിപ്ഷ്യൻപ്രശ്നം

1936-ൽ രൂപമെടുത്ത ആംഗ്ലോ-ഇജിപ്ഷ്യൻ ഉടമ്പടി റദ്ദ്ചെയ്യുവാനും ഇപ്പോൾ ബ്രിട്ടൻെറയും ഈജിപ്റ്റിൻെറയും സംയുക്താധിപത്യത്തിൽ സ്ഥിതിചെയ്യുന്ന സുഡാനെ ഈജിപ്റ്റിനോടു ചേർത്തു, ഫറൂക്ക് രാജാവിനെ ഈജിപ്റ്റിൻെറയും സുഡാൻെറയും രാജാവായി പ്രഖ്യാപിക്കുവാനുമുള്ള രണ്ടു ബില്ലുകൾ ഇജിപ്ഷ്യൻ പ്രധാനമന്ത്രി പാർലമെൻറിൽ അവതരിപ്പിച്ചിരിക്കുന്നു. സൂയസ്കനാൽ മേഖലയിലെ ബ്രിട്ടിഷ് ഭടന്മാരുടെ അവധി ഒക്ടോബർ 8-ാംനു റദ്ദുചെയ്തിരിക്കുന്നതായി ഇജിപ്ഷ്യൻ ഗവമ്മെൻറു് പ്രഖ്യാപനവുംചെയ്തിരിക്കുന്നു. എന്നാൽ സുഡാനിലെ ബ്രിട്ടിഷ് ഗവർണ്ണർ ജനറൽ പുറപ്പെടുവിച്ചിരിക്കുന്ന ഒരു വിളംബരത്തിൽ സുഡാനിലെ ഇപ്പോഴത്തെ ഭരണരീതിതന്നെ തുടരുന്നതാണെന്നും ഇരുകക്ഷികളുംകൂടി ചെയ്തിട്ടുള്ള ആംഗ്ലോ-ഇജിപ്ഷ്യൻ ഉടമ്പടി ഈജിപ്റ്റിനു തനിച്ചു് റദ്ദ്ചെയ്യുവാൻ അവകാശമില്ലെന്നും വ്യക്തമാക്കിയിരിക്കുന്നു. സൂയസ്കനാൽ മേഖലയിൽ ബ്രിട്ടിഷ് സൈന്യത്തെ നിർത്തുവാൻതന്നെയാണ് ബ്രിട്ടൻ തീരുമാനിച്ചിരിക്കുന്നതെന്നും, 1936-ലെ ഉടമ്പടിയനുസരിച്ച് ബ്രിട്ടനു് അതിനവകാശമുണ്ടെന്നും ബ്രി. വിദേശകാര്യമന്ത്രിയും പ്രസ്താവിച്ചിരിക്കുന്നു. ഇജിപ്ഷ്യൻ ഗവമ്മെൻറിൻെറ പുതിയ നടപടികളെപ്പററി അമേരിക്ക, ബ്രിട്ടൺ, ഫ്രാൻസ് എന്നീ രാജ്യങ്ങളിലെ സൈന്യാധിപന്മാർ ഏതൻസിൽ സമ്മേളിച്ചു് ഒരു കൂടിയാലോചന നടത്തിയിരിക്കുന്നതായും റിപ്പോർട്ടുകളിൽ കാണുന്നു.

### പുതിയ റേഡിയോ സ്റ്റേഷനുവേണ്ടി

റോമാനഗരത്തിൽ ഒരു പുതിയ റേഡിയോസ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി 1335 ഏക്കർ ഭൂമിയുടെ പ്രത്യേക ഉടമസ്ഥാവകാശം ഇററാലിയൻ ഗവമ്മെൻറു് വത്തിക്കാനു നല്കിയിരിക്കുന്നു. പുതിയ സ്റ്റേഷനിൽനിന്നു് 13 ഭാഷകളിൽ ഭൂഗോളത്തിൻെറ എല്ലാ ഭാഗങ്ങളിലേക്കും പ്രക്ഷേപണം ചെയ്യുവാൻ സാധിക്കുന്നതാണത്രെ.

## വിനോദവീഥി




"നിങ്ങൾക്കു എല്ലു് വേണമെങ്കിൽ L—കാറിൽ (കാറോടിച്ചു പഠിക്കുന്നവരിൽ) നിന്നു് ഓടിയകലുക."

* * *

പിതാവു്: "ജോണിയുടെ ഈ ബുദ്ധിയെല്ലാം എന്നിൽനിന്നു അവനു കിട്ടിയതാണെന്നാണു് എനിക്കു തോന്നുന്നതു്."

മാതാവു്: "അങ്ങനെയായിരിക്കണം. എൻെറ ബുദ്ധിക്കൊരു കുറവും ഉണ്ടായിട്ടില്ല."

* * *

തോമസ് കാറോടിച്ചുപോകയായിരുന്നു, ആർക്കുമൊരു ശല്യവും വരുത്താതെ, ഗതാഗതനിയമങ്ങളെല്ലാം കൃത്യമായി പാലിച്ചുകൊണ്ടു്. പുറകെ അതിവേഗത്തിൽ ഓടിച്ചുവന്ന ഒരു കാർ ഇയാളുടെ കാറിനിട്ടിടിച്ചു. ഉടനെ ഇതു നിറുത്താൻ ട്രാഫിക്കുദ്യോഗസ്ഥൻ അടയാളം കാണിച്ചു. കാർ നിർത്തിയശേഷം തോമസ് ചോദിച്ചു: "അപ്പോൾ എൻെറ കുററംകൊണ്ടാണ് ഈ അപകടം ഉണ്ടായതെന്നാണോ സാർ പറയുന്നതു?"

"അതേ. നിങ്ങളുടെ കുററംകൊണ്ടുതന്നെ."

"അതെങ്ങനെ?"

"കാരണം പറയാം. മറേറയാൾ ആരാണെന്നറിയാമോ? അയാളൊരു മുൻമന്ത്രിയാണ്. അയാളുടെ അച്ഛൻ എന്നെ പഠിപ്പിച്ചിട്ടുണ്ടു്. അയാളുടെ സഹോദരൻ ഒരു പോലീസിൻസ്പെക്ടറാണ്. അയാളുടെ ഉടപ്പിറന്നവളെയാണു ഞാൻ വേളികഴിച്ചിരിക്കുന്നതു്.

* * *

"അമ്മേ, പിശാചൊരു മനുഷ്യനാണോ?"

"അവൻെറ സ്ഥിതി അതിനെക്കാൾ കഷ്ടമാണു്."

"അവൻ സ്ത്രീയാണെന്നാണോ അമ്മ പറയുന്നതു്?"

## ജൂബിലിവർഷ സമാപനം

വിശുദ്ധവർഷാചരണങ്ങളുടെ ഉപസംഹാരച്ചടങ്ങുകൾ തീർത്ഥസ്ഥലമായ ഫാത്തിമായിൽവച്ചു ഒക്ടോബർ 13-ാം തീയതി നടത്തപ്പെട്ടു. കത്തോലിക്കാലോകത്തിൻെറ വിവിധഭാഗങ്ങളിൽനിന്നുമായി പത്തുലക്ഷത്തോളം തീർത്ഥകർ ഫാത്തിമായിൽ സമ്മേളിച്ചിരുന്നു. സമാധാനത്തിനും, റഷ്യയുടെ മാനസാന്തരത്തിനുംവേണ്ടി പ്രാർത്ഥനകൾ നടത്തപ്പെട്ടു. റഷ്യയിൽനിന്നു രാജ്യഭ്രഷ്ടനായ മോൺ. പൗലേമെറലഫ് മെത്രാൻ റഷ്യൻറീത്തിൽ ഒരു കുർബാന അർപ്പിച്ചു.

ഫാത്തിമായിൽ തടിച്ചുകൂടിയിരുന്ന പത്തുലക്ഷത്തിൽപ്പരം തീർത്ഥകരോട് മാർപ്പാപ്പാ തിരുമേനി തൻെറ ഗ്രീഷ്മകാലവസതിയായ കാസ്റ്റൽഗണ്ടോൾഫോയിൽനിന്നു് ഒരു പ്രഭാഷണം പ്രക്ഷേപണംചെയ്തു. തിരുമേനി പ്രസ്താവിച്ചു: "സമാധാനമാണ് ഇന്നു് ലോകത്തിനു് ആവശ്യം; ശാന്തിക്കുവേണ്ടി മനുഷ്യർ വളരെയേറെ യത്നിച്ചു; പക്ഷെ ലോകം ഇന്നും ഉൽക്കണ്ഠയിലും ഭീതിയിലുംതന്നെ കഴിഞ്ഞുകൂടുന്നു; ശാന്തി ക്ഷണനേരത്തേക്കു ദൃശ്യമാകുന്നതുപോലെയും വീണ്ടും അതു അപ്രത്യക്ഷമാകുന്നതായും ലോകത്തിനു് അനുഭവപ്പെടുന്നു. 1950-ൽ ജൂബിലിവർഷത്തിൻെറ ഉൽഘാടനവേളയിൽ നാം സൂചിപ്പിച്ച വിശുദ്ധവർഷാചരണത്തിൻെറ ലക്ഷ്യങ്ങളിൽ ഒന്നു സമാധാനമാണെന്നു്. ആഭ്യന്തരികവും ബാഹ്യവുമായ ശാന്തി കുടുംബത്തിലും ജനസമുദായത്തിലും രാഷ്ട്രസംഘാതത്തിലും പുലരണം എന്നതാണു് നമ്മുടെ ആദർശം." സമാധാനത്തിൻെറ വീഥിയിലൂടെ സഞ്ചരിക്കുവാൻ അഖിലലോക കത്തോലിക്കാജനതയെ ഉദ്ബോധിപ്പിച്ചുകൊണ്ടു് തിരുമേനി പ്രസ്താവിച്ചു: "പ്രിയ കുഞ്ഞുങ്ങളേ, വിശുദ്ധ വത്സരജൂബിലിയിൽ നിങ്ങൾ ചെയ്ത നല്ലനിശ്ചയങ്ങളെ ലോകത്തിൻെറയും ശാന്തിയുടെയും രാജ്ഞിയായ ദൈവമാതാവിൻെറ തൃച്ചേവടികളിൽ നവീകരിക്കുക."

## സിനിമാതാരം കന്യകാലയത്തിലേക്കു്

അമേരിക്കയിൽ ലോസ് ആൻജലിസിലെ ഒരു സിനിമാതാരമായിരുന്ന ജുവാനിററ കപിംലി കന്യകാലയത്തിൽ പ്രവേശിച്ചിരിക്കുന്നു. സിസ്റ്റർ റീത്ത എന്നാണു് അവരുടെ പുതിയപേര്. മൂന്നുവയസ്സിൽ ഒരു സിനിമാനടിയായി ഭവിച്ച ഇവർ ഇരുപതോളം ചലച്ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ടു്. പ്രതിവാരം 1500 രൂപയോളം വരുന്ന ഒരു തുകയാണു് ശമ്പളം ലഭിച്ചിരുന്നതു്. ഇപ്പോൾ സിസ്റ്റർ റീത്തയ്ക്കു് 20 വയസ്സു മാത്രമേ പ്രായമുള്ളു.

——




# ആരെ അനുകരിക്കണം?

എൻെറ സഹോദരന്മാരേ, നിങ്ങൾ എന്നോടു സദൃശരാകുവിൻ. ഞങ്ങളിൽ നിങ്ങൾ കാണുന്ന മാതൃക എങ്ങനെയോ അങ്ങനെ നടക്കുന്നവരെ നിങ്ങൾ പരിശോധിച്ചറിയുകയും ചെയ്യുവിൻ. മററുവിധത്തിൽ നടക്കുന്ന പലരുമുണ്ട്. അവരെപ്പററി നിങ്ങളോടു പലപ്രാവശ്യം ഞാൻ പറഞ്ഞിട്ടുമുണ്ട്. എന്നാൽ ഇപ്പോൾ ഞാൻ കരഞ്ഞുകൊണ്ടു പറയുന്നു: അവർ മിശിഹായുടെ കുരിശിൻെറ ശത്രുക്കളാകുന്നു. അവരുടെ അവസാനം നാശമാകുന്നു. അവരുടെ ദൈവം അവരുടെ ഉദരവും, അവരുടെ മഹിമ അവരുടെ ലജ്ജയും ആകുന്നു. അവരുടെ വിചാരം ഭൂമിയിലാകുന്നു. നമ്മുടെ സേവനമോ സ്വർഗ്ഗത്തിലാകുന്നു. അവിടെനിന്നു നമ്മുടെ രക്ഷകനെ, നമ്മുടെ കർത്താവായ ഈശോമിശിഹായെ, നാം പ്രതീക്ഷിക്കുന്നു. യാതൊന്നിനാൽ സകലവും തനിക്കു കീഴ്പ്പെടുത്തപ്പെട്ടുവോ, ആ തൻെറ മഹാശക്തിക്കനുസരണമായി നമ്മുടെ താഴ്മയുള്ള ശരീരത്തെ, അതു തൻെറ മഹത്വമുള്ള ശരീരത്തിൻെറ സദൃശത്തിലാകുവാൻ തക്കവണ്ണം അവൻ രൂപാന്തരപ്പെടുത്തും. ആകയാൽ പ്രിയപ്പെട്ടവരും സ്നേഹിതരുമായ എൻെറ സഹോദരന്മാരേ, എൻെറ സന്തോഷവും എൻെറ കിരീടവുമായുള്ളവരേ, എൻെറ വത്സലരേ, നിങ്ങൾ നമ്മുടെ കർത്താവിൽ ഇപ്രകാരം നിലനിൽക്കുവിൻ. എവുഹോദിയായോടും സുൻതേക്കെയോടും, അവർ നമ്മുടെ കർത്താവിൽ ഏകമനസ്സു തന്നെയായിരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. സാക്ഷാൽ എൻെറ സഹകാരിയായുള്ളോവേ, അവരെ സഹായിക്കണമെന്നു നിന്നോടും ഞാൻ അപേക്ഷിക്കുന്നു. എന്തെന്നാൽ ആയുസ്സിൻെറ പുസ്തകത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ക്ലേമിസിനോടും എൻെറ മററു സഹായികളോടുംകൂടി എന്നോടൊരുമിച്ചു സുവിശേഷത്തിൽ അവർ അദ്ധ്വാനിച്ചിട്ടുണ്ട്. (പന്തക്കുസ്താ 23-ാം ഞായർ; ലേഖനം: ഫിലിപ്പ്യ. III, 17 — IV, 3)

മരണാസന്നരായ നാസിഭടന്മാർ തങ്ങളുടെ മരണശേഷം ശവകുടീരത്തിൽ ആലേഖനംചെയ്യേണ്ട വാചകം ഇപ്രകാരമായിരിക്കണമെന്നു നിർദ്ദേശിക്കയുണ്ടായി: "ഇദ്ദേഹം ഹിററ്ലറുമായി മൈത്രിയിൽ മരിച്ചു!" വീരാരാധനയുടെ അതിരുകടന്ന ആവേശം! ജപ്പാനിലെ വൈമാനികഭടന്മാർ "ദിവ്യനായ" തങ്ങളുടെ ചക്രവർത്തിയുടെ വിജയത്തിനുവേണ്ടി ജീവനർപ്പിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചു. ഒരിക്കൽ നെഹ്റു കുട്ടികളുമായി സംഭാഷിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു കുട്ടിയോടു, "നീ എന്താണു ആഗ്രഹിക്കുന്നതു്" എന്നു ചോദിച്ചപ്പോൾ, "എനിക്കും ഒരു നെഹ്റു ആയിത്തീരണം" എന്നു ആ കുട്ടി മറുപടി പറഞ്ഞു; അത്രയ്ക്കു ഉൽക്കടമായിരുന്നു ആ കുട്ടിക്കു നെഹ്റുവിനെ അനുകരിക്കാനുള്ള ഭ്രമം. വീരാരാധനയും തജ്ജന്യമായ അനുകരണഭ്രമവും മനുഷ്യനു ജന്മസിദ്ധമാണു—പ്രത്യേകിച്ചു, ചോരത്തിളപ്പുള്ള യുവതീയുവാക്കന്മാരിൽ ഇതു കൂടുതൽ ശക്തിമത്തായിരിക്കും. വിശുദ്ധിയിലും വിജ്ഞാനത്തിലും ദേശീയസേവനത്തിലും വിപ്ലവസംരംഭങ്ങളിലും ആരാധ്യരായുള്ളവരെ നാം അത്ഭുതത്തോടെ വീക്ഷിക്കുന്നു, ബഹുമാനിക്കുന്നു, സ്നേഹിക്കുന്നു, അനുകരിക്കുന്നു. എന്നാൽ ഈ അനുകരണഭ്രമത്തിൽ പലരും വലിയ അപകടങ്ങളിൽ ചെന്നുചാടുന്നുണ്ട്.

കപടനേതാക്കന്മാർ, ഉദരപൂരണത്തിനായി നേതൃപട്ടം കെട്ടിയവർ, ചില സ്വാർത്ഥലാഭങ്ങൾക്കായി നേതൃവേഷം അണിയുന്നവർ, ആട്ടിൻതോലണിഞ്ഞ ചെന്നായ്ക്കൾ—ഇങ്ങനെ ചില മനുഷ്യാധമന്മാർപോലും നേതൃത്വത്തിൻെറ മൂടുപടമിട്ടുകൊണ്ടു നമ്മുടെ ബഹുമാനാദരങ്ങൾക്കു പാത്രീഭൂതരാകുവാൻ പരിശ്രമിക്കും. മർദ്ദിതരേയും ചൂഷിതരേയും സമുദ്ധരിക്കുവാനെന്ന ഭാവേന ചില നേതാക്കന്മാർ പ്രത്യക്ഷപ്പെട്ടു; സാന്മാർഗ്ഗികനിയമങ്ങളെ കാലത്തിനൊത്തവിധത്തിൽ പരിഷ്കരിക്കുവാനായി ചില "മഹാന്മാർ" രംഗപ്രവേശംചെയ്യും; സ്വന്തം രാഷ്ട്രത്തേയും മതത്തേയും വർഗ്ഗത്തേയും പൊക്കിപ്പിടിച്ചുകൊണ്ടും വിദ്വേഷവിഷം വമിപ്പിച്ചുകൊണ്ടും ചിലർ അരങ്ങത്തു പ്രവേശിക്കും; തൊഴിലാളികൾക്കും ദരിദ്രർക്കും രക്ഷാസങ്കേതം നൽകുന്നവരും, അനീതിയേയും അസമത്വത്തേയും അടിച്ചമർത്തുന്നവരും സ്ത്രീകൾക്കു സ്വാതന്ത്ര്യം നൽകുന്നവരും റഷ്യൻനേതാക്കന്മാർ മാത്രമാണെന്നു നിങ്ങളുടെ കാതുകളിൽ ആരെങ്കിലും ഓതിക്കൊണ്ടിരിക്കും. ഇത്തരക്കാരുടെ കെണിയിൽ പെടാതിരിപ്പാൻ പ്രത്യേകം ജാഗ്രതരായിരിക്കണം. ഇതുതന്നെയാണു ഇന്നത്തെ ലേഖനത്തിൽ വി. പൗലോസ് ഫിലിപ്പിയൻകാർക്കു നൽകുന്ന ഉൽബോധനം: "എൻെറ സഹോദരന്മാരേ, നിങ്ങൾ എന്നോടു സദൃശരാകുവിൻ. ഞങ്ങളിൽ നിങ്ങൾ കാണുന്ന മാതൃക എങ്ങനെയോ അങ്ങനെ നടക്കുന്നവരെ നിങ്ങൾ പരിശോധിച്ചറിയുകയും ചെയ്യുവിൻ. മററുവിധത്തിൽ നടക്കുന്ന പലരുമുണ്ടു്. അവരെപ്പററി നിങ്ങളോടു പലപ്രാവശ്യം ഞാൻ പറഞ്ഞിട്ടുമുണ്ടു്.... ... ... ..." ഇന്നത്തെ കാലത്തിനും എത്രയോ അനുയോജ്യമായ ഒരു താക്കീതു്!

സ്ഥാനത്തും അസ്ഥാനത്തും രാഷ്ട്രീയനേതാക്കന്മാരുടേയും പാർട്ടിനേതാക്കന്മാരുടേയും സ്തുതിഗീതങ്ങൾ പാടുക ഇന്നൊരു പതിവായിത്തീർന്നിട്ടുണ്ടു്. സത്യത്തിൻെറയും ജീവൻെറയും വിശ്വസ്തവഴികാട്ടിയും സാഹോദര്യത്തിൻെറയും സ്നേഹത്തിൻെറയും ത്യാഗത്തിൻെറയും സേവനത്തിൻെറയും നിസ്തുലമാതൃകകളായ നിരവധി വീരസന്താനങ്ങളുടെ മാതാവുമായ വിശുദ്ധ കത്തോലിക്കാസഭയുടെ അംഗങ്ങൾ, അവരുടെ ആദ്ധ്യാത്മികവും മതപരവും സാമുദായികവുമായ പ്രവർത്തനങ്ങളിൽ ആദർശവും മാതൃകയും പ്രചോദനവും അന്വേഷിച്ചു ഇന്നത്തെ രാഷ്ട്രീയനേതാക്കന്മാരെ സമീപിക്കേണ്ട ആവശ്യമില്ല. ക്രിസ്തുവിൻെറ പഠനങ്ങളും പ്രബോധനങ്ങളും അവിടത്തെ അനേകകോടി അനുയായികളുടെ മാനസികമായ ഉത്തേജനത്തിനും ധാർമ്മികമായ പ്രചോദനത്തിനും തികച്ചും പര്യാപ്തങ്ങളാണു്. ഒരുപക്ഷേ, അവതീർണ്ണനായ ദൈവത്തിൻെറതിനെക്കാൾ സമസൃഷ്ടികളായ മഹാന്മാരുടെ പരിമിതമായ ആദർശമാതൃകകളാണു സാധാരണന്മാർക്കു കൂടുതൽ ഹൃദ്യവും ആകർഷകവും പ്രായോഗികവുമായി തോന്നുക എന്നു വല്ലവരും പറയുകയാണെങ്കിൽ, അതിനും ആദർശയോഗ്യരായ നിരവധി വിരപുരുഷന്മാർ, പാവനചരിതന്മാർ, ത്യാഗമൂർത്തികൾ, സേവനസമ്പന്നന്മാർ, സാക്ഷാൽ മഹാത്മാക്കൾ സഭാമാതാവിൻെറ അനുദിനം വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന വിശുദ്ധവൃന്ദത്തിൽ ഉണ്ടെന്നുള്ളതും നിസ്തർക്കമാണു്. ഇവരെയെല്ലാം വിസ്മരിച്ചു കേവലം ഭൗതികതപ്രധാനന്മാരായവരുടെ പുറകെ ഓടുന്നതു് അത്ഭുതന്യമല്ലേ? ചില രാഷ്ട്രീയനേതാക്കന്മാർ ചിലപ്പോൾ ക്രിസ്തുവിൻെറ സനാതനതത്വങ്ങൾ ആനുഷംഗികമായി ഉയർത്തിക്കാട്ടിയെന്നുവരാം; അല്ലെങ്കിൽ, ക്രിസ്തീയതത്വസംഹിതകളിൽ ആവർത്തിച്ചാവർത്തിച്ചു പ്രതിപാദിച്ചിട്ടുള്ള ധാർമ്മികസിദ്ധാന്തങ്ങളിൽനിന്നു വല്ല ശകലവും പ്രസ്തുതനേതാക്കന്മാർ ഉദ്ധരിച്ചെന്നുവരാം; അപ്പോഴേക്കും അതു് അതേവരെ ക്രൈസ്തവരാരും കേട്ടിട്ടുപോലുമില്ലാത്ത ഒരു നവസന്ദേശമെന്നോണംകൊട്ടിഘോഷിച്ചു നടക്കുകയും ആ നേതാക്കന്മാരെ വാനോളം പുകഴ്ത്തി ആരാധിക്കയും ചെയ്യേണ്ടതായ ആവശ്യമില്ല. തൽഫലമായി കത്തോലിക്കർക്കു തങ്ങളുടെ മതസിദ്ധാന്തങ്ങളോടും ആദ്ധ്യാത്മികനേതാക്കന്മാരോടും ആദർശപുരുഷന്മാരായ പുണ്യാത്മാക്കളോടും ഉണ്ടായിരിക്കേണ്ട അവഗാഢവും അവിഭക്തവുമായ വിശ്വാസബഹുമാനാദരങ്ങൾ ക്ഷയിച്ചുപോകും. ഈയിടെ ഗാന്ധി അനുഷ്ഠിച്ചിരുന്ന മൗനവ്രതത്തെപ്പററി പുകഴ്ത്തിപ്പറഞ്ഞശേഷം അഭ്യസ്തവിദ്യനായ ഒരു കത്തോലിക്കൻ ചോദിക്കുന്നു: "നമുക്കും ഇതനുകരിച്ചുകൂടേ?" കഷ്ടം! കത്തോലിക്കാസഭയിൽ ആജീവനാന്തം മൗനമനുഷ്ഠിക്കുന്നവരുടേയും, വർഷത്തിൽ പല ദിവസങ്ങളും മാസങ്ങളും മൗനമാചരിക്കുന്നവരുടേയും വലിയ വലിയ സന്യാസസമൂഹങ്ങൾ ഉണ്ടെന്നും അൽമേനികൾതന്നെ അനേകംപേർ വർഷംതോറും കുറേദിവസങ്ങൾ ഏകാന്തധ്യാനത്തിൽ ചിലവഴിക്കുന്നവരുണ്ടെന്നും ഞാൻ അദ്ദേഹത്തെ ഓർമ്മപ്പെടുത്തിയപ്പോൾ മാത്രമേ അദ്ദേഹത്തിൻെറ കണ്ണു തുറന്നുള്ളു. കത്തോലിക്കാസഭയുടെ ആരംഭംമുതൽ ഇതഃപര്യന്തം ലോകമാസകലം അനിതരസാധാരണമായ ആതുരസേവനം അനുഷ്ഠിച്ചുവരുന്ന സന്യാസസഭകളെപ്പററി നമ്മുടെ യുവജനങ്ങൾക്കുള്ള അറിവു് എത്ര തുച്ഛം! വിൻസെൻറു ഡി പോൾ, ഫ്രാൻസിസ് അസിസി, പീററർ ക്ലേവർ, ഫാദർ ഡാമിയൻ, ജോസഫ് കൊത്തൊലെങ്കൊ ആദിയായ നാമങ്ങൾ കേട്ടിട്ടുപോലുമില്ലാത്ത കത്തോലിക്കർ ഇല്ലേ? നമ്മുടെ

**യുവജനങ്ങൾക്കു സേവനമാതൃകകളായി ഇവരെല്ലാം പോരേ?**

ഭൗതികതപ്രധാനന്മാരായ രാഷ്ട്രീയനേതാക്കന്മാർക്കും സമുദായപരിഷ്കർത്താക്കൾക്കും സിനിമാതാരങ്ങൾക്കും യുവതീയുവാക്കന്മാരുടെ ഹൃദയവേദികളിൽ പ്രതിഷ്ഠലഭിച്ചുകഴിഞ്ഞാൽ, പിന്നീടു് മതപരമോ ആദ്ധ്യാത്മികമോ സാമുദായികമോ ആയ സംഗതികളിൽ ആ നേതാക്കന്മാർ പുറപ്പെടുവിക്കുന്ന അബദ്ധാഭിപ്രായങ്ങളെ പ്രതിഷേധിക്കുവാനോ എതിരിടുവാനോ ഉള്ള കഴിവും സന്നദ്ധതയും അവർക്കില്ലാതായിപ്പോകും. "ഇന്ത്യയിൽനിന്നു ക്രൈസ്തവമിഷനറിമാരെ ഓടിക്കണം, വിദ്യാഭ്യാസം രാഷ്ട്രത്തിൻെറ കുത്തകയാക്കണം, സ്വകാര്യവിദ്യാലയങ്ങൾ കണ്ടുകെട്ടണം, മതപരിവർത്തനംചെയ്യുന്ന ഹരിജനങ്ങൾക്കു ഗവൺമെണ്ടാനുകൂല്യങ്ങൾ നൽകരുതു്, രജിസ്റ്റർ വിവാഹം എല്ലാവർക്കും ബാധകമാക്കണം, വിവാഹമോചനം എല്ലാവർക്കും അനുവദിക്കണം, ജനനനിരോധനപ്രസ്ഥാനങ്ങൾ പ്രചരിപ്പിക്കണം, സ്വകാര്യസ്വത്തുടമ നശിപ്പിക്കണം" എന്നിങ്ങനെ മതത്തിനും ധർമ്മത്തിനും നീതിക്കും വിരുദ്ധങ്ങളായ അഭിപ്രായങ്ങൾ മുൻപറഞ്ഞ നേതാക്കന്മാർ പുറപ്പെടുവിച്ചാൽ അവ തന്നെയാണു് ശരിയെന്നു ഏററുപാടുവാനുള്ള ഒരു അധഃപതിച്ച മനസ്ഥിതിയിലേക്കു് അവർ എത്തിച്ചേരും. വി. ശ്ലീഹാ ഈ കപടനേതാക്കന്മാരെക്കുറിച്ചു് ഹൃദയസ്പൃക്കായവിധത്തിൽ മുന്നറിവു നൽകുന്നുണ്ടു്: "ഇപ്പോൾ ഞാൻ കരഞ്ഞുകൊണ്ടുപറയുന്നു: അവർ മിശിഹായുടെ കുരിശിൻെറ ശത്രുക്കളാകുന്നു. അവരുടെ അവസാനം നാശമാകുന്നു. അവരുടെ ദൈവം അവരുടെ ഉദരവും, അവരുടെ മഹിമ അവരുടെ ലജ്ജയും ആകുന്നു. അവരുടെ വിചാരം ഭൂമിയിലാകുന്നു..." അതേ, ഭൗതികതപ്രധാനന്മാരായ ജനനേതാക്കന്മാർ ഭൗതികങ്ങളായ കാര്യങ്ങളെക്കുറിച്ചുമാത്രം ശ്രദ്ധാലുക്കളായിരിക്കും. ദൈവം, മതം, സന്മാർഗ്ഗം, ആത്മാവു്, മരണാനന്തരജീവിതം ഇവയെല്ലാം അവർ അഗണ്യകോടിയിൽ തള്ളും. അവർ കുരിശിൻെറ ശത്രുക്കളായിരിക്കും; കാരണം, ദുർഘടകാര്യങ്ങളെ അനുഷ്ഠിക്കുക, ത്യാഗങ്ങൾ അനുഷ്ഠിക്കുക, ക്ലേശങ്ങൾ സന്തോഷത്തോടെ സഹിക്കുക എന്നിവയെല്ലാം അവർക്കു വെറുപ്പാണു്. അവർ വയറിനെ ദൈവമായി ആരാധിക്കും. തിന്നുക, കുടിക്കുക, ശാരീരികസന്തോഷങ്ങൾ ആവോളം അനുഭവിക്കുക എന്നുള്ളതായിരിക്കും അവരുടെ ജീവിതലക്ഷ്യം. ലജ്ജാകരങ്ങളായ പ്രവൃത്തികളിലായിരിക്കും അവർ മഹിമ കണ്ടെത്തുക. ജുഗുപ്സാവഹങ്ങളായ അധർമ്മകൃത്യങ്ങളെ—പാപങ്ങളെ—വെള്ളയടിച്ചു് പുണ്യകൃത്യങ്ങളായും സമുദായസേവനമായും, രാഷ്ട്രസേവനമായും, സന്മാർഗ്ഗത്തിൻെറ ചട്ടക്കൂട്ടിൽനിന്നുമുള്ള സ്വാതന്ത്ര്യമായും പ്രദർശിപ്പിക്കയും അവയിൽ പേരും പെരുമയും സമ്പാദിക്കുകയും ചെയ്യുന്ന നേതാക്കന്മാരും ഉണ്ടായിരിക്കും. വി. ശ്ലീഹാ ഉപദേശിക്കുന്നതുപോലെ ഇവരെയെല്ലാം "നിങ്ങൾ പരിശോധിച്ചറികയും ചെയ്തുകൊള്ളുവിൻ." വി. പൗലോസിനെപ്പോലെയുള്ള അനേകായിരം വിശുദ്ധന്മാർ നമുക്കു മാതൃകകളും ആദർശപുരുഷന്മാരുമായിരിക്കട്ടെ.

(ജെ. ചെമ്മണർ)

## ഉപകാരസ്മരണ



തൊമ്മൻ ചാക്കോ കരുവേലിക്കൽ,
തെക്കേക്കര, പൂഞ്ഞാർ

## പടവെട്ടിയ പരിശുദ്ധൻ

ഒക്ടോബർ 23-ാം തിയതി തിരുസഭയിൽ ഒരു വിശുദ്ധൻെറ നാമം കൊണ്ടാടപ്പെടുന്നുണ്ടു്—ജോൺ കപ്പിസ്ട്രാൻ. ഇററലിയിൽ കപ്പിസ്ട്രാൻനഗരത്തിൽ ജനനമായതുകൊണ്ടാണു് അദ്ദേഹം ഈ നാമത്തിൽ അറിയപ്പെടുന്നതു്. 31 വയസ്സിൽ ഭാര്യ മരിച്ചു. അന്യായമായി ഒരു തടവുശിക്ഷയും ലഭിച്ചു. അതോടെ ലോകം പരിത്യജിച്ചു് ഫ്രാൻസിസ്കൻസഭയിൽപ്രവേശിച്ചു് ഗുരുപ്പട്ടമേല്ക്കുകയാണുണ്ടായതു്. യൂറോപ്പിൻെറ ഒരററംമുതൽ മറേറ അററംവരെ അദ്ദേഹം പ്രസംഗം നടത്തി. മാനസാന്തരപ്പെടുത്തിയ ആളുകൾക്കു കണക്കില്ല. എന്നാൽ 71-ാമത്തെ വയസ്സിൽ ചെയ്ത ഒരു ധീരകൃത്യമാണു് അദ്ദേഹത്തെ വിശ്വവിഖ്യാതനാക്കിത്തീർത്തതു്. മഹമ്മദു ദ്വിതീയൻ എന്ന ടർക്കിസുൽത്താൻ കോൺസ്റ്റൻറിനോപ്പിൾ പിടിച്ചടക്കിയശേഷം ഒന്നരലക്ഷത്തിൽപ്പരംവരുന്ന ഒരു സൈന്യസന്നാഹത്തോടെ ക്രിസ്തീയരാജ്യങ്ങളെ അടിച്ചു തകർക്കുന്നതിനു ഉറച്ചു നിശ്ചയിച്ചുകൊണ്ടു ബെൽഗ്രെയിഡു് കോട്ടയ്ക്കുനേരെ പാഞ്ഞെടുത്തു. ലഡിസ്ലാസ് രാജാവു രഹസ്യത്തിൽ നാടുവിട്ടു. പ്രഭുവൃന്ദവും അദ്ദേഹത്തെ അനുഗമിച്ചു. സംഭ്രാന്തരായ ജനതതി നാലുപാടും ഓടിത്തുടങ്ങി. അപ്പോഴാണു് വയോവൃദ്ധനായ ഫാദർ കപ്പിസ്ട്രാൻ അവരുടെ സഹായത്തിനെത്തിയതു്. പേപ്പൽ പ്രതിനിധിയായ കാർഡിനൽ കാർവാജാൽ എന്ന ദേഹവും, ഹുനിയാഡി എന്നൊരു സേനാനായകനും അദ്ദേഹത്തിനു പിന്തുണനൽകാനിറങ്ങി. കണ്ണിൽകണ്ടവരെയെല്ലാം ചേർത്തു നാല്പതിനായിരത്തോളംവരുന്ന ഒരു സൈന്യത്തെ അവർ രൂപവൽക്കരിച്ചു. വെട്ടുകത്തിയും കോടാലിയും, വടിയും വാരിക്കുന്തവും മററുമായിരുന്നു അവരുടെ ആയുധങ്ങൾ. ഫാദർ കപ്പിസ്ട്രാൻ തൻെറ കുരിശുമേന്തി ഇവരെ നയിച്ചുകൊണ്ടിരുന്നു. സുൽത്താൻ മുറിവേററു. ടർക്കിസൈന്യം പിന്നോക്കം പാഞ്ഞുതുടങ്ങി. എങ്ങനെയെന്നു് എല്ലാവരും അത്ഭുതപ്പെട്ടു. ഫാദർ കപ്പിസ്ട്രാൻെറ സൈന്യം സഭാവൈരികളുടെമേൽ വമ്പിച്ച വിജയം നേടുകയും ചെയ്തു. ബെൽഗ്രെയ്ഡിനെ മാത്രമല്ല, യൂറോപ്പിനെയും, ക്രിസ്തീയ സഭയേയും ഒരു മഹാവിപത്തിൽനിന്നു അദ്ദേഹം ഇങ്ങനെ രക്ഷിച്ചു. യുദ്ധക്ലേശത്താൽ ക്ഷീണിതനായി അധികം താമസിയാതെ അദ്ദേഹം നിത്യവിശ്രാന്തി അടയുകയാണുണ്ടായതു്.

# കൽക്കദോനിയാസൂനഹദോസും യാക്കോബായ സഹോദരങ്ങളും

(ഫാദർ പ്ലാസിഡ് ററി. ഒ. സി. ഡി.)

(തുടർച്ച)

4. വിദേശീയ യാക്കോബായക്കാരെ അനുകരിക്കുക നിമിത്തമാണു് കേരള യാക്കോബായക്കാർ കൽക്കിദോനിയാ സൂനഹദോസിന്റെ നേരെ വിരോധമനോഭാവം പ്രദർശിപ്പിച്ചുവരുന്നതു്. എന്നാൽ വിദേശീയരുടെ മനോഭാവം ജാതിസ്പർദ്ധയെ ആശ്രയിച്ചുണ്ടായതാണു്. കേരളീയരെ അതു സ്പർശിക്കേണ്ടതല്ല.

കൽക്കിദോനിയാസൂനഹദോസു് യവനായ ജാതിയിൽപ്പെട്ടവരുടെ ഒരു വിജയമാണെന്നു് ഈജിപ്തായ, അബിസീനിയൻ, അർമ്മേനിയൻ, സുറിയാനി എന്നീ ജാതിയിൽപ്പെട്ടവർ ധരിച്ചുവശായി. കോൺസ്റ്റൻറിനോപ്പോളീസിനെ അടിച്ചുതാഴ്ത്തുവാൻ ദിയസ്ക്കോറോസു് തരംനോക്കിയിരിക്കവേയാണു് എവുത്തിക്കിസിനെ ഫ്ളാവിയൻ ശപിച്ചതു്. എവുത്തിക്കിസിനെ തൽക്ഷണം ദിയസ്ക്കോറോസു് ആദരിച്ചുകഴിഞ്ഞു. തുടർന്നുണ്ടായ "കള്ളന്മാരുടെ സൂനഹദോസും" അതിൽ നടന്ന സംഭവങ്ങളും കോൺസ്റ്റൻറിനോപ്പോളീസിനെ അടിച്ചമർത്തുവാനാണു് പ്രധാനമായി ഉദ്ദേശിക്കപ്പെട്ടതു്. എന്നാൽ കൽക്കിദോനിയാ സൂനഹദോസു് ദിയസ്ക്കോറോസിനെ ശപിച്ചതോടെ യവനായജാതിയിൽ പെട്ടവർ വിജയം കൈവരിച്ചു എന്നു് മററു ജാതിയിൽപ്പെട്ടവർ ധരിക്കുവാനിടയായി. ഇതാണു് കൽക്കിദോനിയാ സൂനഹദോസു സ്വീകരിക്കാതിരിക്കുവാൻ സുറിയാനിജാതിക്കാരായ വിദേശീയ യാക്കോബായക്കാരെ പ്രേരിപ്പിച്ച ഏകകാരണം. കേരള യാക്കോബായക്കാരാവട്ടെ റീത്തിലല്ലാതെ ജാതിയിൽ സുറിയാനിക്കാരല്ലല്ലോ. ആകയാൽ ജാതിസ്പർദ്ധ നിമിത്തം വിദേശത്തുണ്ടായ വിരോധമനോഭാവം ജാതിയിൽ വിഭിന്നരായ കേരളീയർ വച്ചുപുലർത്തേണ്ടതല്ല. വിദേശീയർതന്നെയും ജാതിസ്പർദ്ധയാൽ അന്ധരായതുനിമിത്തമല്ലയോ "ഇരട്ട" എന്നതു് ഒന്നാണെന്നു് യുക്തിയില്ലാതെ പറയുവാനും, തങ്ങൾ ശപിക്കുന്ന എവുത്തിക്കിസിനെ ആദരിച്ച ദിയസ്ക്കോറോസിനെ വിശുദ്ധനാക്കുവാനും പ്രേരിതരായിത്തീർന്നതു? "കള്ളന്മാരുടെ സൂനഹദോസ്" കള്ളന്മാരുടെ എന്നു സമ്മതിക്കുന്ന അവർ ആ സൂനഹദോസു നടത്തിയ ദിയസ്ക്കോറോസു് നിരപരാധിയെന്നുതന്നെയല്ല, ഒരു വിശുദ്ധനാണെന്നുപോലും കരുതുവാൻ തക്കവണ്ണം ജാതിസ്പർദ്ധ അവരെ അത്ര അന്ധരാക്കിത്തീർത്തു. കേരളീയർ എന്തിനു് അവരെ അനുകരിക്കുന്നു? അവരെ നേർവഴിയിലേക്കു തിരിക്കുവാൻ ജാതിയിൽ വിഭിന്നരായ കേരളീയർക്കു് പ്രയാസമുണ്ടാകേണ്ടതല്ല.

5. കൽക്കിദോനിയാസൂനഹദോസു് യാക്കോബായക്കാർ സ്വീകരിക്കുന്നില്ലെങ്കിലും സ്വീകരിക്കുവാൻ യാതൊരു പ്രയാസവുമില്ലെന്നു് മുകളിൽ പ്രസ്താവിച്ചവ വിശദമാക്കിയിട്ടുണ്ടല്ലോ. കൽക്കിദോനിയായോടു് യാക്കോബായക്കാർ കുറെയെല്ലാം ആദരവു് പ്രദർശിപ്പിക്കുന്നതായി കരുതുവാനും വഴിയില്ലാതില്ല.

യാക്കോബായസഭയുടെ ഔദ്യോഗികകാനോൻ സഞ്ചയമാണു് ബർഎബ്രായായുടെ ഹൂദായാ കാനോൻ. കൽക്കിദോനിയാ സൂനഹദോസു ഭരണവിഷയകമായും മററും സൃഷ്ടിച്ച കാനോനാകൾ ഹൂദായാകാനോനിൽ സ്ഥലംപിടിച്ചിട്ടുണ്ടു്. 28-ാം കാനോനായ്ക്കു മാത്രമേ അതിൽ സ്ഥാനമില്ലാതുള്ളു! അതാവട്ടെ സൂനഹദോസിന്റെ കാനോനാ അല്ലതാനും. കൽക്കിദോനിയാ സൂനഹദോസിന്റെ നേരെയുള്ള വിരോധമനോഭാവം പരിത്യജിക്കുവാൻ ഈ വസ്തുത വളരെ പ്രയോജനകരമാണെന്നു ചിന്തിച്ചാൽ മനസ്സിലാക്കാവുന്നതാണു്.

കേരളത്തെ സംബന്ധിച്ചിടത്തോളം ഈ ഹൂദായാകാനോൻ ചില വ്യത്യാസങ്ങളോടുകൂടി ബാവാകക്ഷിക്കാരും മെത്രാൻകക്ഷിക്കാരും ഹാജരാക്കിവരുന്നു. മെത്രാൻകക്ഷിക്കാരുടെ പ്രതികളിൽ കൽക്കിദോനിയാ കാനോനാകളെ കൽക്കിദോനിയാ കാനോനാകൾ എന്നുതന്നെയാണു് വിളിച്ചിരിക്കുന്നതു്. ബാവാകക്ഷിക്കാർക്കാവട്ടെ അവ ലവുദോക്കിയാ കാനോനാകളാണു്. എന്നാൽ തലക്കെട്ടിലല്ലാതെ കാര്യത്തിലോ വാക്യങ്ങളിലോ അവ ലവുദോക്കിയാ കാനോനാകളല്ലെന്നു് എല്ലാവർക്കുമറിയാം. വിദേശീയർക്കു് ഇന്നും അവ കൽക്കിദോനിയാ കാനോനാകൾതന്നെ. വിദേശീയരുമായി യോജിച്ചുനില്ക്കുന്നവരാണല്ലോ ബാവാകക്ഷിക്കാർ. ആകയാൽ യാക്കോബായക്കാർ ആരായാലും അവർ വിചാരിക്കാത്തവിധത്തിൽ കൽക്കിദോനിയാ സൂനഹദോസിനോടു് ബന്ധപ്പെട്ട ഒരു നിലയാണു് അവർ അവലംബിച്ചിട്ടുള്ളതു്.

6. യാക്കോബായക്കാർക്കു് അന്തിയോക്യായോടുള്ള ബഹുമാനവും അവരെ കൽക്കിദോനിയായിലേക്കു് അടുപ്പിക്കേണ്ടതാണു്.

വിദേശത്തുള്ള യാക്കോബായക്കാരും കേരളത്തിലുള്ള ബാവാകക്ഷിക്കാരും "അന്തിയോക്യാ" എന്ന അഭിധാനത്തിൽ അഭിമാനംകൊള്ളുന്നവരും തങ്ങളുടെ പരമാദ്ധ്യക്ഷൻ "അന്തിയോക്യാ പാത്രിയർക്കീസാ"ണെന്നു് ഉൽഘോഷിക്കുന്നവരും ആകുന്നു. മെത്രാൻകക്ഷിക്കാരും "അന്തിയോക്യാപാത്രിയർക്കീസി"നെ അശേഷം അവഗണിക്കുന്നില്ല. അവരുടെ അദ്ധ്യക്ഷനായ കാതോലിക്കാബാവായുടെ സ്ഥാനം അന്തിയോക്യാ (യാക്കോബായ) പാത്രിയർക്കീസു് അബ്ദേദമ്ശീഹ് ഏർപ്പെടുത്തിയതാണെന്നത്രേ അവരുടെ വാദം.

എന്നാൽ അന്തിയോക്യാ യാക്കോബായപാത്രിയർക്കീസു കൽക്കിദോനിയാ സൂനഹദോസിന്റെശേഷം വളരെ കഴിഞ്ഞു മാത്രമേ ചരിത്രത്തിൽ പ്രത്യക്ഷനാവുന്നുള്ളു. സൂനഹദോസിൽ സംബന്ധിച്ച അന്തിയോക്യാപാത്രിയർക്കീസു് മാക്സിമൂസു് ആയിരുന്നു. മാക്സിമൂസു് അല്ലാതെ അന്നു വേറെ ഒരു അന്തിയോക്യാപാത്രിയർക്കീസില്ലായിരുന്നുതാനും. മാക്സിമൂസാവട്ടെ കൽക്കിദോനിയാസൂനഹദോസിന്റെ നിശ്ചയങ്ങൾക്കെല്ലാം ഒപ്പുവയ്ക്കുകയുംചെയ്തു. ആകയാൽ അന്തിയോക്യാ യാക്കോബായപാത്രിയർക്കീസു് മാക്സിമൂസിൽനിന്നു പിൻതുടർച്ചയുള്ളയാളല്ലെന്നു സ്പഷ്ടം. ആരാണു് സാക്ഷാൽ അന്തിയോക്യാ പാത്രിയർക്കീസു്? മേൽപ്രസ്താവിച്ചപ്രകാരം നടന്നിട്ടുള്ള കൽക്കിദോനിയാ സൂനഹദോസിൽ സത്യത്തെ യുക്തിപൂർവ്വം ഏററുപറയുകയും അക്രമം പ്രവർത്തിച്ചവരെ ശപിക്കുകയുംചെയ്ത മാക്സിമൂസോ അതോ "ഇരട്ട" ഒന്നാണെന്നു യുക്തിപൂർവ്വമല്ലാതെ പ്രസ്താവിക്കുകയും, "ഇരട്ട"യെ സാക്ഷാൽ ഒററയാക്കിയ എവുത്തിക്കിസിനെ അക്രമപ്രവൃത്തികളാൽ ആദരിച്ച ദിയസ്ക്കോറോസിനെ വണങ്ങുകയും ചെയ്യുന്ന യാക്കോബായപാത്രിയർക്കീസോ? അന്തിയോക്യായോടു ബഹുമാനമുള്ളവർ അന്തിയോക്യാ പാത്രിയർക്കീസായി കൽക്കിദോനിയായിൽ സംബന്ധിച്ച മാക്സിമൂസിനെ ആദരിക്കട്ടെ. ഇപ്രകാരം യാക്കോബായക്കാർക്കു് അന്തിയോക്യായോടുള്ള ബഹുമാനം അവരെ കൽക്കദോനിയായോടു അടുപ്പിക്കേണ്ടതാണു്.

7. കൽക്കിദോനിയാ സൂനഹദോസു സ്വീകരിക്കുന്നതോടെ റോമ്മായിലെ വി. ലെയോൻ മാർപ്പാപ്പായെ ശപിക്കുന്നതിൽനിന്നും യാക്കോബായക്കാർ വിരമിക്കണം. ഇതിലും അവർക്കു പ്രയാസമുണ്ടാകേണ്ടതല്ല.

യാക്കോബായക്കാർ ലെയോൻ മാർപ്പാപ്പായെ എന്തിനു ശപിക്കുന്നു? "ഇരട്ട"യെന്നു അവർ സമ്മതിക്കുന്നതു ഒന്നല്ല, രണ്ടാണെന്നു യുക്തിപൂർവ്വം അദ്ദേഹം പ്രസ്താവിച്ചതുകൊണ്ടാണോ? അന്തിയോക്യാ സിംഹാസനത്തിന്റെ പ്രശസ്തിക്കു ഹാനിതട്ടുവാൻ സമ്മതിക്കാതിരുന്നതുകൊണ്ടാണോ? യാക്കോബായക്കാർപോലും നിത്യം ശപിക്കുന്ന എവുത്തിക്കിസിനെ അക്രമപ്രവൃത്തികളാൽ ആദരിച്ച ദിയസ്ക്കോറോസിനെ ശപിച്ചതുകൊണ്ടാണോ? റോമ്മായിലെ വി. ലെയോൻ മാർപ്പാപ്പായെ ശപിക്കുവാൻ യാതൊരു ന്യായവും യാക്കോബായക്കാർക്കില്ല. ജാതിസ്പർദ്ധയാണു് അതിന്നു വഴിതെളിച്ചതു്. വിദേശീയയാക്കോബായക്കാർ ജാതിസ്പർദ്ധ കൈവെടിയട്ടെ; കേരളയാക്കോബായക്കാർ ജാതിസ്പർദ്ധയാൽ അന്ധരായ വിദേശീയരെ അനുകരിക്കാതിരിക്കട്ടെ. അപ്പോൾ അവർക്കു സ്പഷ്ടമായി കാണുവാൻകഴിയും, ലെയോൻ മാർപ്പാപ്പാ റീത്തുപാത്രിയർക്കീസായി, പരമാധികാരത്തിൽ പത്രോസിന്റെ പിൻഗാമിയായി കൽക്കിദോനിയായിൽ പ്രവർത്തിച്ചു എന്നു്. സ്വന്തം നിലയും കൽക്കിദോനിയാസൂനഹദോസിന്റെ ചരിത്രവും ഒരുമിച്ചുകൂട്ടി ചിന്തിച്ചാൽ ഈ സത്യം അവർക്കു ബോദ്ധ്യമാകാതിരിക്കയില്ല.

കൽക്കിദോനിയാ സൂനഹദോസു നടന്നുകഴിഞ്ഞിട്ടു 1500-ാം സംവത്സരമാണു് ഇപ്പോൾ പൂർത്തിയാകുന്നതു്. കത്തോലിക്കാസഭയിൽ ഇതു സംബന്ധിച്ചുള്ള ആഘോഷങ്ങൾ നടത്തപ്പെടുന്നുണ്ടു്. സൂനഹദോസിനെപ്പററി യാക്കോബായ സഹോദരങ്ങളും ശാന്തമായി ചിന്തിക്കുന്നപക്ഷം എല്ലാവരും ആഗ്രഹിക്കയും പ്രാർത്ഥിക്കയും ചെയ്യുന്ന ആ പുനരൈക്യം വേഗത്തിൽ കൈവരുത്തുവാൻ നമുക്കു സാധിക്കുന്നതാണു്.

# ആഹ്വാനം

(പദം, പദം......എ. മ.)

1) ക്രിസ്തുവിൻ പതാകകൾ പാറിടട്ടെ പാരിതിൽ
നിസ്തുലൻ വരപ്രദൻ ഭരിച്ചിടട്ടെ ഭൂതലം.
2) വാ, വാ, ഹാ! സഖാക്കളേ, പോക നാം യുവാക്കളേ,
ക്രിസ്തുരാജസേനയിൽ ചേർന്നു നാം രണത്തിനായ്.
3) കേണിടുന്ന മർത്ത്യരാശി—അന്ധകാരബന്ധിതർ—
കണ്ടുനില്ക്കുകെന്നതിന്നു് സാദ്ധ്യമോ യുവാക്കളേ?
4) നാരകീയ സേനകൾ നാസ്തികപ്രമാണികൾ
മർദ്ദനത്തിനായി നിലകോപ്പുകൂട്ടി ഭൗതികർ.
5) ഉറങ്ങുവിൻ യുവാക്കളേ തിളച്ചുരക്തമേകുവാൻ
മറന്നുവോ ചുടുനിണം ചൊരിഞ്ഞക്രിസ്തുനാഥനെ?

(ക്രിസ്തുവിൻ ... ... ... ...

— എ. ഫ്റാൻസിസ്, അന്തിക്കാട്

## വിമർശനവീഥി

(3-ാം പേജ് തുടർച്ച)

ടേയും ഫാമിലിന്റെയും പരിസരങ്ങളിൽ ഈ രഹസ്യപ്പോലീസിന്റെ ആഫീസുണ്ടായിരിക്കും. ഗവർമ്മെൻറിലും പാർട്ടിയിലും സാമ്പത്തികസംഘടനകളിലും ഇടയ്ക്കിടയ്ക്കു ശുദ്ധിപ്രസ്ഥാനം നടത്തുന്നതു് ഇവരാണു്. ആരുടേയും ഓരോരോ വാക്കും പ്രവൃത്തിയും സൂക്ഷിക്കുവാനും അവയെപ്പററി അവർക്കു റിപ്പോർട്ടുകൾ കൊടുക്കുവാനും അസംഖ്യം ചാരന്മാർ ഉണ്ടു്. തൊഴിലാളിയോഗങ്ങളിലും ഗൃഹങ്ങളിലും രഹസ്യസംസർഗ്ഗങ്ങളിലും നടക്കുന്നതിന്റെയെല്ലാം വിപുലമായ റിപ്പോർട്ടു് ഈ രഹസ്യപ്പോലീസിനു ലഭിച്ചുകൊണ്ടിരിക്കുക സാധാരണം മാത്രമാണു്. മാത്രമല്ല, ഇതേ ചാരവൃത്തി നടത്തുവാൻ പൗരന്മാരിൽ ആരും നിർബന്ധിക്കപ്പെടുന്നു. അതിൽനിന്നു് ഒഴിഞ്ഞുമാറുവാൻ ആർക്കും സാദ്ധ്യമല്ല. "സോവ്യററു് വിരുദ്ധ" പ്രസ്താവങ്ങളോ നടപടികളോ റിപ്പോർട്ടുചെയ്യുവാൻ വിസമ്മതിക്കുന്നതു് ആ പാതകങ്ങളിൽ പങ്കുകൊള്ളുന്നതായി ഗണിക്കപ്പെടും. ഉററ സംബന്ധികൾക്കോ ബന്ധുക്കൾക്കോ എതിരായിപ്പോലും റിപ്പോർട്ടുചെയ്യാൻ വിസമ്മതിക്കുന്നതു് രാജ്യദ്രോഹമായി ശിക്ഷിക്കപ്പെടും.

ഈ രഹസ്യപ്പോലീസുവഴി നടന്നിട്ടുള്ള ശുദ്ധികർമ്മത്തിന്റെ ഫലമായി അനേകലക്ഷംപേർ വധിക്കപ്പെടുകയോ കാരാഗൃഹത്തിലടയ്ക്കപ്പെടുകയോ നാടുകടത്തപ്പെടുകയോ ചെയ്തിട്ടുണ്ടു്. ഇതിനൊന്നാംതരം തെളിവു് പുതിയ ഭരണഘടന പാസാക്കിയശേഷം സ്റ്റാലിൻ നടത്തിയ ശുദ്ധികർമ്മപ്രസ്ഥാനമാണു്. 1937-ൽ ചെമ്പടയിൽ നടത്തിയ ശുദ്ധികർമ്മംതന്നെ എടുക്കുക. 5 മാർഷൽമാരിൽ മൂന്നുപേർ, യുദ്ധവകുപ്പിലെ വൈസ് കമ്മിസാററന്മാരിൽ 11 പേർ, ഹൈക്കമെൻറിലെ പലരേയും വിചാരണചെയ്തു ശിക്ഷിച്ച സൈനികകോടതിയിലെ അംഗങ്ങളെന്നു പ്രസിദ്ധരായിരുന്ന 8 ജനറൽമാരിൽ 6 പേർ, ചെമ്പടയിലെ പരമാധികാര സൈനികകൗൺസിലിൽ ഉൾപ്പെട്ട ജനറൽമാരും അഡ്മിറൽമാരുമായിരുന്ന 80 സ്ഥാനികളിൽ 75 പേർ, ആകെയുള്ള ജനറൽമാരിൽ 90 ശതമാനം പേർ, ആകെയുള്ള കേണൽമാരിൽ 80 ശതമാനം പേർ, താഴ്ന്ന ഉദ്യോഗസ്ഥന്മാരിൽ ഏകദേശം 30,000 പേർ—ഇവരെല്ലാം ശുദ്ധികർമ്മത്തിനു വിധേയരാക്കപ്പെട്ടു.

ഗവർമ്മൻറിന്റെ ഭരണനയത്തോടു പരിപൂർണ്ണമായി യോജിക്കാത്ത, അല്പമെങ്കിലും അഭിപ്രായവ്യത്യാസമുള്ള, ഏതെങ്കിലുംവിധത്തിൽ വിമർശിക്കാനിടയുള്ള സകലരേയും നാമാവശേഷമാക്കുന്ന പ്രസ്ഥാനമായിരുന്നു അതു്. അങ്ങനെയുള്ളവരെ രാജ്യത്തിന്റെ ശത്രുക്കളായി, രാജ്യരക്ഷയ്ക്കെതിരായ ഓരോതരം പാതകങ്ങൾ ചെയ്തവരായി കുററംചുമത്തി അഭിനയത്തിനു മാത്രമായി ചില വിചാരണകൾ നടത്തുകയും തദനന്തരം അവർക്കു തടവുശിക്ഷയോ വധശിക്ഷയോ നൽകുകയുമാണു് ആ പ്രസ്ഥാനംകൊണ്ടു സാധിച്ചതു്. റഷ്യൻ കമ്മ്യൂണിസ്റ്റു് ഭരണത്തിന്റെ ആരംഭകാലത്തു്, വിപ്ലവത്തെ തുടർന്നുണ്ടായ കലാപങ്ങളും ആഭ്യന്തരസമരങ്ങളും നടന്ന കാലത്തു് ഈ രഹസ്യപ്പോലീസിന്റെ ഭീകരമായ ശുദ്ധികർമ്മപ്രസ്ഥാനം ഭയങ്കരമായിരുന്നു. അതുവഴിയായി വധിക്കപ്പെട്ടവരുടെ ഏകദേശമൊരു കണക്കു് ഒരു റഷ്യൻ ഗ്രന്ഥകാരൻ (iljin) നൽകിയിട്ടുള്ളതിങ്ങനെയാണു്: 28 മെത്രാന്മാർ, 1,200 വൈദികർ, 6 000 അദ്ധ്യാപകന്മാരും പ്രൊഫസറന്മാരും, 8,800 ഡോക്ടർമാർ, 54 000 ഉദ്യോഗസ്ഥന്മാർ, 260,000 സാധാരണ പട്ടാളക്കാർ, 105 000 പോലീസുദ്യോഗസ്ഥന്മാർ, 48 000 പോലീസുകാർ, 12 800 സിവിൽ സർവീസുകാർ, 355,000 മററു ബുദ്ധിജീവികൾ, 192 000 വേലക്കാരും 815,000 കർഷകരും—ആകെക്കൂടി 1,860,000. ഇവരിൽ ആഭ്യന്തരയുദ്ധത്തിൽ കൊല്ലപ്പെട്ട പലരും ഉൾപ്പെട്ടിരിക്കാനിടയുണ്ടെന്നും ഗ്രന്ഥകാരൻ പറയുന്നു.

ആകയാൽ സോവ്യററുരാഷ്ട്രം എന്നു പറഞ്ഞാൽ അടിയിൽനിന്നു മുകളിലോട്ടു പ്രതിനിധികൾവഴിയായി ഭരണാധികാരം നൽകുന്ന ജനസഞ്ചയവും, അധികാരം നൽകിയവരുടെ ന്യായമായ വിമർശനങ്ങൾക്കു വിധേയരായ ഭരണാധികാരികളും ഉൾപ്പെട്ട രാഷ്ട്രം എന്നല്ല അർത്ഥം; പ്രത്യുത എല്ലാററിലും മുകളിലിരിക്കുന്ന സ്വേച്ഛാധികാരപ്രമത്തനായ ഏകവ്യക്തിയുടെ (സ്റ്റാലിന്റെ) ദുശ്ശാസനത്തിനു് അടിമപ്പെട്ടിരിക്കുന്നവരും, ആ ദുശ്ശാസനം യാതൊരു വിവേചനയുംകൂടാതെ കീഴോട്ടു കീഴോട്ടു പടിപടിയായി പ്രയോഗിക്കുന്ന മന്ത്രിമാർതുടങ്ങിയുള്ള ഉദ്യോഗസ്ഥന്മാരും, ജീവനെപ്പേടിച്ചു ശബ്ദമുയർത്താൻ കഴിവില്ലാതെ ആ ദുശ്ശാസനത്തിനു ബലികഴിക്കപ്പെട്ടവരായി ജീവിക്കുന്ന ജനസഞ്ചയവും അടങ്ങിയ രാഷ്ട്രം എന്നാണർത്ഥം.

ബ്രിട്ടീഷ് ലേബർപാർട്ടിയിലെ റെബൽഗ്രൂപ്പിന്റെ നേതാവായ, ലേബർഗവമെൻറിന്റെ ഇപ്പോഴത്തെ പുനരായുധീകരണനയത്തെ കഠിനമായി അപലപിക്കുകയും സോവ്യററുരഷ്യയോടു കൂടുതൽ അനുഭാവം പ്രകടിപ്പിക്കുകയും ചെയ്യുന്ന, മിസ്റ്റർ ബെവാൻ ഈയിടെ നടന്ന പാർട്ടിയുടെ വാർഷികസമ്മേളനത്തിന്റെ പരസ്യയോഗത്തിൽ പറഞ്ഞ വാക്കുകൾ ഈ അനുമാനത്തെ സ്ഥിരീകരിക്കുന്നുണ്ടു്. "റഷ്യൻവിപ്ലവം അതിന്റെ ഉദ്ദേശ്യത്തിൽനിന്നു വ്യതിചലിപ്പിക്കപ്പെട്ടിരിക്കുന്നു, അതു സർവാധിപത്യപരമായ ക്രൂരഭരണത്തിൽ അവസാനിച്ചിരിക്കുന്നു, അതിന്റെ ഫലം സ്വേച്ഛാധിപത്യമാകുന്നു, അതു മനുഷ്യവർഗ്ഗത്തിന്റെ സമാധാനത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു" എന്നാണദ്ദേഹം പറഞ്ഞതു്. മഹാകവിയുടെ വാക്കുകളും കാര്യത്തിന്റെ യാഥാർത്ഥ്യവും തമ്മിൽ രാവും പകലുംപോലെയല്ലയോ അന്തരം!




തെള്ളകം: മരിയാസൈന്യത്തിൻെറ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 30-ാംനു കൂടിയ പൊതുയോഗത്തിൽ ശ്രീമതി മറിയാമ്മ മാളിയേക്കൽ ആദ്ധ്യക്ഷംവഹിക്കുകയും ശ്രീമതി എൽ. സി. ഐസക്ക് ശ്രീമതി മറിയാമ്മ വെള്ളാപ്പള്ളി എന്നിവർ ഓരോ പ്രസംഗംചെയ്യുകയുമുണ്ടായി.

—മാറാക്കര: സെപ്റ്റംബർ 30-ാംനു റവ. ഫാദർ ജോർജ്ജ് കലേക്കാട്ടിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് ചെറുപുഷ്പമിഷൻലീഗിൻെറ ഒരു ശാഖ ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

—മുട്ടുചിറ: പാലകര സൺഡേസ്കൂളിൻെറ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 30 ാംനു കൂടിയ പൊതുയോഗത്തിൽവച്ച് റവ. ഫാദർ മാത്യു താഴത്തേൽ "സിസ്റ്റർ അൽഫോൻസാ മെമ്മോറിയൽ വായനശാല" ഉൽഘാടനംചെയ്യുകയുണ്ടായി.

—കടനാട്ട്, എലിവാലി എന്നീ ഇടവകകളിലെ ലീജിയൻ ഓഫ് മേരി ശാഖകളുടെ സംയുക്താഭിമുഖ്യത്തിൽ സെപ്റ്റംബർ 30-ാംനു ഒരു പൊതുയോഗം ചേർന്നിരിക്കുന്നു.

—തലയോലപ്പറമ്പ്: സെ. 30-ാംനു റവ. ഫാദർ ജോർജ്ജ് കണിയാംതറയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ച് ശ്രീ ജോസഫ് കുര്യാക്കോസ് അവർകൾ ചെറുപുഷ്പമിഷൻലീഗിൻെറ ഒരു ശാഖ ഉൽഘാടനംചെയ്തിരിക്കുന്നു.

—കുളിക്കാട്ട്: പ. ക. മറിയത്തിൻെറ വിമലഹൃദയത്തിൻെറ നാമത്തിൽ പുതുതായി പണിതീർത്തുവരുന്ന ദേവാലയത്തിൻെറ വെഞ്ചരിപ്പുകർമ്മം, നവമ്പർ ആദ്യവാരത്തിൽ നടത്തപ്പെടുന്നതാണെന്നറിയുന്നു.

—കടനാട്ട്: കുര്യൻ ചാക്കോ വെള്ളരിങ്ങാട്ട് അവർകളുടെ പുത്രി മിസ് വി സി. അക്കാമ്മ സെപ്റ്റംബർ 27-ാംനു എറണാകുളം സെൻറ് തെരേസാസ് ആശ്രമദേവാലയത്തിൽവച്ച് മേരി ലയോള എന്ന പേരോടുകൂടി സഭാവസ്ത്രം സ്വീകരിച്ചിരിക്കുന്നു.

—മേവെള്ളൂർ: സെപ്റ്റംബർ24-ാംനു മരിയാസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ ശ്രീ പി. എം. കുര്യാക്കോസ് ബി ഏ ബി എൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ച് ചെറുപുഷ്പമിഷൻലീഗിൻെറ ഒരു ശാഖ ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു.

—വായ്പൂര് പഴയപള്ളി ഇടവകയിലെ കത്തോലിക്കാകോൺഗ്രസ് ശാഖയുടെ ആഭിമുഖ്യത്തിൽ റവ. ഫാദർ അഗസ്റ്റിൻ മണ്ണൂക്കുളം അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയുണ്ടായി. ശ്രീ എം. ഒ. ജോസഫ് നെടുങ്കുന്നം ഒരു പ്രസംഗംചെയ്തു.

—പ്രവിത്താനം, ഉള്ളനാട്ട് എന്നീ ഇടവകകൾ ഏകോപിച്ചു ഒക്ടോബർ 7-ാംനു വിശുദ്ധവത്സരദണ്ഡവിമോചനപ്രാപ്തിക്കായുള്ള ഒരു പരിഹാരയാത്ര നടത്തിയിരിക്കുന്നു. ഉദ്ദേശം മൂവായിരമാളുകൾ കുരിശുംവഹിച്ചുകൊണ്ട് ഇതിൽ സംബന്ധിച്ചിരുന്നതായറിയുന്നു.

—തിടനാട്ട് ചെറുപുഷ്പമിഷൻലീഗിൽനിന്നു് ആജ്മീർ മിഷൻഗ്രാമത്തിലേക്ക് ഒരു വെള്ളിക്കാസായും, പന്തളത്തു പുതുതായി പണിയുന്ന ദേവാലയത്തിനു് 50ക. യും സംഭാവനചെയ്തിരിക്കുന്നു.

—വാളക്കയം: ചിറക്കടവുപള്ളിയുടെ കുരിശുപള്ളിയായി വാളക്കയം കവലയിൽ വി. ഗീവറുഗീസിൻെറ നാമധേയത്തിൽ പണിയുവാൻ പോകുന്ന ദേവാലയത്തിൻെറ ശിലാസ്ഥാപനകർമ്മം സെപ്റ്റംബർ 24-ാംനു നിർവ്വഹിക്കപ്പെട്ടിരിക്കുന്നു.

—കാഞ്ഞിരമററം: മരിയാസഖ്യസമ്മേളനം സെപ്റ്റംബർ 30-നു റവ. ഫാദർ തോമസ് പ്ലാക്കാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മിസ് ഏലിക്കുട്ടി ജോസഫ്, മിസ് ചിന്നമ്മ ലൂക്കാ എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം ലീജിയൻ ഓഫ് മേരിയംഗങ്ങൾ ഒരു പ്രഹസനം അഭിനയിക്കയുണ്ടായി.

—തോട്ടയ്ക്കാട്ട്: സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ ഒക്ടോബർ 21-ാംനു കുറുമ്പനാടം, വെരൂർ, പാറേൽ, ചങ്ങനാശേരി കത്തീഡ്രൽ എന്നിപള്ളികൾ സന്ദർശിക്കത്തക്കവിധത്തിൽ ഒരു പരിഹാരപ്രദക്ഷിണം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

—കണ്ടശാങ്കടവ്: ഗുരുപ്പട്ടസ്വീകരണം കഴിഞ്ഞു് സ്വരാജ്യത്തേക്കു് പ്രത്യാഗമിച്ച റവ. ഫാദർ ജോർജ്ജ് തോട്ടങ്കൽ എസ്. ജെ, എം. എ. അവർകളെ അനുമോദിക്കുന്നതിനായി ഒക്ടോബർ 7-ാംനു റവ. ഡോക്ടർ സെബാസ്റ്റ്യൻ ചിറയത്തു ജെ യു. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടിയിരിക്കുന്നു.

—ഓച്ചംതുരുത്തു്: സെൻറ് വിൻസെൻറ് ഡി പോൾ ശാഖയുടെ ദ്വിതീയ വാർഷികസമ്മേളനം ഒക്ടോബർ7-ാംനു ജസ്റ്റിസ് ശ്രീ ജോസഫ് വിതയത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ശ്രീ ലോറൻസ് ലോപ്പസ് ബി. എ. പ്രസംഗിച്ചു. യോഗാനന്തരം "ഫാത്തിമാസന്ദേശം" എന്ന നാടകം അഭിനയിക്കപ്പെട്ടു.

—കുരിയച്ചിറ: ഒരു മരിയസഖ്യാംഗമായ തട്ടിൽ ചോറുപുഴക്കാരൻ ലോനത്രേസ്യ മിഷൻപ്രവർത്തനത്തിനായി ടിണ്ടിവനത്തേക്ക പോകുന്നതുസംബന്ധി

**Church Distribution Pictures**

ഭക്തിപരമായ ചെറിയ പടങ്ങൾ, ചരമവാർഷിക പടങ്ങൾ എല്ലാതരങ്ങളും—കട്ടിയുള്ള ആട്ടപേപ്പറിൽ ഭംഗിയുള്ള നിറങ്ങളിൽ അച്ചടിച്ചിട്ടുള്ളതു്.

പ്രഥമദിവ്യകാരുണ്യസ്വീകരണസ്മാരകങ്ങൾ, വിവിധവലിപ്പത്തിലുള്ള ഫാത്തിമാചിത്രങ്ങൾ — കുറഞ്ഞ വിലനിരക്കു്.

1952-ലെ ഫാത്തിമാകലണ്ടറുകൾ—വില 100 ക്കു് 40 ക. യും 16 ക. യും.

65തരം ചെറിയചിത്രങ്ങളുടെ സൗജന്യകാററലോഗിനു് 1 ക. 4 ണ. ക്കു് തപാൽ സ്റ്റാമ്പയക്കുക.

എഴുത്തുകൾ ഇംഗ്ലീഷിൽമാത്രം

Fatima Publications,
58/3 Dubash Chambers,
Kumpta Street, Ballard Estate,
Bombay 1

ച്ച് ഒക്ടോബർ 7-ാംനു റവ. ഫാദർ ജേക്കബ് അമ്പുകുളം അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗംകൂടി സമ്മാനദാനവും മററും നിർവ്വഹിച്ചിരിക്കുന്നു.

—കടവൂർപള്ളിയിൽ ഒക്ടോബർ 21-ാംനു തുടങ്ങുന്ന കൊന്തനമസ്കാരത്തോടനുബന്ധിച്ച് 26, 27, 28 എന്നീ തിയതികളിൽ മുഴുവൻധ്യാനവും, 29, 30, 31 എന്നീ തിയതികളിൽ ജൂബിലി പ്രമാണിച്ചുള്ള നാല്പതുമണിയാരാധനയും ഉണ്ടായിരിക്കുന്നതാണെന്നറിയുന്നു.

—പൂഞ്ഞാർ: ചെറുപുഷ്പമിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ ഒക്ടോബർ 21-ാംനു ഒരു മിഷൻ സമ്മേളനവും കാർഷികമേളയും നടത്തുവാൻ തീരുമാനിച്ചിരിക്കുന്നതായറിയുന്നു.

—കോടിക്കുളം: വി. അന്നാമ്മയുടെ പള്ളിയിൽ ഒക്ടോബർ 16, 17, 18 എന്നീ തീയതികളിൽ ഒരു നാല്പതുമണിയാരാധന നടത്തപ്പെടുന്നതാണു്. ആരാധനാദിവസങ്ങളിൽ റവ. ഫാദേഴ്സ് ആക്കഞ്ചിൻ ഒ. സി. ഡി., ജെ. സി. കാപ്പൻ പി എച്ച്. ഡി., ജേക്കബ് വെള്ളരിങ്ങാട്ട് എന്നിവരുടെ പ്രസംഗങ്ങളുമുണ്ടായിരിക്കും.

—ഉഴവൂർനാട്ട്: ക. കോൺഗ്രസ് ശാഖയുടെ ഒരസാധാരണയോഗം ഒക്ടോബർ 7-ാംനു റവ. ഫാദർ ജോസഫ് കോയിപ്പുറം അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. മെ. വി. ഒ റോക്കി ബി എ, കെ. എം തോമസ് ബി ഏ എൽ എൽ ബി എന്നിവർ പ്രസംഗിച്ചു.

—തൊട്ടക്കര: വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സെൻറ് തോമസ് ലൈബ്രറിയുടെ ഒരു ശാഖ ദീലിറാറിൽ ഹാള

ഒല്ലൂർ പള്ളിയിൽ

**വി. റപ്പായേൽ മാലാഖയുടെ തിരുനാൾ**

ഒക്ടോബർ 23,24 (ചൊവ്വ, ബുധൻ). തീർത്ഥകർക്കു പതിവുള്ള സൗകര്യങ്ങൾ—പൂർണ്ണദണ്ഡവിമോചനം

വികാരി

**സെൻറ മേരീസ് ഫണ്ട്**

കുറുപ്പന്തറ, മാഞ്ഞൂർ P. O.

**പ്രതിമാസലേലച്ചിട്ടി No. 4**

1951 നവംബർ 5-ാംനു (1127 തുലാം 19)

ആരംഭം

| | | | | | | |
|---|---|---|---|---|---|---|
| 120 | രൂപാംവീതം | 3000 | രൂപ. | മുതലുള്ള | A | നമ്പർ |
| 80 | " | 2000 | " | " | B | " |
| 40 | " | 1000 | " | " | C | " |
| 20 | " | 500 | " | " | D | " |
| 10 | " | 250 | " | " | E | " |

തലവര്യോലക്കു് ഉടൻ ആവശ്യപ്പെടുക.

അഡ്വാൻസുസഹിതം തലവര്യോലയുടെ രണ്ടു പ്രതികൾ ഒപ്പിട്ട് തുലാം 5-ാംതിയതിക്കകം ആഫീസിൽ എത്തിച്ചുതരേണ്ടതാണു.

എല്ലാവിധ ബാങ്കിടപാടുകളും സൗകര്യപ്രദമായരീതിയിൽ നടത്തപ്പെടും.

കെ. സി. ചാക്കോ B. A., കണ്ടാരപ്പള്ളിൽ
മാനേജർ

വർ ലൈബ്രറി എന്നപേരിൽ വാഴക്കുളം വഴിത്തല റോഡിൽ ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു.

## ചരമം

കടനാട്ട്: കുറുപത്താഴെ പുത്തൻപുരയിൽ ഉലഹന്നാൻ മത്തായി അവർകൾ സെപ്റ്റംബർ 26-ാംനു 85-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

—തൃപ്പൂണിത്തുറ: പള്ളിച്ചുക്കാല പാലത്തുങ്കൽ ദേവസ്സി ജേക്കബ് അവർകൾ സെപ്റ്റംബർ 29-ാംനു ചരമംപ്രാപിച്ചിരിക്കുന്നു.

---

ഒല്ലൂർ വി. റപ്പായേൽ മാലാഖായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

പി. എഫ്. ജോസു്, ഒല്ലൂർ

---




### രാഷ്ട്രത്തിൻെറ കുത്തകയോ?

(ഗ്രന്ഥകർത്താ: ശ്രീ പി. പോൾ മാൻവെട്ടം, ബി. എ., പ്രസാധകർ: സേക്രഡ് ഹാർട്ട്സ് ലീഗ്, സെൻറ് ജോസഫ്സ് സെമ്മിനരി, മംഗലപ്പുഴ, ആലുവാ. പക്കം 55)

സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങളുടെ സയുക്തികമായ ഒരു ഖണ്ഡനമാണു് ഈ ചെറിയ പുസ്തകം. സ്വകാര്യയുടമയുടേയും രാഷ്ട്രയുടമയുടേയും സ്വഭാവം ഇതിൽ അവിടവിടെയായി വർണ്ണിച്ചിട്ടുണ്ടു്. കൃഷിയും വ്യവസായവും ദേശവൽക്കരിക്കുന്നതിലുള്ള അവിവേകം പല രാജ്യങ്ങളുടെ സാമ്പത്തികചരിത്രം വിവരിച്ചു ഗ്രന്ഥകാരൻ സ്പഷ്ടമാക്കുവാൻ ശ്രമിച്ചിരിക്കുന്നു. വേലക്കൂലിയേയും വേലക്കാരുടെ അവകാശങ്ങളേയും അവരുടെ സംഘടനകളേയും ഗ്രന്ഥകാരൻ സംക്ഷിപ്തമായി വിവരിച്ചിട്ടുണ്ടു്. ഇന്ത്യൻ രാഷ്ട്രനേതൃപ്രധാനന്മാരുടെ അഭിപ്രായങ്ങൾ ഉദ്ധരിച്ചാണു് ഓരോ വിഷയവും പ്രതിപാദിച്ചിട്ടുള്ളതു്. അതിനാൽ ഇംഗ്ലീഷുപത്രങ്ങളും മററും വായിച്ചു നമ്മുടെ രാഷ്ട്രീയചിന്തകന്മാരുടെ അഭിപ്രായങ്ങൾ മനസ്സിലാക്കുവാൻ സൗകര്യമില്ലാത്തവക്കു് ഈ ഗ്രന്ഥത്തിൽ നിന്നു് അത്തരം സാക്ഷ്യങ്ങൾ ധാരാളം ലഭിക്കും. റഷ്യയുടെയും മററു ചില രാജ്യങ്ങളുടെയും സ്ഥിതിവിവരക്കണക്കുകൾ ഹാജരാക്കിയിട്ടുണ്ടു്. ഈ രീതിയിൽ ഈവിഷയത്തെപ്പററിപ്രതിപാദിക്കുന്ന മററു പുസ്തകങ്ങൾ ഇല്ലെന്നു തോന്നുന്നു. രാഷ്ട്രസാൽകരണത്തിൻെറ ദോഷവശങ്ങളെപ്പററി അറിയുവാൻ ആഗ്രഹിക്കുന്നവർ ഈ ചെറുപുസ്തകം വായിക്കേണ്ടതാണു്. ശൈലി പ്രസന്നമാണു്. യുവഗ്രന്ഥകാരനു് അനുമോദനം.

### വത്തിക്കാൻ

(ഗ്രന്ഥകർത്താ: ശ്രീ സി. തെക്കേക്കര, പുതുശ്ശേരി: നീതിമാൻ പ്രസ്സ്, മൂങ്ങൽ, കുന്നങ്കുളം പക്കം 50. വില 6ണ)

വത്തിക്കാൻ സിററി, സൈന്യം, ഒസ്സർവത്തോരെ റൊമാനോ, സെൻറ് പീറേറഴ്സ് ബസിലിക്കാ, പന്ത്രണ്ടാം പീയൂസ്, സന്ദർശകർ, നയതന്ത്രപ്രധാനികൾ എന്നീ വിഷയങ്ങളെ സംബന്ധിച്ച് പല മാസികകളിൽനിന്നും വിവർത്തനംചെയ്തു വിരചിച്ച ഏഴു പ്രബന്ധങ്ങളുടെ സമാഹാരമാണ "വത്തിക്കാൻ." ഗ്രന്ഥകാരൻ വത്തിക്കാൻ സന്ദർശിച്ചിട്ടുള്ളതായിത്തോന്നുന്നില്ല; അതിനാൽ വ്യക്തിപരമായ ഭാവനകൾ ചേർത്തു തൻെറ കൃതിക്കു് ഒരു കവിതാഗുണം കൊടുക്കുവാൻ സാധിച്ചിട്ടില്ല; എന്നാൽ ഒന്നാംകിട മാസികകളിലെ പ്രസിദ്ധ ഗ്രന്ഥകാരന്മാരെ ഉപാസിച്ച് എഴുതിയിട്ടുള്ള പ്രബന്ധങ്ങൾ വിജ്ഞാനകോശമായി അനുവാചകർക്കു അനുഭവപ്പെടാതിരിക്കയില്ല. സരളവും ലളിതവുമായ പ്രതിപാദ്യരീതി ഗ്രന്ഥകാരൻെറ ഒരു നേട്ടമാണു്; എന്നാൽ ഉജ്ജ്വലങ്ങളായ വർണ്ണനകളൊന്നുമില്ല. റോമാ സന്ദർശിച്ചു് തിരിച്ചെത്തിയ മൂടോടൂക്കുടെ റൈററ് റവ മോൺ. പോൾ കാക്കശ്ശേരി എഴുതിയ അവതാരികയിൽ ഗ്രന്ഥകാരൻെറ നേർക്കുള്ള അഭിനന്ദനം രേഖപ്പെടുത്തിയിട്ടുണ്ടു്. ഈ സാക്ഷ്യം ഈ സ്ഥലവിവരണപ്പുസ്തകത്തിനു് ഒരുത്തമസർട്ടിഫിക്കററാണല്ലോ. യുവഗ്രന്ഥകാരൻ സമാരംഭിച്ചിരിക്കുന്ന കത്തോലിക്കാസാഹിത്യസേവനം വിജയശ്രീലാളിതമാകട്ടെ.

---

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

# Sathya Deepam

Vol. 25 Ernakulam October 17, 1951 No. 10


## ചെറുകഥ

# പണിമുടക്കില്ലാത്ത ഫാക്ടറി

(ചാരുമ്മൂട്)

നാന്നൂറിലധികം തൊഴിലാളികൾ നിത്യം വേലചെയ്യുന്ന ഒരു കശുവണ്ടി ഫാക്ടറി. അല്ല,—നാന്നൂറിലധികം കുടുംബങ്ങൾ പുലരുന്നതിനു സഹായിക്കുന്ന ഒരു രക്ഷാകേന്ദ്രം.

ബോണസ്സും കൂലിയും സംബന്ധിച്ചുള്ള തർക്കങ്ങൾ! എങ്ങനെയും ഒരു പണിമുടക്കുണ്ടാകാതെ കഴിക്കാൻ ഫാക്ടറി പ്രവർത്തകരും, ഒരു പണിമുടക്ക് എങ്ങനെയും ഉണ്ടാക്കുന്നതിന് തൊഴിലാളി പ്രവർത്തകരും ഉഗ്രശ്രമിച്ചുകൊണ്ടിരുന്നു.

ഒരുദിവസം പണിമുടക്കിയാൽ മാനേജ്മെൻറിന് ഒരു നല്ലതുക മുതലിൽത്തന്നെയും നഷ്ടമുണ്ടാകാൻ ന്യായമുള്ളതുകൊണ്ട് ഫാക്ടറിപ്രവർത്തകർ ആ സമരത്തെ കഴിയുംമട്ട് ഒഴിഞ്ഞു കഴിഞ്ഞുകൂടാൻ പരിശ്രമിക്കയാണ്.

അതേസമയം ഒരു പണിമുടക്കുമൂലം ഓരോ തൊഴിലാളിക്കും വരാവുന്ന നഷ്ടത്തിൻറെ നിസ്സാരതയും, പണിമുടക്കു വിജയത്തിലെത്തിയാൽ തൊഴിലാളിക്കു നേടാവുന്ന വേതനം, ബോണസ്സുമുതലായവയുടെ സാരമായ സുസ്ഥിതിയും പ്രഖ്യാപിച്ചുകൊണ്ട് തൊഴിലാളിപ്രവർത്തകരും ശ്രമം തുടങ്ങി. ഏതായാലും രണ്ടു മാസക്കാലം കൊണ്ടുപരിശ്രമിച്ചിട്ടും പണിമുടക്കു രൂപമെടുത്തില്ല. അതു കരിങ്കാലികളുടെ ഗൂഢശ്രമഫലമാണെന്നും ശ്രുതിപരത്തിത്തുടങ്ങി.

അങ്ങനെ ദിവസങ്ങൾ പുലരുമ്പോഴാണ്, ഫാക്ടറിയിൽ ഹാജരാകേണ്ട കൃത്യസമയം കഴിഞ്ഞുവന്ന ഒരു തൊഴിലാളിസ്ത്രീയെ അകത്തു കടത്തിവിടാതിരുന്നതിനെപ്പററി ആലോചിക്കുന്നതിന് അന്ന് ആറുമണിക്കുശേഷം ഒരു പൊതുമീററിംഗ് കൂടുന്നതിനുള്ള നോട്ടീസ് പ്രചരണംചെയ്തത്.

ജോലിതീർന്നു വെളിയിലിറങ്ങിയ തൊഴിലാളികൾ ചെറിയ ചെറിയ സംഘങ്ങളായി ആലോചനകൂടിയിരിക്കയാണ്. ഒരു പൊതുപണിമുടക്കിനെ ചോദ്യംചെയ്യുന്ന അനേകം മുഖങ്ങൾ അവിടെ ദൃശ്യമായിരുന്നു. എന്തായാലും മീററിംഗിനുള്ള സമയമായി. ആളും തടിച്ചുകൂടി.

ആ തൊഴിലാളി സംഘടനയുടെ സെക്രട്ടറി തുടങ്ങി പലരുടേയും പ്രസംഗങ്ങൾ പൊടിപൊടിച്ചു. "തൊഴിലാളിക്കു നഷ്ടപ്പെടുവാനൊന്നുമില്ല; നേടുകയാണെങ്കിൽ ജീവിതവിജയം. തൊഴിലാളികളുടെ രക്തം ഊററിക്കുടിച്ചു വീർത്ത വയറുകൾ. തൊഴിലാളിയെ ചൂഷണംചെയ്തുണ്ടാക്കിയ പണം. അവൻറെ രക്തത്തിൽ പടുത്തുയർത്തിയ ബ്രഹ്മാണ്ഡമണിമന്ദിരങ്ങൾ. പാവപ്പെട്ട തൊഴിലാളി എല്ലുനുറുങ്ങെ പണിയെടുത്താൽ അവനും അവൻറെ കുടുംബാംഗങ്ങൾക്കും അരവയറുനിറയ്ക്കാൻ — അർദ്ധനഗ്നരായിട്ടെങ്കിലും വസ്ത്രം ധരിക്കാൻ — കൂലിനല്കാത്ത മുതലാളിമാർ. ഈ മുതലാളിത്തദുഷ്പ്രഭുത്വം നശിക്കണം. ഞങ്ങൾ നശിപ്പിക്കും. (ഇങ്കുലാബ്, സിന്ദാബാദ്.)

"പാവപ്പെട്ട തൊഴിലാളിക്കും വായും വയറുമുണ്ട്. അവനും മനുഷ്യനാണ്. അവനും മനുഷ്യനെപ്പോലെ ജീവിക്കണം. സഖാക്കളേ! നാട്ടുകാരേ! നമ്മുടെ അത്യദ്ധ്വാനത്തിൻറെ ഫലമാണ്—വിലയാണ് — ഈ ഫാക്ടറിക്കു കിട്ടുന്ന ആദായം. അവ ഫാക്ടറിയുടെയോ, മുതലാളിയുടെയോ വകയല്ല. നമ്മുടെ അദ്ധ്വാനഫലമാണ്. അതിനവകാശികൾ നമ്മളാണ്. അവ നമുക്കു തരാതിരിക്കുന്നിടത്തോളം, തരാമെന്ന് ഉറപ്പുലഭിക്കുവോളം ഒരു പൊതുപണിമുടക്കുതന്നെ നടത്തണമെന്നു നിങ്ങളെ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. അല്ല,—നാം, നമ്മുടെ പ്രയത്നഫലം കൈക്കലാക്കിവച്ചിരിക്കുന്നവരിൽനിന്നും പിടിച്ചുപററണം. അതിനായി സമരംചെയ്യുക. വിജയംവരെ സമരം. വിജയം, അല്ലെങ്കിൽ മരണം!—ഒത്തുനിന്നു പ്രവർത്തിച്ചാൽ വിജയം നമുക്കുള്ളതാണ്. ഫലത്തിനവകാശം പ്രയത്നിക്കുന്നവനാണ്; സൃഷ്ടിക്കുന്നവനാണ് (ഇങ്കുലാബ്-സിന്ദാബാദ്.)"

ഒരു പണിമുടക്കുനിശ്ചയം പാസാക്കാനിടയാകാതെ, തൊഴിലാളിസ്ത്രീയെ അകത്തുകടത്തിവിടാതിരുന്ന വസ്തുതയെ സ്പർശിക്കാതെ, അങ്ങനെ നെടുനെടുങ്കൻ പ്രസംഗങ്ങൾക്കുശേഷം ലഭിച്ച നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു മറെറാരു പ്രസംഗം നടക്കുകയായി. ആദ്യപ്രസംഗങ്ങൾ ശ്രവിച്ചു, എന്നാൽ അകന്നൊഴിഞ്ഞും നിന്ന ആ കൂട്ടത്തിൻനടുവിൽനിന്നും ഉയർന്നശബ്ദം. സകലരുടേയും ശ്രദ്ധയെ അങ്ങോട്ടാകർഷിച്ചു.

"സഖാക്കളേ, എൻറെ ശബ്ദം നിങ്ങൾ ശ്രദ്ധിച്ചുശ്രവിക്കണമെന്നു ഞാനപേക്ഷിക്കുന്നു. അവസാനം ന്യായമെന്നു തോന്നുന്ന ഒരു തീരുമാനത്തിൽ നമുക്കെത്തിച്ചേരാം.

"ഈ പ്രദേശത്ത് ഈ കശുവണ്ടി ഫാക്ടറി സ്ഥാപിച്ചു. ഇതിലേ വ്യവസായം നടത്തുന്നതിനു മൂലധനം മുടക്കി. ഈ വമ്പിച്ച തുകയുണ്ടാക്കുന്നതിൽ നാമാരും ഒരു ചെറുവിരൽപോലും ചലിപ്പിച്ചവരല്ല. തൊഴിലില്ലാതിരുന്ന നമുക്കു തൊഴിലുണ്ടാക്കിത്തന്നിരിക്കുന്ന ഈ പ്രസ്ഥാനം നമുക്കു ദോഷമല്ല, പ്രത്യുത ഗുണമത്രെയുണ്ടാക്കിയിരിക്കുന്നത്. നമുക്കു നമ്മുടെ പ്രയത്നവില—ന്യായമായ വേലക്കൂലി—കിട്ടേണ്ടതു വെറും ന്യായവും തികച്ചും ധാർമ്മികവുമത്രെ. അതാരുടെയും ദാക്ഷിണ്യമല്ല. എന്നാൽ വമ്പിച്ച മുതൽ മുടക്കിയിരിക്കുന്ന ഈ പ്രസ്ഥാനത്തിൻറെ സുസ്ഥിരമായ നിലനില്പ്, നമ്മുടെ അനേകം കുടുംബങ്ങളുടെ പട്ടിണിയെ ദൂരീകരിക്കുന്നതിന് അവശ്യം ആവശ്യമാണെന്നുള്ള പരമാർത്ഥം ആരും വിസ്മരിക്കാവുന്നതല്ല.

"ഒരു പണിമുടക്കുണ്ടാക്കുക എന്നുവന്നാൽ, പണിയുള്ള ഇപ്പോൾത്തന്നെയും പട്ടിണിയായി കഴിയുന്ന നമ്മുടെ അനേകം കുടുംബങ്ങളുടെ സ്ഥിതി! നിങ്ങൾ ആലോചിച്ചു നോക്കുക. ഏതാനും ദിവസം ഫാക്ടറി പൂട്ടിയിടുകയോ, അഥവാ ഫാക്ടറി നശിച്ചിരുന്നാൽത്തന്നെയുമോ, ഫാക്ടറിയുടമസ്ഥന്മാരോ, തൽപ്രവർത്തകരോ, അവരുടെ കുടുംബാംഗങ്ങളോ പട്ടിണിയായിപ്പോകുമെന്നു നിങ്ങൾ കരുതുന്നുണ്ടോ? പട്ടിണിയെക്കാൾ ഭയാനകമായ ഒരവസ്ഥ മറെറന്തുണ്ട്? നമ്മുടെ കുഞ്ഞുങ്ങളെ നാം മനഃപൂർവ്വം പട്ടിണിയാക്കുന്ന ആ നശിച്ച ഏർപ്പാടുകളെപ്പററി നിങ്ങൾ ചിന്തിക്കുമോ?

"സഖാക്കളേ, നിങ്ങളുടെ ശ്രദ്ധ ഞാൻ മറെറാരു വശത്തേക്കു ക്ഷണിച്ചുകൊള്ളട്ടെ! ഒരു മുതലാളി, ആ അവസ്ഥയിലെത്തിച്ചേർന്നതെങ്ങനെ ആയിരിക്കാം? ഇന്നു നാം—തൊഴിലാളികൾ—കൈക്കൊണ്ടിരിക്കുന്ന ജീവിതരീതി നമ്മുടെ സാമ്പത്തികമായ ഉയർച്ചയ്ക്ക് അല്പംപോലും സഹായകമല്ല. ദൈനംദിനം നാം ധൂർത്തുകളിക്കുന്ന കാശിനെപ്പററി ഒന്നു ചിന്തിക്കുക. നമ്മുടെ വരുമാനത്തിൻറെ ഒരല്പപങ്കെങ്കിലും നാം മിച്ചം ഉണ്ടാക്കുന്നുണ്ടോ? നമുക്കു കിട്ടുന്നതിൽ കൂടുതൽ നാം ചെലവുചെയ്യുന്നു. നമ്മുടെ ചെലവുകൾക്ക് ഒരു ക്രമം ഉണ്ടോ? നാം—പുരുഷന്മാർ—ദിവസം എത്ര സിഗരററു പുകച്ചുകളയുന്നു? എത്രയെത്ര ചായ കുടിക്കുന്നു? നമ്മിൽ പലരും ദിവസവും സിനിമ കാണുന്നില്ലേ? കൂടിയേതീരൂ എന്നുള്ളതല്ലാതെ നാം ചെയ്യുന്ന ഓരോ ചെലവുകളും നിയന്ത്രിക്കാതെ നമുക്ക് എത്രതന്നെ കൂലി കൂടുതൽ കിട്ടിയിരുന്നാലും എന്താണു പ്രയോജനം? കൂലി കൂടുതൽ വേണ്ടെന്നല്ല, നാം നമ്മെ നിയന്ത്രിച്ച്, ആവശ്യങ്ങൾ മാത്രം നിർവ്വഹിച്ച്, അല്പമെങ്കിലും മിച്ചം ഉണ്ടാക്കണമെന്നുള്ളതാണ് എൻറെ അഭിപ്രായം. നാം മിച്ചം ഉണ്ടാക്കാതെ ഒരുകാലവും നമ്മുടെ നില ഉയരാൻപോകുന്നില്ല.

"പണിമുടക്ക് ഇന്നു സർവ്വസാധാരണമായിരിക്കുന്നു. പണിമുടക്കു ധാർമ്മികമായി ന്യായമാണോ? രാജ്യത്തെ സമ്പത്തു പൊതുവായി വർദ്ധിപ്പിച്ച് ക്ഷാമത്തെ ഉച്ചാടനംചെയ്യുന്നതിനുപകരം—ഉൽപാദനം വർദ്ധിപ്പിക്കുന്നതിനു പകരം—ക്ഷാമം, പട്ടിണി മുതലായ ദുർദ്ദശകൾ സംഭവിപ്പിക്കയല്ലേ, പണിമുടക്കുമൂലം ചെയ്യുന്നത്? തികച്ചും അവശ്യം ആവശ്യമല്ലാത്ത പണിമുടക്കുകൾ കൊടുംപാതകമത്രെ. പണിമുടക്കുമൂലം നമ്മുടെ നാടിനെ നാം കഷ്ടപ്പാടുകളിലേക്കു വലിച്ചിഴച്ചെറിയുകയത്രെ ചെയ്യുന്നത്. നിങ്ങൾ ചിന്തിക്കുക—നാം വർത്തമാനപ്പത്രങ്ങൾവഴി അനേകം പണിമുടക്കുകളെപ്പററിയും, കൊള്ള, കൊള്ളിവയ്പുകളാദിയായവയെപ്പററിയും അറിയുന്നുണ്ടല്ലോ. ആ നശീകരണപ്രസ്ഥാനങ്ങൾമൂലം ഉണ്ടായിട്ടുള്ള ഫലങ്ങൾ എന്തൊക്കെയാണ്? നമ്മുടെ നാട്ടിൽ കൂടുതൽ ഭക്ഷ്യക്ഷാമവും വസ്ത്രക്ഷാമവും ഉണ്ടാക്കുകയല്ലേ, അവ ചെയ്തിട്ടുള്ളത്! നേരെ മറിച്ച് ആ പണിമുടക്കുകൾ ഉണ്ടാകാതെയിരുന്നെങ്കിൽ! എന്നുകൂടി നിങ്ങൾ ചിന്തിക്കുക! ആവശ്യമെങ്കിൽ പണിമുടക്കു വേണ്ടെന്നല്ല ഞാൻ പറയുന്നത്. ഇന്നാണെങ്കിൽ നമ്മുടെ ഫാക്ടറിയുടെ സ്ഥിതിഗതികൾതന്നെ നിങ്ങൾ ചിന്തിക്കുക? ഇവിടെ ഒരു പണിമുടക്കുണ്ടാക്കുവാൻ ചില തല്പരകക്ഷികൾ കുറേനാളുകളായി ഉഗ്രശ്രമിക്കുന്നു. ഇവിടെ ഇപ്പോൾ ഇതിൻറെ ആവശ്യകത സംജാതമായിട്ടുണ്ടോ? പണിമുടക്ക് എപ്പോൾമാത്രം എടുത്തുപയോഗിക്കേണ്ട ആയുധമാണ്?

"ഒരു തൊഴിലാളി സഹോദരി താമസിച്ചു ജോലിക്കുവന്നു. ഫാക്ടറിനിയമത്താൽത്തന്നെ അവർ കുററക്കാരിയാണ്. അവർക്ക് വ്യക്തിഗതമായി തക്കകാരണം ഉണ്ടായിരിക്കാം അവർ താമസിക്കാൻ. അങ്ങനെയെങ്കിൽ ഇന്ന് അവർ ഫാക്ടറിയിൽ വരേണ്ടതില്ലായിരുന്നു. അവരെ ജോലിക്കു കടത്തിവിടാതെയിരുന്നതു, തൊഴിലാളികളെയും ഫാക്ടറിപ്രവർത്തകരെയും ഒരുപോലെ ബാധിക്കുന്ന നിയമം അനുസരിച്ചാണ്. നിയമം നിലവിലിരിക്കുന്നിടത്തോളം ആ നിയമം അനുസരിക്കാൻ ആർക്കും കടമയുണ്ട്.

"സഖാക്കളേ, എൻറെ സംഭാഷണം ദീർഘിക്കുന്നു. അതെനിക്കറിയാം. അല്പംകൂടി ക്ഷമിക്കുക. നമുക്കു മുതലാളിമാരാകാൻ കഴികയില്ലേ? നമുക്ക് മൂലധനം മുടക്കി നമ്മുടേതായി ഒരു ഫാക്ടറി നടത്താൻ കഴികയില്ലേ? കിട്ടുന്ന പണം മുഴുവൻ ധൂർത്തടിക്കുന്ന ദുഷിച്ചശീലം—ആ പാരമ്പര്യം—നാം പരിത്യജിക്കണം. ഒരു മുതലാളിയും കണ്ണടച്ചു തുറന്നപ്പോൾ മുതലാളിപദം പ്രാപിച്ചിരിക്കയില്ല. ഓരോ പൈസയുടേയും വില ഗൗരവത്തോടുകൂടി ഗ്രഹിച്ചതിൻറെ ഫലമായി ചെലവുകൾ നിയന്ത്രിച്ച് അല്പാല്പമായി പണം വർദ്ധിപ്പിച്ച് വലിയ തുകകൾ ഉണ്ടാക്കിയിട്ടുള്ളവരാണ്, ഇന്നത്തെ ലോകത്തു നാം കാണുന്ന അനേകം മുതലാളന്മാരും. അവരുടെ ജീവചരിത്രം തന്നെ നാം പഠിക്കണം. അവർ എത്രമാത്രം ക്ലേശം അനുഭവിച്ചിട്ടായിരിക്കണം ഈ അവസ്ഥ പ്രാപിച്ചിട്ടുള്ളതെന്നു നാം അറിയണം. എന്തുകൊണ്ട് നമുക്ക് മുതലാളിമാർ ആയിക്കൂടാ എന്നാണ് ഞാൻ ചോദിക്കുന്നത്.

"സഖാക്കളേ, ഞങ്ങളിൽ ചിലർ ഒരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. നിങ്ങൾക്ക് സമ്മതമെങ്കിൽ ഞങ്ങളോടൊത്ത് ആ പദ്ധതിയിൽ സഹകരിക്കുക. നമ്മുടെവകയായി ഒരുഫാക്ടറി നടത്തുവാൻ നമുക്കു കഴിയും. നമ്മുടെപ്രയത്നഫലം മററാരും ചൂഷണംചെയ്യാനിടയാകയില്ല.

"പരസ്പരസഹായസംഘങ്ങളുടെ അടിസ്ഥാനതത്വത്തിൽ ഓഹരികൾമൂലം മൂലധനമുണ്ടാക്കി ഒരു ഫാക്ടറി സ്ഥാപിച്ച് നമുക്കും മുതലാളികളായി, അതേസമയം തൊഴിലാളികളുമായി പ്രവർത്തിക്കാം. തത്സംബന്ധമായ നിയമാവലികളും പദ്ധതികളും ഞങ്ങൾ നിങ്ങളുടെ മുൻപിൽ ഉടനെ ആവിർഭവിപ്പിക്കുന്നതാണ്. ഇപ്പോൾ നമുക്ക് ശാന്തമായി പിരിഞ്ഞുപോകാം."

അങ്ങനെ അന്നത്തെ സമ്മേളനങ്ങൾ പര്യവസാനിച്ചു ഫാക്ടറിയിലെ പ്രവർത്തനം നിർവിഘ്നം നടന്നുകൊണ്ടിരുന്നു. ഒരു പരസ്പരസഹായസംഘം ആ തൊഴിലാളികളുടെയിടയിൽ ആവിർഭവിച്ചു. ആ സംഘത്തിൻറെ ഉടമസ്ഥതയിൽ ഒരു ഫാക്ടറി രൂപമെടുത്തു. ആ ഫാക്ടറി അതിൽ ജോലിചെയ്യുന്ന മഹാഭൂരിപക്ഷത്തിൻറെ വകയാണ്. അതിന് ഒരു ഭരണക്കൂടമുണ്ട്. ആണ്ടുതോറുമുള്ള ആദായം അതിലേ മുതൽമുടക്കുകാർക്ക്, മുടക്കിൻറെ ഏററക്കുറച്ചിൽ അനുസരിച്ച് വീതിക്കാറുണ്ട്. ആ മുതലാളന്മാരധികവും അതിലേ തൊഴിലാളന്മാരാണ്. അവിടെ പണിമുടക്ക് തലപൊക്കാറില്ല. അതിലെ അംഗങ്ങൾ അനുദിനം ഐശ്വര്യത്തിലും സമാധാനത്തിലും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു.




"നാം, പുരുഷന്മാർ ദിവസം എത്ര സിഗാററുകൾ പുകച്ചുകളയുന്നു.....
നമ്മിൽ പലരും ദിവസവും സിനിമ കാണുന്നില്ലേ?"